വോള്യം -7 ലക്കം -126 മേയ് 2024 മലയാളം - ഇംഗ്ലീഷ്

# ഫിലിം വിഷൻ

DIGITAL MAGAZINE PUBLISHED BY FILCA FILM SOCIETY

Website : www.filca.in E-mail: filcakerala@gmail.com

FILCA FILM SOCIETY IN ASSOCIATION WITH JOINT COUNCIL- NANMA CULTURAL FORUM, KSFDC , LOTTERY DEPT., CHALACHITHRA AKADEMY, , BSS CHALACHITHRA MANDALAM, BEAM FILM SOCIETY ,SOORYA FILM SOCIETY, CHALACHITHRA FILM SOCIETY ,THALASTHANA POURA SAMITHI.......



കേരള സർക്കാർ

## ഒന്നാം സമ്മാനം

# ₹ 12 കോടി

COMMON TO ALL SERIES

ടിക്കറ്റ് വില ₹ 300

| രണ്ടാം സമ്മാനം | മൂന്നാം സമ്മാനം | നാലാം സമ്മാനം |
|---|---|---|
| ₹1 കോടി<br>വീതം 6 പരമ്പരകൾക്ക് | ₹10 ലക്ഷം<br>വീതം 6 പരമ്പരകൾക്ക് | ₹5 ലക്ഷം<br>വീതം 6 പരമ്പരകൾക്ക് |

# വിഷു ബമ്പർ 2024

കൂടാതെ 5000, 2000, 1000, 500, 300
രൂപയുടെ നിരവധി സമ്മാനങ്ങൾ

നറുക്കെടുപ്പ്
29/05/2024, 2PM

കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പ്
www.statelottery.kerala.gov.in

കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം

വോള്യം -7 ലക്കം -126 മേയ് 2024 മലയാളം - ഇംഗ്ലീഷ്

ഫിലിം വിഷൻ

Theo Angelo Poulose Film Festival

PUBLISHED BY FILCA FILM SOCIETY

KSFDC

കേരള ഭാഗ്യക്കുറി

Film Vision
DigitalFilm Magazine

MAY 2024

Website:www.filca.in
Email:filcakerala@gmail.com

WHATS INSIDE

# INDEX


1 . (വാർത്ത) ഫിൽക്കയുടെ ഏപ്രിൽ ഫിലിം ഫെസ്റ്റിവൽ – ഭാരത് സേവക് സമാജ്, സായി ഗ്രാം– സാം ആന്റണി (ഫിൽക്ക) 11



2 . (പ്രതികരണം) സ്റ്റുഡന്റ്സ് ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ – ജോൺ തോമസ് 19



3. തിയോ ആഞ്ചലോപൗലോ ; ഗ്രീക്ക് ഫിലിം മാസ്റ്റർ – ഡോ. ബി. രാധാകൃഷ്ണൻ (പ്രസിഡന്റ്, ഫിൽക്ക ഫിലിം സൊസൈറ്റി) 26



4. തിയോ ആഞ്ചലോപൗലോയുടെ സിനിമകൾ – അർപ്പണ (വൈസ് പ്രസിഡന്റ്, ഫിൽക്ക) 28



5. ഇന്നും സ്വാധീനിക്കുന്ന ഗ്രീക്ക് പൈതൃകം – അഡ്വ. ബിന്ദു. ആർ 32



6. ഗ്രീസിന്റെ രാഷ്ട്രീയ ചരിത്രം ഒറ്റനോട്ടത്തിൽ – ജയചന്ദ്രൻ കല്ലിങ്കൽ ( ജനറൽ സെക്രട്ടറി, ജോയിന്റ് കൗൺസിൽ) 34



7. ഗ്രീക്ക് സിനിമയുടെ വൈവിധ്യം – ഡോ. പി. അജികുമാർ 37



8. തിയോ ആഞ്ചലോപൗലോയുടെ ചലച്ചിത്ര രചനാരീതിശാസ്ത്രം – സുരേഷ് കുമാർ. സി (ബീം ഫിലിം സൊസൈറ്റി) 40



9. നിശ്ശബ്ദതയുടെ ചലച്ചിത്ര ത്രയം – വിനോദ്കുമാർ. പി. (ഫിൽക്ക) 41



10 . ബീ കീപ്പർ ആദ്യമായി കാണുമ്പോൾ... – ഇ. ജെ. ജോസഫ് (ദർശന ഫിലിം സൊസൈറ്റി, കട്ടപ്പന) 46



11. ദി ബീ കീപ്പർ – ഷീബ. എസ്. ജെയിംസ് ( ഫിൽക്ക ) 47



12. കണ്ണിന്റെ കാവ്യശാസ്ത്രം ; ഗ്രീക്ക് സിനിമാ ഇതിഹാസങ്ങൾ – സാബു ശങ്കർ, (ജനറൽ സെക്രട്ടറി, ഫിൽക്ക ) 51



THEO ANGELO POULOSE



# Theo Angelo Poulose Film Festival

PROGRAM INAUGURATION:

JOINT COUNCIL A/C HALL,
NEAR PRESS CLUB,
TRIVANDRUM


10 AM,26 SUNDAY MAY 2024

## രാഷ്ട്രീയ നിശ്ശബ്ദതയുടെ ഗ്രീക്ക്സിനിമ ഇതിഹാസങ്ങൾ



**Inauguration:**

**PANNIYAN RAVEENDRAN, EX.M.P.**




Welcome:

**DR. B. RADHAKRISHNAN**
(President, Filca film society)



Presides over :

**JAYACHANDRAN KALLINKAL**
(General Secretary, Joint Council)




Honouring:

**A.MEERA SAHIB**
(Film society activist since 1967 ,
Director board member of Chithralekha film cooperative,
Associate director to Adoor Gopalakrishnan, Film writer,
Film Festival official, Promoter of other film societies,
Kerala Regional Council Member of FFSI...)




Introduction to the unique features and aesthetic dimensions of Greek Films of World Film Master , Theo Angelo Poulose by :

**SABU SANKAR**
(Novelist, Film Author, Sr. Journalist & Documentary Director)




Felicitation by :

**M.C. GANGADHARAN**
(President, Nanma Cultural Forum)



Gratitude:

**ARPANAA**
(Actress and Vice President, Filca)



# Theo Angelo Poulose Film Festival

FILCA

26 SUNDAY MAY 2024

കേരള ഭാഗ്യക്കുറി

KSFDC

filca


Joint Council A/C Hall,
Near Press Club,
Trivandrum

## SCREENING SCHEDULE

### രാഷ്ട്രീയ നിശ്ശബ്ദതയുടെ ഗ്രീക്ക്സിനിമ ഇതിഹാസങ്ങൾ

10 AM. Welcome function


**10.30 AM**




10:30 AM - 2:20 PM
**The Traveling Players**
Greece /1975 / 230 Min.

LUNCH BREAK


**3.20 PM**




03:20 PM - 6:10 PM
**The Weeping Meadow**
Greece/ 2004/170 Min.

TEA BREAK

**6.40 PM**




06:40 PM - 08:57 PM
**Eternity and a day**
Greece / 1998 / 137 Mins


FILCA film society,
Trivandrum
filcakerala@gmail.com
PH: 80890 36090,
80750 17952
98473 08020

# എ.മീര സാഹിബിന് ഫിൽക്കയുടെ സ്നേഹ പുരസ്കാരം



എ. മീര സാഹിബ്

1. ചിത്രലേഖ ഫിലിം സൊസൈറ്റി അംഗം (1967 ).
2. ചിത്രലേഖ ഫിലിം സൊസൈറ്റി എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം .
3 . ചിത്രലേഖ ഫിലിം കോഓപ്പറേറ്റീവ് - ഡയറക്റ്റർ ബോർഡ് അംഗം .
4 . ചലച്ചിത്ര നിരൂപകൻ - സിനിരമ , നാന , മൂവിരമ (മലയാളനാട് ), ചിത്രകാർത്തിക , പശ്ചിമ താരക തുടങ്ങിയ പ്രസിദ്ധീകരണങ്ങൾ .
5 . ഡയറക്ടർ , കേരള സംസ്ഥാന ഫിലിം ഡെവലപ്മെൻറ് കോർപ്പറേഷൻ .
6 . മൂന്നാമത് അന്തർദേശീയ ചലച്ചിത്രോത്സവം - ഐ. എഫ്. എഫ്. കെ ചീഫ് കോ ഓർഡിനേറ്റർ .
7 . എഡിറ്റർ , 3 -മത് ഐ. എഫ്. എഫ്. കെ ഫെസ്റ്റിവൽ പ്രസിദ്ധീകരണങ്ങൾ .
8. എക്സിക്യൂട്ടീവ് ബോർഡ് മെമ്പർ , കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി .
9. 4 - മത് ഐ. എഫ്. എഫ്. കെ ( അക്കാദമി നടത്തിയ ആദ്യത്തെ ഫെസ്റ്റിവൽ - കൊച്ചി ) ഫെസ്റ്റിവൽ ഡയറക്ടർ.
10. 6 -മത് ഐ . എഫ്. എഫ് . കെ ( തിരുവനന്തപുരം ) ഫെസ്റ്റിവൽ ഡയറക്ടർ .
11. 1976 മുതൽ ഐ.എഫ്.എഫ്.ഐ യുടെ മീഡിയ അക്രെഡിറ്റേഷൻ ഉള്ള പ്രതിനിധി. ഇന്ത്യൻ സിനിമ യെന്ന ഐ . എഫ്. എഫ്.ഐ ഫെസ്റ്റിവൽ പ്രസിദ്ധീകരണത്തിൽ ലേഖനം - ' സെക്സ് ആൻഡ് സെൻസിബിലിറ്റി ' .
12. കൊടിയേറ്റം മുതലുള്ള അടൂർ ചിത്രങ്ങളിലെ ചീഫ് അസ്സോസിയേറ്റ് .
13. ഫുക്കുവോക്ക ( ജപ്പാൻ ), ഡാളസ് ( യു.എസ്.എ) അന്തർദേശീയ ചലച്ചിത്രോത്സവങ്ങളിൽ പ്രതിനിധി .
14. പത്തനംതിട്ട നയന ഫിലിം സൊസൈറ്റിയുടെ സഹ സ്ഥാപകൻ .
15. ഇപ്പോൾ വർക്കല കലാകേന്ദ്രം ഫിലിം സൊസൈറ്റിയുടെ ട്രഷറർ, എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം . അടൂർ ഗോപാലകൃഷ്ണൻ പ്രസിഡന്റും സൂര്യ കൃഷ്ണമൂർത്തി വൈസ് പ്രസിഡന്റും .
16. സൂര്യയുടെ തുടക്കകാലം മുതലുള്ള അംഗം .
17 .തൃശ്ശൂർ ജന സംസ്കാര ചലച്ചിത്ര കേന്ദ്രം (ഫിലിം സൊസൈറ്റിയിൽ ) അംഗം . ഫിൽക്കയുടെ തുടക്കകാലത്തെ അംഗം . ചലച്ചിത്രയിൽ അംഗത്വം .
18. ചലച്ചിത്ര സംബന്ധമായ ഫെസ്റ്റിവൽ ബുക്കുകളുടെയും ഡെയിലി ബുള്ളറ്റിനുകളുടെയും എഡിറ്റർ . ഐസൻസ്റ്റീൻ , മങ്കട രവിവർമ്മ തുടങ്ങിയ ബുക്കുകളുടെ രചയിതാവ് . നിരവധി മറ്റ് ബുക്കുകളുടെ എഡിറ്റർ, സഹ രചയിതാവ്.
19. ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ഡയറക്റ്ററായി വിരമിച്ചു .
20. ഇപ്പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മോണിറ്ററിങ് ഇക്കണോമിക് ഗ്രോത്ത് ഡയറക്റ്റർ ജനറൽ .
21. കേന്ദ്ര സർക്കാരിന്റെ ഉൾപ്പടെ നിരവധി വിദഗ്ധ സമിതികളിൽ അധ്യക്ഷനും അംഗവും

# THERE ARE FILMS

IN FROM



Golden Sparrow International Film Festival

ONE LEAF INTERNATIONAL FILM FESTIVAL

International Film Festival of India

NFA NATIONAL FILM AWARDS

IFFK INTERNATIONAL FILM FESTIVAL OF KERALA

KERALA STATE FILM AWARDS

Virgin Spring Cinefest

URUVATTI INTERNATIONAL FILM FESTIVAL

CYBER FILM FESTIVAL

MTIFF

iiiff

DURGAPUR INTERNATIONAL FILM FESTIVAL

Madrid International Film Festival

Eurasia International Monthly Film Festival

Sacramento International Film Festival

Bellilah

Durban International Film Festival

Kalakari

## & Curated by the Creators of Cultural contents and more...

Owned by

Department of Cultural Affairs
Government of Kerala

CSPACE

Developed and managed by

Kerala State
Film Development Corporation

**WORLD'S FIRST GOVERNMENT OPERATED OTT PLATFORM**

GET IT ON Google Play

Download on the App Store




കേരള സർക്കാർ
kerala
God's Own Country
പറന്നിറങ്ങാം
കാണാകാഴ്ചകളിലേക്ക്
കണ്ടതിലും കൂടുതലാണ് കാണാനുള്ളത്
സാഹസിക ടൂറിസത്തിന്റെ അത്ഭുത
കാഴ്ചകളൊരുക്കി കേരളം.
maitri.com


www.ksfe.com
കെ എസ് എഫ് ഇ
ഗോൾഡ് ലോൺ
ഇനി ആവശ്യങ്ങൾക്ക്
അവധികൊടുക്കേണ്ടതില്ല...
കുറഞ്ഞ പലിശ | കൂടുതൽ തുക | എത്രയും പെട്ടെന്ന്
KSFE
(ഒരു കേരള സർക്കാർ സ്ഥാപനം)
ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
കോർപ്പറേറ്റ് ഓഫീസ്: 'ഭദ്രത' മ്യൂസിയം റോഡ്, പി.ബി. നമ്പർ: 510, തൃശ്ശൂർ 20.
Ph: 0487-2332255. Toll Free Helpline: 18004253455, mail: mail@ksfe.com

# ആന്ദ്രേ താർകോവ്സ്കി

# സ്റ്റോക്കർ

## വിശ്വവിഖ്യാത ചലച്ചിത്ര ശിൽപത്തിന്റെ തിരക്കഥാ പുനരാവിഷ്കാരം മലയാളത്തിൽ !




മെയ് 26 ഞായറാഴ്ച
തിയോ ആഞ്ചലോപൗലോസ് ഫിലിം
ഫെസ്റ്റിവൽ നടക്കുന്ന ജോയിന്റ് കൗൺസിൽ
ഓഡിറ്റോറിയത്തിൽ സ്റ്റോക്കർ പുസ്തകം
(മുഖവില 200 രൂപ) 150 രൂപയ്ക്ക്
ലഭിക്കുന്നതാണ്.
**GPay** സൗകര്യം ഉണ്ടായിരിക്കും.

Vinod Kumar

UPI ID: vinku72@oksbi

Scan to pay with any UPI app

ഫിലിം വിഷൻ

Theo Angelo Poulose Film Festival
PUBLISHED BY FILCA FILM SOCIETY

KSFDC


കേരള ഭാഗ്യക്കുറി

വാർത്ത

# ഫിൽക്കയുടെ ഏപ്രിൽ ഫിലിം ഫെസ്റ്റിവൽ ബി.എസ്.എസ് - സായി ഗ്രാം



സാം ആന്റണി
(ഫിൽക്ക)



ബി.എസ്. ബാലചന്ദ്രൻ
ബി.എസ്.എസ് നാഷണൽ ചെയർമാൻ

ഫിൽക്ക ഫിലിം സൊസൈറ്റിയുടെ നേതൃത്വത്തിൽ ഏപ്രിൽ 29, 30 തീയതികളിൽ നടത്തിയ ഇൻറർനാഷണൽ സ്റ്റുഡൻസ് ഫിലിം ഫെസ്റ്റിവലിൻറെ ഉദ്ഘാടനം ബി.എസ്. എസ് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ ബി.എസ്.എസ് നാഷണൽ ചെയർമാൻ ബി.എസ്. ബാലചന്ദ്രൻ നിർവഹിച്ചു. ചടങ്ങിൽ നോവലിസ്റ്റും പത്രപ്രവർത്തകനുമായ സാബു ശങ്കർ, ഫിൽക്ക പ്രസിഡണ്ട് ഡോ. ബി രാധാകൃഷ്ണൻ, ബി.എസ്. എസ് ഡയറക്ടർ ജനറൽ ശ്രീമതി ജയ ശ്രീകുമാർ തുടങ്ങിയവർ പ്രസംഗിച്ചു.

വിദ്യാർത്ഥികൾക്കായുള്ള പത്തു വിഖ്യാത ചലച്ചിത്രങ്ങളാണ് ഏപ്രിൽ 29, 30 തീയതികളിലായി പ്രദർശിപ്പിച്ചത്. ബി . എസ് . എസ് . ചലച്ചിത്ര മണ്ഡലം , കെ.എസ്.എഫ്.ഡി.സി, ബീം ഫിലിം സൊസൈറ്റി, കേരള ലോട്ടറി ഡിപ്പാർട്ട്മെൻറ്, തലസ്ഥാന പൗരസമിതി എന്നിവയുടെ സഹകരണത്തോടെ ആയിരുന്നു ഫെസ്റ്റിവൽ.

ചടങ്ങ് ഉദ്ഘാടനം ചെയ്തു സംസാരിച്ച ബി.എസ്.എസ് നാഷണൽ ചെയർമാൻ ബി.എസ്. ബാലചന്ദ്രൻ വിദ്യാർത്ഥികളുടെ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിനുള്ള വേദിയൊരുക്കാൻ സാധിച്ചതിൽ തങ്ങൾക്കുള്ള സന്തോഷം അറിയിച്ചു.

പുതിയ തലമുറയിലെ കുട്ടികൾ എന്ന നിലയിൽ ബി.എസ്.എസ് എന്ന പ്രസ്ഥാനം എന്താണെന്ന് അറിയുന്നത് നല്ലതാണ്. ഇന്ത്യൻ സ്വാതന്ത്ര്യ സമരം നടക്കുന്ന കാലഘട്ടത്തിൽ ഗോപാലകൃഷ്ണ ഗോഖലെ 1905ൽ രൂപംകൊടുത്ത പ്രസ്ഥാനമാണ് സർവെൻസ് ഓഫ് ഇന്ത്യ എന്ന സൊസൈറ്റി. സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുവാൻ ബഹുജന പങ്കാളിത്തത്തോടു കൂടിയുള്ള ഒരു പ്രസ്ഥാനം വേണമെന്ന ദേശീയ നേതാക്കളുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, പാർലമെന്റിൻറെ സമ്പൂർണ്ണ അംഗീകാരത്തോടു കൂടി 1952ൽ സർവെൻസ് ഓഫ് ഇന്ത്യ സൊസൈറ്റി പുനർനാമകരണം ചെയ്ത് രൂപപ്പെടുത്തിയ പ്രസ്ഥാനമാണ് ബി.എസ്.എസ് അഥവാ ഭാരത് സേവക് സമാജ്. അതുകൊണ്ടു തന്നെ ബി.എസ്.എസ് എന്ന ഈ പ്രസ്ഥാനത്തിൻറെ ആത്മാവിന് 117 വർഷത്തെ പ്രവർത്തന പശ്ചാത്തലം ഉണ്ട്.

കേരളത്തിൽ ഫിലിം സൊസൈറ്റികളുടെ പ്രവർത്തനം വളരെക്കാലം മുൻപ് തുടങ്ങിയതാണ്. ചലച്ചിത്രങ്ങളുടെ കാര്യമെടുത്തു നോക്കിയാൽ വീടുകളിലെ ടിവികളിലും നമ്മുടെ മൊബൈലുകളിലുമൊക്കെ സിനിമകൾ



ഡോ. ബി രാധാകൃഷ്ണൻ
ഫിൽക്കാ പ്രസിഡണ്ട്

കാണുന്ന ഒരു കാലഘട്ടമാണ് ഇത്. സിനിമ നിർമ്മാണത്തിന്റെ കാര്യത്തിലാകട്ടെ പണ്ടത്തെ അപേക്ഷിച്ച് വളരെ വ്യത്യസ്തമായ ഒരു സാഹചര്യമാണ് ഇന്നുള്ളത്. മൊബൈൽ ഉപയോഗിച്ച് സിനിമകൾ നിർമ്മിക്കുന്ന കാലഘട്ടത്തിൽ എത്തി നിൽക്കുകയാണ് നാം. നിങ്ങളുടെ അറിവിലേക്കായി ഒരു കാര്യം പറയാം. മൃണാൾ സെൻ എന്ന വിശ്വവിഖ്യാതനായ സംവിധായകൻ റോഡുകളിൽ നടക്കുന്ന ജാഥകളും കലാപങ്ങളും ഷൂട്ട് ചെയ്തു വയ്ക്കുക എന്നത് ഒരു ഹോബി ആയിരുന്നു. കാലക്രമേണ അത് അദ്ദേഹത്തിന്റെ ഒരു വിഷ്വൽ ബാങ്ക് പോലെയായി തീർന്നു. സിനിമ നിർമ്മിക്കുന്ന കാലഘട്ടങ്ങളിൽ അദ്ദേഹം ഈ വിഷ്വലുകൾ ആ സിനിമകളിൽ ഉപയോഗിച്ചു. വിദ്യാർഥി സമരങ്ങളുടെ ജാഥകളുടെ വിഷ്വലുകൾ ഉപയോഗിച്ചപ്പോൾ എന്താണ് സംഭവിച്ചത് എന്നു വെച്ചാൽ ആ വിഷ്വലുകളിൽ ഉണ്ടായിരുന്ന കുട്ടികൾ ആ സിനിമകൾ കാണുവാനുള്ള പ്രത്യേക താല്പര്യം എടുത്തു എന്നുള്ളതാണ്. യഥാർത്ഥ സംഭവങ്ങളുടെ വിഷ്വലുകൾ സിനിമകളിൽ ഉപയോഗിക്കുമ്പോൾ അത്തരം ആ രംഗങ്ങളിൽ പ്രത്യക്ഷപ്പെട്ടവർക്ക് തങ്ങളെ അഭ്രപാളികളിൽ കാണാനുള്ള ആഗ്രഹം ഉണ്ടാവുക വളരെ സ്വാഭാവികമാണ്.

ഏതൊരു കാഴ്ച കാണുമ്പോഴും നമ്മുടെ ഉള്ളിൽ ഒക്കെ അവയുടെ എല്ലാം ഫ്രെയിമുകൾ പതിയുകയും നമ്മുടെ ഓർമ്മകളായി നിലനിൽക്കുകയും ചെയ്യുന്നു എന്ന് നമുക്കറിയാം. ഇത്തരം കാഴ്ചകളുടെ ഒരു സഞ്ചയമാണ് സിനിമ. ആത്യന്തമായി ഒരു സംവിധായകന്റെ കലയാണ് സിനിമയെങ്കിലും, ആദ്യകാല സിനിമാപ്രേക്ഷകരുടെ മനസ്സിൽ നടീ നടൻമാർ ആയിരുന്നു. എന്നാൽ സിനിമയുടെ സംവിധായകനാണ് ഏറ്റവും പ്രാധാന്യമുള്ള വ്യക്തി എന്ന തിരിച്ചറിവുണ്ടായത് കഴിഞ്ഞ മുപ്പതു നാൽപ്പത് വർഷങ്ങൾക്കിടയിൽ മാത്രമാണ്. സംവിധായകർക്കുള്ള ഈ പ്രാധാന്യം നേടിയെടുക്കുന്നതിൽ പ്രധാന പങ്കു വഹിച്ച വ്യക്തിയാണ് അടൂർ ഗോപാലകൃഷ്ണൻ.

അതിപ്രശസ്തരായ സംവിധായകർ ഉണ്ടായിരുന്ന രാജ്യമാണ് നമ്മുടേത്. ഋത്വിക് ഘട്ടക്കായാലും സത്യജിത്ത് റായി ആയാലും മൃണാൾ സെൻ



സാബു ശങ്കർ
(ഫിൽക്ക)

ആയാലും, മലയാളത്തിൽ അരവിന്ദൻ ആയാലും അടൂർ ഗോപാലകൃഷ്ണൻ ആയാലും ജോൺ എബ്രഹാം ആയാലും. ഇങ്ങനെ നിരവധി മറക്കാനാകാത്ത സംവിധായകർ നമുക്കുണ്ട്. ചിത്രലേഖ എന്ന ഫിലിം സൊസൈറ്റിയിൽ പ്രവർത്തിക്കുന്ന കാലത്താണ് സ്വയംവരം എന്ന തന്റെ ആദ്യ ചലചിത്രം അടൂർ ഗോപാലകൃഷ്ണൻ സംവിധാനം ചെയ്യുന്നത്. അതുവരെ


ബി.എസ്. ബാലചന്ദ്രൻ

കണ്ടിട്ടുള്ള സിനിമകളുടെ നിർമ്മാണ രീതിയിൽ നിന്ന് വ്യത്യസ്തമായിരുന്നു സ്വയംവരം എന്ന ചലച്ചിത്രത്തിന്റേത്. അമ്പത് വർഷം മുൻ പ് കണ്ട സിനിമയായിട്ടു പോലും അതിന്റെ ഓരോ ഫ്രെയിമും ഇന്നും മനസ്സിൽ നിറഞ്ഞു ന ിൽക്കുന്നു. അതുപോലെ തന്നെ എം.ടി. വാസുദേവൻ നായരുടെ നിർമ്മാല്യത്തിന്റെറ ഫ്രെയിമുകളും മനസ്സിൽ ഇപ്പോഴും തെളിഞ്ഞു നിൽക്കുന്നുണ്ട്. വർഷങ്ങൾ എത്ര കഴിഞ്ഞാലും നമ്മുടെ മനസ്സിൽ നിറഞ്ഞുനിൽക്കുന്ന തരത്തിൽ ആ ഫ്രെയിമുകൾ ആവിഷ്കരിക്കപ്പെട്ടതു കൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്. ഇപ്പോൾ ഇറങ്ങുന്ന സിനിമകളിൽ മിക്കവാറും എല്ലാം തന്നെ കണ്ട് ഒന്നോ രണ്ടോ ദിവസത്തിനുള്ളിൽ തന്നെ മനസ്സിൽനിന്ന് മാഞ്ഞു പോകുന്നു. ഇന്നലെ കണ്ട സിനിമ ഏതാണെന്ന് ഇന്ന് ഓർമ്മ വരാത്ത അവസ്ഥയുണ്ട്. മിക്ക സിനിമകളും മനസ്സിൽ പതിയുകയോ അതിനെ സ്വാധീനി ക്കുകയോ ചെയ്യുന്നില്ല.ഒരു ദീർഘദൂര യാത്ര യ്ക്കിടയിൽ കാണുന്ന വഴിയോരക്കാഴ്ചകൾ പോലെ അവ മനസ്സിൽനിന്ന് മാഞ്ഞു പോകുന്നു. നമ്മുടെ മനസ്സിൽ തങ്ങി നിൽക്കത്തക്കവണ്ണമല്ല അവയൊന്നും ആവിഷ്കരിക്കപ്പെട്ടിട്ടുള്ളത് എന്നതാണ് ഇതിനു കാരണം. ഇവിടെയാണ് ആവിഷ്കാരത്തിൻറെ പ്രാധാന്യം നമ്മൾ തിരിച്ചറിയേണ്ടത്.

ആസ്വാദന നിലവാരത്തെക്കുറിച്ച് പറയുമ്പോൾ, സമൂഹത്തിന്റെ ചിന്തകളെയും ആവശ്യകത കളെയും ആഗ്രഹങ്ങളെയും മാറ്റങ്ങളെയും ഉൾക്കൊണ്ട് കൃത്യവും ശക്തവുമായ തരത്തിൽ ആവിഷ്കരിക്കാൻ കെൽപ്പുള്ള മാധ്യമമാണ് സിനിമ. നമുക്ക് പറയാനുള്ള ആശയങ്ങളെല്ലാം കൃത്യമായി പറയാൻ പറ്റുന്നു.

ലോകത്തിലെ ഏറ്റവും വലിയ വ്യവസായങ്ങളിൽ


അർപ്പണ (ഫിൽക്ക)

ഒന്നാണ് സിനിമ വ്യവസായം. ഏറ്റവും കൂടുതൽ പണം മുടക്കപ്പെടുകയും എത്രയോ ഇരട്ടി പ്രതിഫലം ആയി തിരിച്ചെടുക്കുകയും ചെയ്യുന്ന വൻ വ്യവസായമാണ് സിനിമ എന്ന വ്യവസായം. അനേകം അവസരങ്ങളാണ് ഈ വ്യവസായത്തിലൂടെ തുറക്കപ്പെടുന്നത് എന്നുള്ളതു കൊണ്ടു തന്നെ സിനിമാ ഇൻഡസ്ട്രിയിലേക്ക് പുതുതലമുറയിൽ പെട്ടവർ ശ്രദ്ധാപൂർവ്വം കടന്നു വരുന്നത് വളരെ ഉചിത മായിരിക്കും.

പണ്ടുകാലത്ത് ഒക്കെ റിലീസ് ചെയ്യപ്പെടുന്ന സിനിമകൾ തിയേറ്ററിൽ നിന്ന് കഴിഞ്ഞാൽ അവ മറവിയിലേക്ക് മറക്കുകയാണ് ചെയ്യുന്നത്. എന്നാൽ ഇന്ന് തിയേറ്റർ കൂടാതെ യൂട്യൂബ് പ്ലാറ്റ്ഫോമുകൾ തുടങ്ങി അനേകം തട്ടകങ്ങൾ തു റന്നു കിടക്കുകയാണ്. പണ്ടൊക്കെ സുന്ദരന്മാരും സുന്ദരികളുമാണ് സിനിമകളിൽ അഭിന യിച്ചിരുന്നത്. എന്നാൽ ഇന്ന് സൗന്ദര്യം ഒരു പ്ര ധാനഘടകമോ, തടസ്സമോ അല്ല. ശ്രദ്ധിച്ചു

നോക്കിയാൽ ഓരോ വ്യക്തിക്കും അവരുടെതായ സൗന്ദര്യമുണ്ടെന്ന് നമുക്ക് ഫ്രെയിമുകൾ കണ്ടാൽ തിരിച്ചറിയാം. ഓരോ സൃഷ്ടിയും എത്ര മനോഹരവും യുണീക്കും ആണെന്നുള്ളത് നമുക്ക് തിരിച്ചറിയാൻ പറ്റും. കാഴ്ചയുടെ രീതിയിലുള്ള വ്യത്യാസമാണ് ഈ പുതുബോധം നമ്മെ പഠിപ്പിക്കുന്നത്.

നാം റോഡിലൂടെ യാത്ര ചെയ്യുമ്പോൾ ചുറ്റുമുള്ള മനുഷ്യരെയും ജീവജാലങ്ങളെയും പ്രകൃതിയെയും ഒക്കെ നിരീക്ഷിച്ചാൽ അവ ഓരോന്നും എന്തുമാത്രം പ്രത്യേകതകൾ ഉള്ളവയാണെന്നും എത്രമാത്രം മനോഹരങ്ങളാണെന്നും മനസ്സിലാക്കാൻ നമുക്ക് സാധിക്കും. ഒരു പ്രത്യേക അനുഭവമാണ് നമുക്കത് സമ്മാനിക്കുന്നത്. കാഴ്ചപ്പാടിലുള്ള ഈ വ്യത്യാസം ആസ്വാദന ബോധത്തിൽ നമ്മെ കാര്യമായ സ്വാധീനിക്കും എന്ന കാര്യത്തിൽ സംശയമില്ല. ഇത് നമ്മെ കൂടുതൽ വ്യക്തമായി കാണുവാനും ആഴത്തിൽ ഉൾക്കൊള്ളുവാനും പുതുമയോടെ ആവിഷ്കരിക്കുവാനും സഹായിക്കും.

പുതുതലമുറയ്ക്ക് കരുത്തും കഴിവും പകരാനുള്ള പ്രാഥമിക കാര്യങ്ങൾ ചെയ്യുന്ന ഫിൽക്ക ഫിലിം സൊസൈറ്റിക്കുള്ള എല്ലാവിധ പിന്തുണയും ബി.എസ്.എസ്സിന്റെ ഭാഗത്തുനിന്നും ഉണ്ടായിരിക്കുമെന്നും വാഗ്ദാനം ചെയ്യുന്നു.

സാമൂഹിക പ്രതിബദ്ധതയോടു കൂടിയുള്ള സിനിമകൾ സൃഷ്ടിക്കപ്പെടുവാൻ ഇത്തരം ഫിലിം ഫെസ്റ്റിവലുകൾ കാരണമാകട്ടെ. കൂടുതൽ നന്നായി ഇത്തരം ഫിലിം ഫെസ്റ്റിവൽ നടത്താനുള്ള സാഹചര്യം ഒരുക്കുവാൻ ബി.എസ്.എസ് തയ്യാറാണ് എന്നുകൂടി അറിയിച്ചു കൊണ്ട് ഈ ഫിലിം ഫെസ്റ്റിവൽ ഉത്ഘാടനം ചെയ്തതായി പ്രഖ്യാപിക്കുന്നു.
സദസ്സിനെ അഭിസംബോധന ചെയ്ത് സംസാരിച്ച സാബു ശങ്കർ ഫിൽക ഫിലിം സൊസൈറ്റി വർഷങ്ങളായി നടത്തിവരുന്ന ക്ലാസിക് ഫിലിം ഫെസ്റ്റിവലുകളെ പറ്റി സംസാരിച്ചു. തികച്ചും സൗജന്യമായി വിതരണം ചെയ്യപ്പെടുന്ന ഫിൽക്കയുടെ ഓൺലൈൻ മാഗസീനായ ഫിലിംവിഷനിൽ ചലച്ചിത്രകാരന്മാർ, കലാകാരന്മാർ, സാങ്കേതിക വിദഗ്ധർ എന്നിവരെ കുറിച്ചും വിവിധ കാലഘട്ടങ്ങളിലുള്ള സിനിമാ നിർമ്മാണ രീതികൾ, വിവിധ ജോണറുകൾ എന്നിവയെ കുറിച്ചുമുള്ള ലേഖനങ്ങളും വിവരങ്ങളും വിശദമായിത്തന്നെ പ്രസിദ്ധീകരിച്ച് വരുന്നുണ്ട്. ഫിലിംവിഷന്റെ ഡിജിറ്റൽ മാസികകൾ എല്ലാം തന്നെ ഫിൽക്കയുടെ വെബ്സൈറ്റിൽ ലഭ്യമാണ്.

ഇന്നിവിടെ നടക്കാൻ പോകുന്നത് അന്താരാഷ്ട്ര സ്റ്റുഡൻസ് ചലച്ചിത്രോത്സവമാണ്. ക്ലാസിക്ക് സിനിമകൾ കാണുക വഴി കുട്ടികൾക്കുണ്ടാകുന്ന മാനസികോല്ലാസവും ഭാവനാശേഷീവികാസവും സൃഷ്ടിപരമായ കഴിവുകളുടെ വികാസവും ലക്ഷ്യമിട്ടുകൊണ്ടാണ് വിദ്യാർഥികളുടെ ചലച്ചിത്രോത്സവം എന്ന ആശയം തന്നെ മുന്നോട്ടു വച്ചത്.

ചലച്ചിത്രോത്സങ്ങളെക്കുറിച്ച് ആലോചിക്കുമ്പോൾ ഓർമ്മ വരുന്നത് കുട്ടിക്കാലത്തെക്കുറിച്ചാണ്. അന്നൊക്കെ സിനിമകളേക്കാൾ കൂടുതൽ ആസ്വദിച്ചിരുന്നത് കാർട്ടൂൺ കഥാപാത്രങ്ങളായ ഫാൻറം, ടാർസൻ ബോബനും മോളിയും ഒക്കെയാണ്. അതേ സമയംതന്നെ മാതൃഭൂമിയിൽ പ്രസിദ്ധീകരിച്ചു വന്നിരുന്ന ജി. അരവിന്ദന്റെ വലിയ ലോകവും ചെറിയ മനു ഷ്യരും എന്ന പംക്തി വായിക്കാറുണ്ടായിരുന്നെങ്കിലും അക്കാലത്ത് അത് ആസ്വദിക്കാൻ സാധിച്ചിരുന്നില്ല. എന്നാൽ ഹൈസ്കൂൾ തലത്തിൽ എത്തിയപ്പോൾ ബോബനും മോളിയും പോലുള്ള കാർട്ടൂണുകളേക്കാൾ എനിക്ക് വായിക്കാൻ ഇഷ്ടം അരവിന്ദൻറെ വലിയ ലോകവും ചെറിയ മനുഷ്യരും തന്നെയായിരുന്നു.
അതിനു കാരണം വായിക്കുവാനും ഗ്രഹിക്കുവാ

നും ഉള്ള ശേഷി വർദ്ധിക്കുകയും കൂടുതൽ ഗൗരവമായ വായനയിലേക്ക് കടക്കുകയും ചെയ്തു എന്നതാണ്. വിശ്വസാഹിത്യങ്ങൾ വായിക്കാൻ തുടങ്ങുന്നതും വിശ്വപ്രസിദ്ധ സിനിമകൾ കാണുവാനും ആസ്വദിക്കു വാനും തുടങ്ങുന്നതും ഇതേ കാലഘട്ടത്തിലാ ണ്. അവധാനതയോടെയുള്ള ഈ വളർച്ച നമ്മുടെയെല്ലാം ജീവിതത്തിൽ സ്വാഭാവികമായി ഉണ്ടാകുന്നതാണ്. വായനയിലൂടെയും കാഴ്ചയി ലൂടെയും നമ്മുടെ ആസ്വാദനശേഷിയും അറിവും വർദ്ധിക്കുകയും അത് വീണ്ടും വളർന്നു പടർന്ന് നമുക്ക് ഇഷ്ടമുള്ള മേഖലകളിൽ ചെന്ന് വേരു റപ്പിക്കുകയും ചെയ്യും.

സിനിമയെ കുറിച്ചു സംസാരിക്കുമ്പോൾ ഒരു കലാസൃഷ്ടി എന്ന് വിളിക്കപ്പെടാവുന്ന സിനിമകൾ നമുക്ക് തിയേറ്ററുകളിൽ സാധാരണ കാണാൻ സാധിക്കുകയില്ല എന്നു തന്നെ പറയാം. ഇതിനു കാരണം തീയേറ്ററുകളിൽ പ്രദർശിപ്പിക്കപ്പെടുന്ന മിക്കവാറും എല്ലാ സിനിമകളും  തന്നെ വ്യാവ സായിക അടിസ്ഥാനത്തിൽ നിർമ്മിക്കപ്പെടുന്നു എന്നത്  കൊണ്ടാണ്. അവക്ക് കലാപരമായ മൂല്യങ്ങളോ , നിലവാരമോ ഉണ്ടാകണമെന്ന് യാതൊരു നിർബന്ധവുമില്ല. സാഹിത്യത്തിലാ യാലും ചിത്രകലയിലായാലും സിനിമയിലായ ാലും മനുഷ്യ മനസുകളിൽ സ്വാഭാവികമായി ഉടലെടുക്കുന്ന ആശയങ്ങളുടെ ആവിഷ്കാര ങ്ങളോ  ബിംബങ്ങളോ  ആയിരിക്കണം ഒരു കലാസൃഷ്ടി എന്നു പറയുന്നത്. മിക്ക ആശയങ്ങ ളും സമൂഹത്തെ പ്രതിനിധാനം ചെയ്യുന്നതു കൊണ്ടു തന്നെ സാമൂഹികാവബോധങ്ങളു ടെയും സങ്കൽപ്പങ്ങളുടെയും ആവിഷ് കാരം തന്നെ ആയിരിക്കണം ഏതൊരു കലാ സൃഷ്ടിയും. മനുഷ്യരുടെയും സമൂഹത്തിന്റെ യും ആശയങ്ങളുടെ പ്രതിഫലനങ്ങളെ മനസ്സിലാക്കാനും ഉൾക്കൊള്ളാനും അവയെ നൂതന സൃഷ്ടികളായി ആവിഷ്കരിക്കാൻ നമുക്ക് സാധിക്കണമെങ്കിൽ പുതിയതിനെ ഉൾക്കൊള്ളാൻ



സായി ഗ്രാം കോളേജ്

തക്കവണ്ണം നമ്മുടെ മനസ്സുകൾക്ക് തുറവി ഉണ്ടായിരിക്കണം. ആ തുറവിയുണ്ടെങ്കിൽ മാത്ര മേ വിശ്വസാഹിത്യങ്ങളേ യും ക്ലാസ്സിക്ക് സിനി മ കളേയും  ചിത്രകലയേയും ഒക്കെ നമുക്ക് ആസ്വദിക്കാൻ സാധിക്കുകയുള്ളൂ. അതിനായി മുൻധാരണകളേയൊക്കെ മാറ്റിവെച്ച് മനസ്സിന്റെ വാതിലുകളെയും ജാലകങ്ങളെയും നമുക്ക് മലർക്കെ തുറന്നിടാം.

തുടർന്നു പ്രസംഗിച്ച ഫിൽക്ക പ്രസിഡന്റെ ഡോ. ബി. രാധാകൃഷ്ണൻ ഫിൽക്ക ഫിലിം സൊസൈറ്റി ഒരു ചലച്ചിത്ര ആസ്വാദനം സമിതി ആണെന്നും ഫിൽക്കയുടെ എന്നതിന്റെ പൂർണ്ണരൂപം ഫിലിം ലവേഴ്സ് കൾച്ചറൽ അസോസിയേഷൻ ആണെന്നും കുട്ടികളോട് വിശദീകരിച്ചു. എല്ലാ മാസവും ചലച്ചി ത്രോത്സവങ്ങൾ നടത്തി വരുന്ന ഫിൽക്ക സാധാരണയായി മുതിർന്നവർക്കുള്ള അന്താ രാഷ്ട്ര ക്ലാസിക് ചലച്ചിത്രങ്ങളാണ് പ്രദർശിപ്പിക്കാ റുള്ളത്. ഏപ്രിൽ 29, 30 തീയതികളിലായി നടത്തപ്പെടുന്ന ഈ ചലച്ചിത്രോൽസവത്തിൽ കുട്ടികൾക്കായുള്ള പത്തു വിശ്വവിഖ്യാത സിന ിമകളാണ് പ്രദർശിപ്പിക്കപ്പെടുന്നത്. ഇതേ സിനി മകൾതന്നെ സായി ഗ്രാം കോളേജ് ഓഡിറ്റോ റിയത്തിൽ വച്ച് മേയ് 1, 2, 3 തീയതികളിലാ യി പ്രദർശിപ്പിക്കുന്നതായിരിക്കും. മധ്യവേനൽ അവധിക്കാലമായതു കൊണ്ടു തന്നെ കുട്ടികൾക്കായി ഒരു പ്രത്യേക ചലച്ചിത്രോത്സവം


പ്രദർശനങ്ങളുടെ ഉദ്ഘാടനം

സംഘടിപ്പിക്കാം എന്ന ആശയം ഉരുത്തിരിഞ്ഞു വന്നിരുന്നു. ഇതിനായി ബി.എസ്സ്.എസ്, സായി ഗ്രാം എന്നീ മഹത് സംഘടനകളുടെ ഭാഗത്തു നിന്നുണ്ടായ പ്രേരണയും സ്നേഹപൂർണ്ണമുള്ള പിന്തുണയും ഈ അവസരത്തിൽ നന്ദി പൂർവ്വം ഓർമ്മിക്കുന്നു.

തുടർന്ന് സംസാരിച്ച ബി.എസ്.എസ് ഡയറക്ടർ ജനറൽ ജയ ശ്രീകുമാർ 2024 ഏപ്രിൽ മാസം മുതൽ ഫിൽക്ക ഫിലിം സൊസൈറ്റിയുമായി ചേർന്ന് പ്രതിമാസ ചലച്ചിത്രോത്സവം സംഘടിപ്പിക്കാൻ സാധിക്കുന്നതിലെ സന്തോഷം അറിയിച്ചു. പണ്ടു കാലത്തൊക്കെ സ്കൂളുകളിൽ ഫിലിം സൊസൈറ്റികൾ ഉണ്ടായിരുന്നു. അവിടെ ആഴ്ചയിൽ ഒരിക്കൽ, അല്ലെങ്കിൽ മാസത്തിൽ രണ്ട് ദിവസം എന്ന രീതിയിൽ സിനിമകൾ പ്രദർശിപ്പിക്കുന്ന പതിവുണ്ടായിരുന്നു. ഞങ്ങളൊക്കെ അങ്ങനെ നല്ല നല്ല സിനിമകൾ കണ്ടു വളർന്നവരാണ്. അന്ന് ഞങ്ങൾ കണ്ട സിനിമകൾ ഒക്കെ ഇവിടെ പ്രദർശിപ്പിക്കാൻ പോകുകയാണ്. നിങ്ങളൊക്കെ ഒരുപക്ഷേ അത് കണ്ടിട്ടുണ്ടാവില്ല. ഇവിടെ പ്രദർശിപ്പിക്കാൻ പോകുന്ന സിനിമകളൊക്കെ പ്രത്യേകമായി സെലക്ട് ചെയ്പ്പെട്ട വളരെ നല്ല സിനിമകളാണ്. മുൻപ് സൂചിപ്പിച്ചതുപോലെ ഈ സിനിമകളിൽ നിന്നൊക്കെ നിങ്ങൾക്ക് കണ്ടു പഠിക്കാൻ വളരെയേറെയുണ്ടാകും. പ്രദർശിപ്പിക്കുന്ന സിനിമകളൊക്കെ നിങ്ങൾക്ക് നല്ലവണ്ണം ആസ്വദിക്കാൻ സാധിക്കട്ടെയെന്നും അവയൊക്കെ നിങ്ങളുടെ ജീവിതത്തെ നല്ല രീതിയിൽ പ്രചോദിപ്പിക്കട്ടെയെന്ന് ആഗ്രഹിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.

തുടർന്ന് അഭിനേത്രിയും ഫിൽക്ക വൈസ് പ്രസിഡന്റുമായ അർപ്പണ ഫെസ്റ്റിവലിനെ കുറിച്ചു സംസാരിക്കുകയും പ്രസംഗിക്കുകയും ചെയ്ത ഉൽഘാടകനും മറ്റ് അതിഥികൾക്കും ഭാരവാഹികൾക്കും കാണികൾക്കും നന്ദി അർപ്പിക്കുകയും ചെയ്തു.ഫിൽക്ക ഫിലിം സൊസൈറ്റി വിദ്യാർത്ഥികൾക്കായി നടത്തി വരുന്ന ഇൻറർനാഷണൽ സ്റ്റുഡൻസ് ഫിലിം ഫെസ്റ്റിവലിന്റെ മേയ് മാസത്തിലെ ആദ്യപ്രദർശനങ്ങളുടെ ഉദ്ഘാടനം ശ്രീ സത്യ സായി ആട്ട്സ് ആൻറ് സയൻസ് കോളേജ് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ കോളേജ് പ്രിൻസിപ്പൽ ശ്രീ സുമേഷ് നിർവഹിച്ചു. ചടങ്ങിൽ നോവലിസ്റ്റും പത്രപ്രവർത്തകനുമായ സാബു ശങ്കർ, ഫിൽക്ക പ്രസിഡണ്ട് ഡോ. ബി രാധാകൃഷ്ണൻ, തുടങ്ങിയവർ പ്രസംഗിച്ചു.

വിദ്യാർത്ഥികൾക്കായുള്ള പതിനൊന്നു വിഖ്യാത ചലച്ചിത്രങ്ങളാണ് ഇത്തവണ പ്രദർശിപ്പിച്ചത്. സായി ഗ്രാം ഓർഫണേജ് ട്രസ്റ്റ് , ചലച്ചിത്ര അക്കാദമി, കെ.എസ്.എഫ്.ഡി.സി, ബീം ഫിലിം സൊസൈറ്റി , കേരള ലോട്ടറി ഡിപ്പാർട്ട്മെൻറ്, തലസ്ഥാന പൌരസമിതി, എന്നിവയുടെ സഹകരണത്തോടെ ആയിരുന്നു ഫെസ്റ്റിവൽ.

ചടങ്ങ് ഉദ്ഘാടനം ചെയ്തു സംസാരിച്ച ശ്രീ സത്യ സായ് ആട്ട്സ് ആൻറ് സയൻസ് കോളേജ് പ്രിൻസിപ്പൽ സുമേഷ് വിദ്യാർത്ഥികളുടെ ഇൻ്റർനാഷണൽ ഫിലിം ഫെസ്റ്റിവലിനുള്ള വേദിയൊരുക്കാൻ സായി ഗ്രാമിനു സാധിച്ചതിലുള്ള സന്തോഷം അറിയിക്കുകയും ചടങ്ങ് ഉത്ഘാടനം ചെയ്തതായി പ്രഖ്യാപിക്കുകയും

ചെയ്തു.

സദസ്സിനെ അഭിസംബോധന ചെയ്ത് സംസാരിച്ച സാബു ശങ്കർ ചെറിയ കുട്ടികൾക്കും അതോടൊപ്പം ഹൈസ്കൂൾ വിദ്യാർഥികൾക്കും കാണാവുന്ന ചിത്രങ്ങളാണ് മൂന്നു ദിവസങ്ങളിലെ പ്രദർശനങ്ങൾക്കായി ഒരുങ്ങിയിട്ടുള്ളത് എന്ന് പറഞ്ഞു. കേരളത്തിലെ ഏറ്റവും പ്രശസ്തമായ രണ്ടു പ്രസ്ഥാനങ്ങളുടെ ഒരു പ്രത്യേക പദ്ധതി ഇന്നിവിടെ ആരംഭം കുറിക്കുകയാണ്. ഒരു വർഷക്കാലത്തെ ആലോചനകൾക്ക് ശേഷ മാണ് ഇന്നതിന്റെ തുടക്കം കുറിക്കുന്നത്. നേരത്തെ പറഞ്ഞ രണ്ടു പ്രസ്ഥാനങ്ങളിൽ ഒന്ന് സായ് ഗ്രാം എന്ന ഈ പ്രസ്ഥാനം തന്നെയാണ്. കാരുണ്യ പ്രവർത്തന മേഖലയിൽ മുന്നിട്ടുനിൽ ക്കുന്ന



സായി ഗ്രാമിന്റെ സാംസ്കാരിക രംഗത്തേക്കുള്ള പുതിയ ചുവടുവെപ്പാണിത്.
അതുപോലെ തന്നെ കഴിഞ്ഞ 60 വർഷത്തിലേറെയായി പ്രവർത്തിച്ചുവരുന്ന ഫിലിം സൊസൈറ്റികളുടെ കൂട്ടായ്മയിൽ ശ്രദ്ധേയമായ ഫിൽക്ക ഫിലിം സൊസൈറ്റിയാണ് നേരത്തെ പറഞ്ഞതിലെ രണ്ടാമത്തെ പ്രസ്ഥാനം. കഴിഞ്ഞ 25 വർഷമായി തലസ്ഥാനം നഗരിയിൽ പ്രവർത്തിച്ചു വരുന്ന ഫിൽക്ക ഫിലിം സൊസൈറ്റി എല്ലാ മാസവും ഇൻറർനാഷണൽ ഫിലിം ഫെസ്റ്റിവലുകൾ നടത്തി വരുന്നുണ്ട്. . ഈ ലോകത്തെക്കുറിച്ച് ശരിയായ രീതിയിൽ അറിവ് നേടാനും അതിൻറെ പ്രത്യേകതകളെ തിരിച്ചറിയാനും വിദ്യാർത്ഥികളെ സഹായിക്കാനായി വൈജ്ഞാനിക വാതിലുകൾ തുറന്നിടുകയാണ് ഇത്തരം ഫിലിം ഫെസ്റ്റിവലുകൾ നടത്തുന്നതിന്റെ പിന്നിലെ അടിസ്ഥാനലക്ഷ്യം. തിയേറ്ററുകളിൽ പോയി സിനിമകൾ കാണുന്ന രീതിയിൽ നിന്ന് വ്യത്യസ്തമായി വിവിധ രാജ്യങ്ങളിൽ നിന്നുള്ള ക്സിളാസിക് സിനിമകൾ പ്രത്യേകമായി തിരഞ്ഞെടുത്ത് കാണിക്കുന്ന രീതിയാണ് ഇത്തരം ഫിലിം ഫെസ്റ്റിവലുകളിൽ അനുവർത്തിച്ചു വരുന്നത്. ലൈബ്രറികളിൽ നിന്ന് ക്ലാസിക്ക് പുസ്തകങ്ങൾ എടുത്തു വായിക്കുന്ന രീതിയോട് നമുക്കിതിനെ ഉപമിക്കാം.

തുടർന്നു പ്രസംഗിച്ച ഫിൽക്ക പ്രസിഡൻറ് ഡോ. ബി. രാധാകൃഷ്ണൻ സായി ഗ്രാം ചെയർമാൻ ആനന്ദ കുമാറിൻറെ ആഗ്രഹനുസരിച്ചാണ് തോന്നക്കൽ കോളേജ് ഓഡിറ്റോറിയത്തിൽ വച്ച്




വിദ്യാർത്ഥികൾക്കായുള്ള ഒരു ഫിലിം ഫെസ്റ്റിവൽ നടത്തണമെന്നു തീരുമാനിച്ചത് എന്ന് പറഞ്ഞു. പ്രദർശിപ്പിക്കപ്പെടുന്ന പത്തോളം സിനിമകളിൽ കുറഞ്ഞത് രണ്ടു സിനിമകളെങ്കിലും കണ്ടിരിക്കണം. ഇവിടെ കാണിക്കുവാൻ പോകുന്ന സൌണ്ട് ഓഫ് മ്യൂസിക്ക് എന്ന സിനിമ വളരെ വർഷങ്ങൾക്ക് മുൻപ് നിർമ്മിച്ച ഒന്നാണ്. കുട്ടികളെ ഉദ്ദേശിച്ചു നിർമ്മിക്കപ്പെട്ട ഈ പ്രസിദ്ധമായ സിനിമ, ഡാൻസ് മ്യൂസിക്കൽ എന്ന

വിഭാഗത്തിൽപ്പെട്ട ഗാനങ്ങളും നൃത്തങ്ങളും നിറഞ്ഞ ഒന്നാണ്. തീർച്ചയായും കണ്ടിരിക്കേണ്ട ഒരു സിനിമയാണ് ഇത്. ഇവിടെ പ്രദർശിപ്പിക്കാൻ പോകുന്ന മറ്റൊരു സിനിമയുടെ പേര് ഗാന്ധി എന്നാണ്. കുട്ടികളായ നിങ്ങളുടെ ഇടയിൽ ഗാന്ധിയപ്പൂപ്പൻ എന്നും മഹാത്മാ ഗാന്ധി യെന്നും നമ്മൾ വിളിക്കുന്ന നമ്മുടെ രാഷ്ട്ര പിതാവായ മോഹൻദാസ് കരംചന്ദ് ഗാന്ധിയുടെ ജീവചരിത്രവും സ്വാതന്ത്ര്യ സമര പ്രവർത്തനങ്ങ ളും അദ്ദേഹത്തിൻറെ മരണാനന്തര ചടങ്ങു കളും ഒക്കെ കാണിക്കുന്ന ഒരു സിനിമയാ ണ് ഇത്. വലിയ കുട്ടികളെല്ലാം ഗാന്ധി എന്ന സിനി മയും ചെറിയ കുട്ടികളെല്ലാം സൗണ്ട് ഓഫ് മ്യൂസിക് എന്ന സിനിമയും തീർച്ചയായും കണ്ടിരിക്കേണ്ടതാണ്. മൂന്നു ദിവസത്തെ ഈ ചലച്ചിത്രോൽസവത്തിന് ശേഷം എല്ലാ മാസവും ഒരു ദിവസം ഇവിടെ  വന്ന് മൂന്നു സിനിമകൾ പ്രദർശിപ്പിച്ചു തരാൻ ഉദ്ദേശിക്കുന്നുണ്ട്. തുടർന്ന് സാബു ശങ്കർ പ്രദർശിപ്പിക്കാൻ പോകുന്ന സിനിമകളുടെ ഉള്ളടക്കം കാണികൾക്കായി വിശദീകരിച്ചു.അഭിനേത്രിയും ഫിൽക്ക വൈസ് പ്രസിഡൻറുമായ അർപ്പണ ഫെസ്റ്റിവലിനെ കുറിച്ചു സംസാരിക്കുകയും പ്രസംഗിക്കുകയും ചെയ്ത ഉദ്ഘാടകനും മറ്റ് അതിഥികൾക്കും  ഭാരവാഹികൾക്കും കാണി കൾക്കും നന്ദി അർപ്പിക്കുകയും ചെയ്തു.






## പ്രതികരണം

# സ്റ്റുഡന്റ്സ് ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ



ജോൺ തോമസ്




മധ്യവേനൽ അവധിക്കാലത്ത് ഭാവിയുടെ വാഗ്ദാനങ്ങളായ വിദ്യാർത്ഥികളിൽ സിനിമാ സംബന്ധമായ അവബോധം സൃഷ്ടിക്കുക എന്ന ഉദ്ദേശ്യം മുൻനിർത്തി 2024 ഏപ്രിൽ 29, 30 തീയതികളിൽ ഫിൽക്ക നടത്തിയ ചലച്ചിത്രമേള യിൽ എട്ടു ഫീച്ചർ ഫിലിമുകളും രണ്ടു ഹ്രസ്വ ചലച്ചിത്രങ്ങളും ആയിരുന്നു പ്രദർശിപ്പിച്ചത്. ഭാരത് സേവക് സമാജുമായി സഹകരിച്ച് സംഘടിപ്പിച്ച മേള ഭാരത് സേവക് സമാജ് നാഷണൽ ചെയർമാൻ ശ്രീ ബി.എസ്. ബാലചന്ദ്രനാണ് ഉദ്ഘാടനം ചെയ്തത്. ബി.എസ്.എസിന്റെ ഉത്ഭവം, ഉദ്ദേശലക്ഷ്യങ്ങൾ എന്നിവയെക്കുറിച്ചും തുടർന്ന് മലയാള സിനിമ യുടെ ഉല്പത്തി വികാസ പരിണാമങ്ങളെ ക്കുറിച്ചും പ്രൗഢമായ ഒരു പ്രസംഗം നടത്തി യാണ് മേളയുടെ ഉദ്ഘാടനം അദ്ദേഹം നിർ വഹിച്ചത്. ഭാരത് സേവക് സമാജ് ഡയറക്ടർ ജന റൽ ശ്രീമതി ജയ ശ്രീകുമാർ, ഫിൽക്ക പ്രസിഡണ്ട് ഡോക്ടർ ബി. രാധാകൃഷ്ണൻ, ജനറൽ സെക്രട്ടറി ശ്രീ സാബു ശങ്കർ, വൈസ് പ്രസിഡണ്ട് ശ്രീമതി ഗിരിജ സുരേന്ദ്രൻ എന്നി വരും തദവസരത്തിൽ സംസാരിച്ചു.

ഈ പത്ത് ചിത്രങ്ങളും പലപ്പോഴായി കണ്ടതാണെങ്കിലും അവ വീണ്ടും കാണാൻ കഴിഞ്ഞപ്പോൾ ലഭ്യമായ ഉൾക്കാഴ്ച വേറിട്ടത് തന്നെയായിരുന്നു. ആദ്യദിവസം അഞ്ചു ചിത്ര ങ്ങൾ ആയിരുന്നു ഉണ്ടായിരുന്നത്. പല തവണ കണ്ടിട്ടും പഥേർ പാഞ്ജലിയിലെ ദുരന്ത ബോധം ഇന്നും മനസ്സിനെ സ്പർശി ക്കുന്നു. പ്രകൃതിയും മനുഷ്യരും സംഭവങ്ങളും പശ്ചാത്തല സംഗീതവും എല്ലാം ദുരന്ത ജീവിത ചിത്രീകരണത്തിന് അനുയോജ്യമാക്കിയെടുത്ത മഹാനായ സംവിധായകനാണ് സത്യജിത്ത് റായി. എല്ലായ്പ്പോഴും ശുഭ പ്രതീക്ഷ വച്ചു പുലർത്തുന്ന



ഫിലിം വിഷൻ
Theo Angelo Poulose Film Festival
PUBLISHED BY FILCA FILM SOCIETY
KSFDC
കേരള ഭാഗ്യക്കുറി

സാഹിത്യവാസനയുള്ള വ്യക്തിത്വമാണ് ബ്രാഹ്മണകുലത്തിൽ പിറന്ന നായകൻ ഹരിഹർ. ഭാര്യ സർവജയ ആകട്ടെ പ്രായോഗിക മതിയും വീടിന്റെ ആവശ്യങ്ങൾ ഓരോരോന്നോരോന്നായി ഭർത്താവിനോട് പറയുന്ന യാഥാർത്ഥ്യബോധം ഉൾക്കൊണ്ട വ്യക്തിയും. ഇവർ തമ്മിലുള്ള സമീപനങ്ങളിലെ വൈരുദ്ധ്യം മനോഹരമായി ആവിഷ്കരിക്കപ്പെട്ടിരിക്കുന്നു. മകളുടെ മരണ വും തുടർന്ന് വീടുമായി ബന്ധപ്പെട്ട അടിയന്ത രാവശ്യങ്ങൾ പോയിട്ട് നിത്യവൃത്തിക്കുള്ള വക





പോലും കണ്ടെത്താൻ കഴിയാതിരിക്കുക കൂടി ചെയ്യുമ്പോൾ യാഥാർത്ഥ്യബോധം ഉൾക്കൊണ്ട് ഗ്രാമമുഖ്യന്മാരുടെ അപേക്ഷയെ അവഗണിച്ച് പരമ്പരാഗതമായി തന്റെ കുടുംബക്കാർ പുരോ ഹിത വൃത്തി ചെയ്തു താമസിച്ചു വന്ന ഗ്രാമം വിട്ട് ഹരിഹറും കുടുംബവും ബനാറസിലേക്ക് കുടിയറുന്നതായി ചിത്രീകരിച്ചുകൊണ്ട് സിനിമ അവസാനിക്കുന്നു.

ഒരു സംവിധായകൻ എന്ന നിലയിൽ കഥയുടെ തെരഞ്ഞെടുപ്പ്, ലൊക്കേഷൻ, കഥാപാത്രങ്ങളെ കണ്ടെത്തൽ തുടങ്ങി പശ്ചാത്തല സംഗീതം വരെയുള്ള കാര്യങ്ങളിൽ താൻ പുലർത്തുന്ന ശ്രദ്ധയെക്കുറിച്ച് ഓണററി ഓസ്കാർ പുരസ്കാര ലബ്ധി അറിഞ്ഞതിന് ശേഷം ശർമ്മിള ടാഗോർ നടത്തിയ ഒരു അഭിമുഖത്തിൽ സത്യജിത്ത് റായി പറയുന്നുണ്ട്.

ഹരിഹറിന്റെ അമ്മാവി ഇന്ദിർ ആയി വരുന്ന ചുനിബാല ദേവി,ദുർഗ ,അപ്പു ഇവരൊക്കെ ഒരു കാലത്തും നമ്മുടെ മനസ്സിൽ നിന്നും മാഞ്ഞു പോവില്ല... മരണം എത്താറായ വേളയിലും താൻ കുടിച്ച വെള്ളത്തിന്റെ ബാക്കി വരും തല മുറയ്ക്ക് വേണ്ടി ചെടിച്ചുവട്ടിൽ ഒഴിക്കുന്ന വൃദ്ധയായ അമ്മാവി...,തന്നെ സ്നേഹിക്കുന്ന ദുർഗയെ കള്ളിയായി ചിത്രീകരിച്ചു കൊണ്ട് വീട്ടുമുറ്റത്ത് നടക്കുന്ന കോലാഹലങ്ങൾക്കിട യിലൂടെ നടന്നുനീങ്ങുന്ന അവരുടെ മുഖ ഭാവങ്ങൾ...,എനിക്ക് മുൻപേ വന്നവർ പോയി, തരാൻ എന്റെ കയ്യിൽ ഒന്നുമില്ല, എന്നെ അടുത്ത കടവിലേക്ക് കൊണ്ടുപോകൂ തോണിക്കാരാ എന്ന് അവർ പാടുന്ന ഇരുൾ നിറഞ്ഞ പാട്ട് ...അങ്ങനെ എത്രയെത്ര രംഗങ്ങൾ. ഇന്ത്യൻ സിനിമയിലെ ഒരു നാഴിക്കല്ലാണീ സിനിമ .

1956 ലെ ചിത്രമായ റെഡ് ബലൂൺ ദോഷൈക മായ ലോകത്തെ, ബാലമനസ്സിലെ നിഷ്കളങ്കത, ഭാവന എന്നിവയിലൂടെ എപ്രകാരം മാന്ത്രികമ ാക്കി മാറ്റാം എന്ന സന്ദേശമാണ് നൽകുന്നത്. ഒപ്പം സഞ്ചരിച്ച ചുവന്ന ബലൂൺ , കുട്ടിയുടെ സുഹൃത്തായി മാറുന്നതും ചിലപ്പോൾ കയ്യെത്തി



പിടിക്കാൻ ആകാത്ത അകലത്തിലാകുന്ന തും തിരികെ എത്തുന്നതും ഒക്കെ ഹൃദ്യമായ രംഗങ്ങളാണ്. പ്രകൃതി ബന്ധം, നിഷ്കളങ്കത എന്നിവ നഷ്ടപ്പെട്ട ഒരു സമൂഹത്തിൻെറ സൂചന പോലെയാണ് ആ ബലൂൺ കൈക്കലാക്കിയ മറ്റു കുട്ടികൾ അത് ചവിട്ടി പൊട്ടിച്ചുകളയുന്ന

രംഗം . നഷ്ടപ്പെട്ട ചുവന്ന ബലൂണിന് പകരം പലനിറത്തിലുള്ള ബലൂണുകൾ നഗരത്തിൽ നിന്ന് പറന്നുവന്ന് ആ കുട്ടിക്ക് ആശ്വാസമാവുന്നതും കുട്ടിയെയും കൊണ്ട് ആകാശ നീലിമയിൽ നിറയുന്നതുമായ അന്ത്യ രംഗവും അവിസ്മരണീയം. ഷോർട്ട് ഫിലിമുകളിലെ ഒരു ക്ലാസിക് ആണ് അരമണിക്കൂർ ദൈർഘ്യമുള്ള ഈ സിനിമ.

ഒരു നൂറ്റാണ്ടിനു മുൻപ്, കൃത്യമായി പറഞ്ഞാൽ 1921ൽ നിർമ്മിക്കപ്പെട്ട ചാർലി ചാപ്ലിൻ ചിത്രമാണ് ദി കിഡ് . ചിത്രകാരനായ അച്ഛനും നടിയായ അമ്മയ്ക്കും ജനിച്ച് വളർത്താനാകാതെ ഉപേക്ഷിക്കപ്പെട്ട കുട്ടിയെ തെരുവുതെണ്ടിയായ ചാപ്ലിൻ എടുത്ത് സ്നേഹം ചൊരിഞ്ഞു വളർത്തി. തനിക്കറിയാവുന്ന വിദ്യകൾ പഠിപ്പിച്ച് ജീവിതായോധനത്തിന് പ്രാപ്തനാക്കാൻ ശ്രമിക്കുന്നു. അവസാനം അവനെ തിരിച്ചറിയുന്ന , സമ്പന്നരായി കഴിഞ്ഞ അവന്റെ മാതാപിതാക്കളോടൊപ്പം പോകുന്നതിനേക്കാൾ തന്നെ കഷ്ടപ്പെട്ട് വളർത്തിയെടുത്ത തെരുവുതെണ്ടിയോടൊപ്പം കഴിയാൻ അവൻ നടത്തുന്ന സാഹസങ്ങൾ നമ്മുടെ കണ്ണുകളെ ഈറനണിയിക്കും. ജാപ്പനീസ് സംവിധായകൻ കൊറീദയുടെ ലൈക് ഫാദർ ലൈക് സൺ, ഷോപ്പ് ലിഫ്റ്റേഴ്സ് എന്നീ സമീപകാല സിനിമകൾ ഓർക്കുമ്പോൾ അവയിലെ അടിസ്ഥാന



ആശയം അതായത്, തങ്ങളെ അവഗണിച്ച ബയോളജിക്കൽ മാതാപിതാക്കളെക്കാൾ കുട്ടികൾ വളർത്തു മാതാപിതാക്കളെ സ്നേഹിക്കുന്നു എന്നത് ചാപ്ലിൻ എത്രയോ മുൻപെ മനോഹരമായി അവതരിപ്പിച്ചു എന്ന് കാണാൻ കഴിയും.

മാർട്ടിൻ സ്കോർസസിയെ പോലെ ഒരു സംവിധായകന്റെ അഭിനന്ദനം പിടിച്ചുപറ്റിയ അരവിന്ദന്റെ കുമ്മാട്ടിയിലെ അവസാന രംഗം, കുമ്മാട്ടിയുടെ രണ്ടാം വരവിൽ നായരൂപം മാറി മനുഷ്യരൂപം തിരികെ ലഭിക്കുന്ന ചിണ്ടൻ വീട്ടിലെത്തി താൻ കൂട്ടിലിട്ടു വളർത്തിയിരുന്ന തത്തയെ ആകാശത്തിലേക്ക് പറത്തി വിടുന്നതും അപ്പോൾ പശ്ചാത്തലത്തിൽ കേൾക്കുന്ന



ജിഗി ജിഗി തക്കം തെയ് എന്ന് തുടങ്ങുന്ന കാവാലം നാരായണപ്പണിക്കരുടെ പാട്ടും ആരുടെ മനസ്സിലാണ് ഉന്മേഷം പകരാത്തത്!

രണ്ടാം ലോകമഹായുദ്ധാനന്തരം ദാരിദ്ര്യത്തിലേക്കും തൊഴിലില്ലായ്മയിലേക്കും കൂപ്പുകുത്തിയ ഇറ്റലിയിലെ റോമും പരിസരങ്ങളും പശ്ചാത്തലമാക്കിയാണ് ഇറ്റാലിയൻ നവതരംഗ സിനിമ ആരംഭിച്ചത്. നിയോ റിയലിസ്റ്റ് ധാരയിലുള്ള ശ്രദ്ധേയ സിനിമയാണ് വിറ്റോറിയ ഡിസിക്കയുടെ ബൈസിക്കിൾ തീവ്സ് . തൊഴിൽ അന്വേഷകരായ നൂറ് കണക്കിന് ആളുകളുടെ കൂട്ടത്തിൽ പരസ്യങ്ങൾ പതിക്കുന്ന



ജോലി ലഭിച്ചതിലൂടെ സന്തോഷവാനായി മാറിയ റിച്ചി തന്റെ എല്ലാമായ തൊഴിൽ ഉപകരണം- സൈക്കിൾ- മോഷണം പോകുന്നതോടെ മകന് ഒപ്പം ചേർന്ന് നടത്തുന്ന വിഫലമായ തിരച്ചിൽ ആരുടെയും ഹൃദയത്തെ പിടിച്ചുലയ്ക്കും. ദാരിദ്ര്യത്തിന്റെ ആഴം, ഇത്തരം മനുഷ്യർ പല ഭാവിഫല പ്രവചനക്കാരെയും ആശ്രയിക്കുന്നത്, ഈശ്വര വിശ്വാസത്തെ കൂടുതൽ മുറുകെ പിടിക്കുന്നത്, ഇവരുടെ വേദന നിസംഗതയോടെ വീക്ഷിക്കുന്ന പൊതുസമൂഹം, നിയമപാലകർ, എന്നിവയെയൊക്കെ സംബന്ധിച്ച നല്ല പഠനമാണ് ഈ സിനിമ. സത്യജിത്ത് റായി ഉൾപ്പെടെ നിരവധി പിൽക്കാല സംവിധായകരെ പ്രചോദിപ്പിച്ച സിനിമയാണിത്.

രണ്ടാം ദിവസം ആരംഭിച്ചത് ഹ്രസ്വചല ച്ചിത്രങ്ങളിലെ ക്ലാസിക്കുകളിൽ ഒന്നായ ചെയറിറ്റെയിലോടുകൂടിയാണ് . കസേരയും അത്



ഉപയോഗിക്കുന്ന യുവാവും തമ്മിലുള്ള ഇണക്ക - പിണക്കങ്ങൾ ഈ കസേരക്കഥയെ ഹാസ്യചിത്ര മാക്കുന്നു. മയത്തിൽ, സ്നേഹത്തോടെ സമീപി



ക്കുമ്പോൾ കസേര ഇരിക്കാൻ അനുവദിക്കുന്നതും ഒരു അവകാശം എന്നവണ്ണം കർക്കശമായി അതിനെ സമീപിക്കുമ്പോൾ അകന്നു മാറുന്നതും നമുക്ക് ചിന്തിക്കാനുള്ള സന്ദേശം നൽകുന്നു. പ്രശസ്തരായ രവിശങ്കറും ചതുർലാലും ചേർന്നാണ് ഈ മക് ലാറൻ ചിത്രത്തിന് സംഗീതം നിർവഹിച്ചിരിക്കുന്നത്.

തുടർന്ന് തീവ്രദേശീയത, യുദ്ധം എന്നിവക്കെതിരെയുള്ള മഹത്തായ സന്ദേശം ഉൾക്കൊള്ളുന്ന ചാപ്ലിൻ ചിത്രം ദി ഗ്രേറ്റ് ഡിക്റ്റേറ്റർ ആണ് പ്രദർശിപ്പിച്ചത് . ദാരിദ്ര്യത്തെയും മനുഷ്യാന്തസ്സിനെയും അവഗണിക്കുന്ന ഒരു ഭരണ സമ്പ്രദായത്തെയും തനിക്ക് പിന്തുണയ്ക്കാനാവില്ലെന്ന് വെളിപ്പെടുത്തിക്കൊണ്ട് ചാപ്ലിൻ, സിനിമയുടെ അവസാനം നടത്തുന്ന പ്രസംഗം അദ്ദേഹത്തിന്റെ ജീവിതത്തിന്റെയും സിനിമകളുടെയും സാക്ഷ്യപത്രമാണ്. ക്ഷുരകവൃത്തിയിലേർപ്പെട്ട വ്യക്തി രൂപ സാദൃശ്യം കൊണ്ട് ഹിറ്റ്ലറെ ഓർമ്മപ്പെടുത്തുന്ന ഭരണാധികാരിയായി രൂപാന്തരം പ്രാപിക്കുന്നതും, ജനങ്ങളുടെ കയ്യടി നേടുന്നതും



ചിത്രീകരിക്കുന്നത് മൂലം ഭരണാധിപന്മാരുടെയും ആൾക്കൂട്ടത്തിന്റെയും മനസ്സിനെ സംബന്ധിച്ച നല്ല ഒരു വിശകലനവും പഠനവും ആണ് ഈ ഹാസ്യചിത്രം കാഴ്ചവയ്ക്കുന്നത്.

ഇറാനിയൻ സംവിധായകൻ മജീദ് മജീദിയുടെ വിഖ്യാതമായ ചിൽഡ്രൻ ഓഫ് ഹെവൻ, തന്റെ സഹോദരിയുടെ പഴയ ഷൂസ് ചെരുപ്പുകുത്തിയെക്കൊണ്ട് നന്നാക്കിയെടുത്ത് തിരികെ വീട്ടിലേക്ക് വരുമ്പോൾ ഒരു കടയിൽ വെച്ചു നഷ്ടപ്പെടാനിടയാകുന്നത് മൂലം സങ്കടപ്പെടുന്ന ഒരു കൊച്ചു സഹോദരനെ കേന്ദ്രീകരിച്ചുള്ളതാണ്. ഇവർ രണ്ടുപേരും സഹോദരന്റെ പഴയ ഷൂസ് മാറിമാറിയിട്ട് സ്കൂളിൽ ഓടിയെത്തുന്നു. സ്കൂളിലേക്കുള്ള ഓട്ടവും പൈപ്പ് വെള്ളം കുടിച്ച് ക്ഷീണം അകറ്റലും കഥയുടെ ഒടുവിൽ ദീർഘദൂര ഓട്ട മത്സരത്തിൽ അവൻ ഒന്നാമത് ആവുന്നതും തുടർന്നുള്ള ദു:ഖവും ഒക്കെ വിദ്യാർത്ഥികളെ ആകർഷിക്കുന്നു. മത്സരത്തിൽ തന്റെ ലക്ഷ്യം ഷൂസ് സമ്മാനമായുള്ള (സഹോദരിക്ക് വേണ്ടി) മൂന്നാം സ്ഥാനം ആയിരുന്നു. പക്ഷെ കിട്ടിയത് എത്രയോ ആകർഷകമായ സമ്മാനമുള്ള ഒന്നാം സ്ഥാനമാണെന്നത് അവനെ സംബന്ധിച്ചിട ത്തോളം പ്രാധാന്യമുള്ള കാര്യമല്ല. മറ്റു കുട്ടി കളുടെ പാദത്തിലെ വിലയേറിയ ഷൂസ് ശ്രദ്ധിക്കുന്ന പെൺകുട്ടിയുടെ മുഖവും മറക്കാൻ കഴിയുന്നില്ല. സമ്പന്നർക്കിടയിൽ മദ്ധ്യവർത്തി കളും ദരിദ്രരും ആയി കഴിയാൻ വിധിക്കപ്പെട്ട മനുഷ്യർ അതിജീവനത്തിനായി നടത്തുന്ന യത്നങ്ങൾ അതിമനോഹരമായി ചിത്രീകരിച്ച സിനിമ ,അവരുടെ വാസസ്ഥലം, ഗൃഹത്തി നുള്ളിലെ പരിമിതമായ ജീവിത സാഹചര്യം ഇവയൊക്കെ അതിന്റെ സകല പാരുഷ്യത കളോടും കൂടി ആവിഷ്കരിച്ചിട്ടുണ്ട്.



എ ബോംബ് വാസ് സ്റ്റോളൻ എന്ന 1962ലെ റൊമാനിയൻ സയൻസ് ഫിക്ഷൻ കോമഡിയാണ് എന്ന പിന്നീട് പ്രദർശിപ്പിക്കപ്പെട്ടത്. മോഷണം പോയ ഒരു ആറ്റം ബോംബും അത് ജനങ്ങൾ, ഭരണകർത്താക്കൾ, നിയമപാലകർ, മോഷ്ടാക്കൾ എന്നിവരിലൊക്കെ സൃഷ്ടിക്കുന്ന പ്രശ്നങ്ങ ളും ഈ ബ്ലാക്ക് ആൻഡ് വൈറ്റ് ചിത്രത്തിൽ തമാശരൂപേണ ആവിഷ്കരിക്കപ്പെട്ടിരിക്കുന്നു. ന്യൂക്ലിയർ നിരായുധീകരണം, സമാധാനത്തിനു വേണ്ടിയുള്ള ശാസ്ത്രത്തിന്റെ ഉപയോഗം എന്നിവ ഈ ചിത്രം നൽകുന്ന സന്ദേശം ആണ്.



1960കളിലും 70കളിലുംഏറ്റവും ശ്രദ്ധ നേടിയ ചിത്രങ്ങളിൽ ഒന്നായിരുന്നു സൗണ്ട് ഓഫ് മ്യൂസിക് . ഗോൺ വിത്ത് ദി വിൻഡിനെ സാമ്പത്തിക വിജയത്തിൽ മറികടന്ന ഹോളി വുഡ് സിനിമയാണിത്. ഇതിലെ Do re mi, I am 16 going on 17, Edelweiss തുടങ്ങിയ പാട്ടുക ളൊക്കെ നിരവധി ആളുകൾ പാടി നടന്ന വയാണ്. ഓസ്ട്രിയയിലെ സാൽസ് ബർഗിലെ ഒരു കന്യാസ്ത്രീ മഠത്തിൽ കന്യാസ്ത്രീ പട്ടം സ്വീകരിക്കാൻ എത്തിയതാണ് മരിയ എന്ന യുവതി. നക്ഷത്രങ്ങളും മഴയും മലനിരകളും പുൽമേടുകളും പൂക്കളും മരങ്ങളും മന്ദമാരു തനുമൊക്കെ ഉന്മിഷത്താക്കുന്ന മനസ്സുള്ള മരിയ. പാട്ടും നൃത്തവും അവൾക്ക് ഹരമാണ്. കന്യാസ്ത്രീ ആവാൻ അവൾ യോഗ്യയല്ലെന്ന അഭിപ്രായം മഠത്തിൽ ഉണ്ടാകുമ്പോഴും മദർ സുപ്പീരിയർ തന്റെ അന്തിമ തീരുമാനം മാറ്റി വയ്ക്കുന്നു. ഭാര്യ മരിച്ചുപോയ ജോർജ് വോൺ ട്രാപ്പ് എന്ന സേനാ ക്യാപ്റ്റന്റെ ഏഴു മക്കളുടെ ഗവർണസായി അവർ മരിയയെ അയക്കുന്നു. അതിനു മുൻപ് വന്ന അധ്യാപകരൊക്കെത്തന്നെ കുട്ടികളുടെ അതൃപ്തി കാരണം മടങ്ങി പോകാൻ നിർബന്ധിതരായവരാണ്. എന്നാൽ മരിയ അവരുടെ പ്രിയപ്പെട്ട അധ്യാപികയായി മാറുന്നു. സർഗധനൻ എങ്കിലും ഭാര്യയുടെ മരണത്തോടെ ഒരു മൊശടനായി മാറിയ ക്യാപ്റ്റനെ പോലും അവൾ മാറ്റിയെടുത്തു. അയാളുടെ ഹൃദയത്തിൽ സ്ഥാനം പിടിക്കുന്ന മരിയ കന്യാസ്ത്രീ മഠത്തിന്റെ അനുവാദത്തോടെ അയാളുടെ ഭാര്യയായി മാറുന്നു .ഈ അവസരത്തിൽ രണ്ടാം ലോകമഹായുദ്ധം ആരംഭിക്കുന്നു. ജർമ്മനിയുടെ അധിനിവേശത്തിനു കീഴിലായ ഓസ്ട്രിയയുടെ തനത് വ്യക്തിത്വം പതാകയിലായാലും പാട്ടിലായാലും ജർമ്മനിക്ക് അടിയറ വയ്ക്കാൻ തങ്ങൾക്കാവില്ലെന്ന് പ്രഖ്യാപിച്ച് നിർബന്ധിത സൈനിക സേവനത്തിനുള്ള ജർമ്മൻ ഉത്തരവ് കാറ്റിൽ പറത്തി ക്യാപ്റ്റൻ വോൺട്രാപ്പും കുടുംബവും രഹസ്യമായി മലനിരകൾ താണ്ടി, സ്വിറ്റ്സർലൻഡിലേക്ക് പാട്ടും നൃത്തവുമായി രക്ഷപ്പെടുന്നതോടെ ചിത്രം അവസാനിക്കുന്നു.

വ്യത്യസ്ത കാലങ്ങളിൽ നിർമ്മിക്കപ്പെട്ടതും സിനിമാ ചരിത്രത്തിൽ സ്ഥാനം പിടിച്ചതുമായ മുതിർന്നവർക്കും കുട്ടികൾക്കും ഒരു പോലെ ആസ്വദിക്കാവുന്ന, 10 ചിത്രങ്ങളുടെ മേള ഒരുക്കിയ ഫിൽക്ക ഫിലിം സൊസൈറ്റി ഭാരവാഹികളെ അഭിനന്ദിക്കുന്നു.





ഫിലിം വിഷൻ

Theo Angelo Poulose Film Festival


PUBLISHED BY FILCA FILM SOCIETY

KSFDC കേരള ഭാഗ്യക്കുറി















# THEODOROS ANGELOPOULOS

# തിയോ ആഞ്ചലോപൗലോ - ഗ്രീക്ക് ഫിലിം മാസ്റ്റർ



ഡോ.ബി.രാധാകൃഷ്ണൻ
(പ്രസിഡൻറ്, ഫിൽക്ക ഫിലിം സൊസൈറ്റി )




തിയോ ആഞ്ചലോപൗലോസ്
(1935- 2012).


ചരിത്രപരവും രാഷ്ട്രീയവുമായ വിഷയങ്ങളുടെ ചിന്താലോകത്ത് കാവ്യാത്മകവും ദൃശ്യപരവുമായ ക്ലാസിക്കൽ കലാസൃഷ്ടികൾക്ക് പേരുകേട്ട ഗ്രീസിലെ ഏറ്റവും പ്രശസ്തരായ സംവിധായകരിൽ ഒരാളായിരുന്നു തിയോ ആഞ്ചലോ പൗലോസ് (1935--2012).ദീർഘമായ ദൃശ്യങ്ങളും ഭൂപ്രകൃതികളും സാങ്കൽപ്പിക വിവരണങ്ങളും അദ്ദേഹത്തിന്റെ സിനിമകളുടെ സവിശേഷതയാണ് .

ഗ്രീസിലെ ഏഥൻസിൽ 1935 ഏപ്രിൽ 27-ന് ജനിച്ച തിയോ ആഞ്ചലോ പൗലോസ്, ചരിത്രത്തെയും രാഷ്ട്രീയത്തെയും മനുഷ്യാവസ്ഥയെയും കുറിച്ചുള്ള തന്റെ വ്യതിരിക്തമായ ശൈലിക്കും ആഴത്തിലുള്ള അന്വേഷണത്തിനും പേരുകേട്ട ഒരു ഗ്രീക്ക് ചലച്ചിത്രകാരനായിരുന്നു.

ഗ്രീക്ക് ചരിത്രത്തിലെ പ്രക്ഷുബ്ധമായ ഒരു കാലഘട്ടത്തിലാണ് തിയോ ആഞ്ചലോ പൗലോസ് ഏഥൻസിൽ വളർന്നത്. ഏഥൻസിലെ നാഷണൽ ആൻഡ് കപോഡിസ്ട്രിയൻ യൂണിവേഴ്സിറ്റിയിൽ നിയമം പഠിച്ച അദ്ദേഹം പിന്നീട് സിനിമയിലേക്ക് തിരിഞ്ഞു . പാരീസിലെ സോർബോൺ യൂണിവേഴ്സിറ്റിയിൽ ചലച്ചിത്ര സംവിധാനം പഠിക്കാൻ ചേർന്നു.

1960-കളുടെ അവസാനത്തിൽ ആഞ്ചലോ പൗലോസ് തൻറെ ചലച്ചിത്രനിർമ്മാണ ജീവിതം ആരംഭിച്ചു, 1970-ൽ തന്റെ ആദ്യ ഫീച്ചർ സിനിമയായ പുനർനിർമ്മാണം സംവിധാനം ചെയ്തു. അദ്ദേഹത്തിൻറെ ആദ്യകാല സിനിമകളിൽ ദൃശ്യത്തിനുള്ളിലെ ദീർഘസമയവും അന്തരീക്ഷ ഛായാഗ്രഹണവും സാങ്കൽപ്പിക കഥപറച്ചിലും പ്രകടമാണ് . ആ ശൈലിയും ഉള്ളടവും പ്രതിപാദനവും ഒക്കെ ഗ്രീക്ക് സിനിമയിലെ ഒരു തനതായ ശബ്ദമായി മാറി . തന്റെ സിനിമകളിൽ ഉടനീളം, ആഞ്ചലോ പൗലോസ് പ്രമേയത്തിന്റെ കാവ്യാത്മകത, ദൃശ്യഭംഗി, സങ്കീർണ്ണത, ആഴത്തിലേക്ക് പ്രേക്ഷകനെ കൂട്ടിക്കൊണ്ടുപോകുന്ന മാധുര്യം എന്നിവയാൽ വ്യത്യസ്തമായ ലോകം സൃഷ്ടിച്ചു





. ആഞ്ചലോ പൗലോസിന്റെ സിനിമകളുടെ ഒരു പ്രത്യേകത ഓരോ ദൃശ്യത്തിലെയും സ്ഥല -കാല ക്രമീകരണമാണ് . നമ്മുടെ ബോധത്തെ ഉള്ളറകളിലേക്ക് സ്വാഗതം ചെയ്യുന്നു . സിനിമ എളുപ്പത്തിൽ കണ്ടുപോകാമെന്ന് ആരും വിചാരിക്കേണ്ട . അത് നമ്മുടെ ലോകാനുഭവ സ്വീകാര്യക്ഷമതയെ പരിപോഷിപ്പിക്കുന്നവയാണ് . ഇത്തരം ഒരു ധ്യാനലീനത താർകോവ്സ്കിയുടെ സിനിമകളിലും കാണാം . പ്രകൃതിദൃശ്യങ്ങളുടെ അന്തരീക്ഷം മറ്റൊരു പ്രത്യേകതയാണ് . നാം സവിശേഷമായി ഉൾക്കൊള്ളേണ്ട ഒരു കാര്യം കഥപറച്ചിലിന്റെ സ്വച്ഛമായ വേഗതയാണ് . ഗ്രീക്ക് ചരിത്രം, പുരാണങ്ങൾ, സാഹിത്യം എന്നിവയിൽ നിന്നുള്ള പ്രചോദനവും വ്യക്തിപരവും രാഷ്ട്രീയവുമായ ആഖ്യാനങ്ങളും ഒരുമിച്ച് ചേർത്ത്



അദ്ദേഹം ഓരോ സൃഷ്ടിയെയും കലാപരമായി സമ്പന്നമാക്കി .
കാൻ ഫിലിം ഫെസ്റ്റിവലിലെ ഗ്രാൻഡ് ജൂറി പ്രൈസും വെനീസ് ഫിലിം ഫെസ്റ്റിവലിലെ ഗോൾഡൻ ലയണും ഉൾപ്പെടെ നിരവധി അവാർഡുകളും ബഹുമതികളും ആഞ്ചലോ പൗലോസിന് ലഭിച്ചിട്ടുണ്ട് . ലോകമെമ്പാടു മുള്ള പ്രേക്ഷകരിലും ചലച്ചിത്ര നിർമ്മാതാക്കളിലും അദ്ദേഹത്തിൻറെ സിനിമകൾ ശാശ്വത സ്വാധീനം ചെലുത്തിക്കൊണ്ട് യൂറോപ്യൻ സിനിമയുടെ മാസ്റ്റർമാരിൽ ഒരാളായി അദ്ദേഹം ആദരിക്കപ്പെടുന്നു.

ദൗർഭാഗ്യകരമെന്നു പറയട്ടെ, 2012 ജനുവരിയിൽ തന്റെ അവസാന ചിത്രമായ ദ അദർ സീ ചിത്രീകരിക്കുന്നതിനിടയിലുണ്ടായ ഒരു മോട്ടോർ സൈക്കിൾ അപകടത്തെ തുടർന്ന് തിയോ ആഞ്ചലോ പൗലോസ് 76-ആം വയസ്സിൽ മരണത്തിന് കീഴടങ്ങി.

ലോകമെമ്പാടുമുള്ള സമുന്നത പ്രേക്ഷകരെയും സംവിധായകരെയും ഇന്നും പ്രചോദിപ്പിക്കുകയും ആകർഷിക്കുകയും ചെയ്യുന്ന ഈ മഹാനായ ചലച്ചിത്രകാരൻറെ ഓർമ്മകൾക്ക് മുന്നിൽ സ്നേഹാഞ്ജലി. ●



ഫിലിം വിഷൻ
Theo Angelo Poulose Film Festival
PUBLISHED BY FILCA FILM SOCIETY
KSFDC കേരള ഭാഗ്യക്കുറി

# തിയോ ആഞ്ചെലോപൗലോയുടെ സിനിമകൾ




അർപ്പണ
അഭിനേത്രി&വൈസ് പ്രസിഡൻറ്, ഫിൽക്ക.




സ്ലോ സിനിമ വിഭാഗത്തിൽ നിന്നുള്ള സിനിമകൾ പലപ്പോഴും കലയോടുള്ള ധ്യാനാത്മകമായ സമീപനത്തിന്റെ സവിശേഷത യാണ്. ലോങ്ങ് ടേക്കുകളിൽ മുഴുകുക യും ഫ്രെയിമിൽ ഉൾപ്പെടുന്നവയെ കൂടി അർത്ഥവത്തായി, ചിന്താപരമായി സംയോജിപ്പി ച്ച് പ്രതിഫലിപ്പിക്കുകയും ചെയ്യുന്നു.

ആഖ്യാനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനു പകരം, കാഴ്ചയുടെ ബോധധാരയിൽ ലയിക്കുമാറ് സ്ഥല-കാലത്തെ പ്രമേയത്തിന് അനുയോജ്യമായ രീതിയിൽ പരിപാലിക്കുന്നു . മിനി മലിസ്റ്റ് തത്ത്വചിന്തകളിലൂടെയും ക്ഷമയിലൂടെയും ലോകത്തെ അന്വേഷിക്കുകയും വെളിപ്പെടുത്തുകയും ചെയ്യുന്നു.

സ്ലോ സിനിമാ വിഭാഗത്തിൻറെ ഐക്കണുകളിൽ ഒരാളായ തിയോ ആഞ്ചെലോപൗലോ വിശദീകരിക്കുന്നു : ദീർഘമായ കാലപ്രമാണത്തിൽ പ്രവർത്തിക്കാനുള്ള തിരഞ്ഞെടുപ്പാണ് ഉദ്ദേശിക്കുന്നതെങ്കിൽ, അത് സ്വാഭാവിക തിരഞ്ഞെടുപ്പായിരിക്കണം . സ്ഥലത്തിന്റെയും കാലത്തിൻറെയും ഐക്യമായി ദൃശ്യക്ഷേത്രത്തെ സ്വാഭാവിക സമയവുമായി സംയോജിപ്പിക്കേണ്ടതിന്റെ ആവശ്യകതയുണ്ട് . സമയമായി മാറുകയാണ് ഇടം . ഇതിനെ പ്രവർത്തനത്തിനും അതിന്റെ കാത്തിരിപ്പിനും ഇടയിലുള്ള ഡെഡ് ടൈം എന്ന് വിളിക്കാം .സാധാരണയായി എഡിറ്റർ കട്ടിംഗ്




റൂമിൽ ചെയ്യുന്നത് ഷോട്ടുകളുടെ നിരവധി കൂട്ടിച്ചേർക്കലുകളാണ് . എന്നാൽ ശ്വസിക്കുക യും ഉച്ഛ്വസിക്കുകയും ചെയ്യുന്ന ഒരു ജീവനുള്ള കോശമായി ഷോട്ടിനെ സങ്കൽപ്പിക്കുക . ആ ധാരണയിൽ കൗതുകകരവും ജാഗരൂകവുമായ ഒരു ചിന്താപ്രക്രിയയായി സ്ഥല - കാല ബന്ധം മാറുന്നു .

ദി ട്രാവലിംഗ് പ്ലെയേഴ്സ് (1975) എന്ന ക്ലാസിക് ഉൾപ്പെടെയുള്ള തിയോ ആഞ്ചലോപൗലോയുടെ സിനിമകളിൽ സ്വത്വം, പ്രണയം, നഷ്ടം, ഓർമ്മ, മരണം എന്നിവയും രാഷ്ട്രീയ മനനത്തിന്റെ, അപഗ്രഥനത്തിന്റെ അടിയൊഴുക്കുകളും



ദി ട്രാവലിംഗ് പ്ലെയേഴ്സ്

കാണാം . സിനിമയുടെ യഥാർത്ഥ അനുഭവം അതിനാൽ കാഴ്ചയ്ക്ക് അപ്പുറം സഞ്ചരിക്കുന്നു . ഒരു ഉപന്യാസ രീതിയിലേക്ക് കൂടി മാറുന്നു . സംവേദനക്ഷമതയുടെ ഈ വികാസം ആഞ്ചലോപൗലോയുടെ തനതായ ചലച്ചിത്ര ചിന്താഗതിയെയും ഏറ്റവും ഉന്നത നിലവാരത്തിലുള്ള സാംസ്കാരിക നിമിഷങ്ങളെയുമാണ് നമുക്ക് കൈമാറുന്നത് . സിനിമ എന്ന കലാരൂപത്തിൻറെ അസാധാരണമായ പുതുമ നാം തിരിച്ചറിയുന്നു .

വോയേജ് ടു സൈതേറ (1984) മുതൽ, അവസാന ചിത്രമായ ദി ഡസ്റ്റ് ഓഫ് ടൈം (2009) വരെ, ആഞ്ചലോപൗലോയുടെ പ്രശ്നക്കാരായ





വോയേജ് ടു സൈതേറ

നായകന്മാർ അർത്ഥവും ലക്ഷ്യവും തേടുന്നവരാണ് . അവർ പലപ്പോഴും പ്ലേറ്റോ, മാർടിൻ ഹൈഡെഗർ, ഹന്നാ ആരെൻഡ്, ലൂക്കാച്ച് എന്നിവരുടെ ചിന്തകളിൽ പരോക്ഷമായും വ്യക്തമായും വ്യാപരിക്കുന്നു .


തിയോ ആഞ്ചലോപൗലോ, സമ്പന്നമായ ദൃശ്യഭാഷയും കണ്ണിന്റെ കാവ്യശാസ്ത്രവും അന്വേഷിക്കുന്നു . കൂടാതെ ദൈനംദിന ജീവിത സന്ദർഭങ്ങളിലൂടെ അഗാധമായ ആശയവിനിമയം നടത്തുന്നു . വൈദഗ്ധ്യത്തോടെ വൈരുദ്ധ്യങ്ങളെ ഉൾക്കൊള്ളുന്നു . ഹൃദയത്തിൽ അസ്വസ്ഥമാക്കുന്ന ചോദ്യങ്ങൾ ഉദ്ഘോഷിക്കുന്നു . ദൃശ്യവായന അദ്ദേഹത്തിന്റെ ചലച്ചിത്ര സൃഷ്ടികളിൽ സാധ്യമാക്കുന്നു .റീകൺസ്ട്രക്ഷൻ (1970) ആഞ്ചലോപൗലോയു ടെ ആദ്യ ഫീച്ചർ ഫിലിം. തൻറെ ഭൂതകാലത്തെ പുനർനിർമ്മിക്കാൻ യത്നിക്കുന്ന ഒരു മനുഷ്യന്റെ കഥയിലൂടെ ഓർമ്മയുടെയും സ്വത്വത്തിന്റെയും അന്വേഷണം .

ദി ട്രാവലിംഗ് പ്ലെയേഴ്സ് (1975) രാഷ്ട്രീയ പ്രക്ഷോഭങ്ങളുടെയും സാമൂഹിക മാറ്റങ്ങളുടെയും ചരിത്രത്തിലൂടെ , സഞ്ചാരികളായ ഒരു കൂട്ടം അഭിനേതാക്കൾ പൊയ്പ്പോയ ദശാബ്ദങ്ങളിലെ ഗ്രീസിനെ ഓർമ്മിപ്പിക്കുന്നു .



1930-കൾ മുതൽ 1950-കൾ വരെയുള്ള വിവിധ ഘട്ടങ്ങളിലെ രാഷ്ട്രീയ പ്രക്ഷുബ്ധതയെ പകർത്തുന്നു.


ദി ഹണ്ടേഴ്സ് (1977) ഗ്രീക്ക് ആഭ്യന്തര യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ, മോഷ്ടിച്ച ആയുധങ്ങളുടെ ഒരു ശേഖരം വീണ്ടെടുക്കാനുള്ള ഒരു കൂട്ടം സൈനികരുടെ കഥയാണ് ഈ സിനിമ പറയുന്നത്.




അലക്സാണ്ടർ ദി ഗ്രേറ്റ് (1980) പുരാതന ഗ്രീക്ക് സൈന്യാധിപൻ അലക്സാണ്ടർ ദി ഗ്രേറ്റിനെ കുറിച്ചുള്ള ഒരു ജീവചരിത്ര ചിത്രം. വോയേജ് ടു സൈതേറ (1984) കാൻ ഫിലിം ഫെസ്റ്റിവലിലെ ഫിപ്രസി സമ്മാനം നേടിയ ചിത്രം. വർഷങ്ങളോളം പ്രവാസജീവിതം നയിച്ച് ഗ്രീസിലേക്ക് മടങ്ങുന്ന ഒരു വൃദ്ധ നായ കമ്മ്യൂണിസ്റ്റിൻറെ കഥ പറയുന്നു. നിരാശയും രാഷ്ട്രീയ വഞ്ചനയുമാണ് തിരിച്ചെത്തുമ്പോൾ അയാൾ ഗ്രീസിൽ കാണുന്നത് .


ദി ബീ കീപ്പർ (1986) മാർസെല്ലോ മാസ്ട്രോയോണി അഭിനയിച്ച ഈ ചിത്രം, അധ്യാപകനും എന്നാൽ തേനീച്ച വളർത്തൽകാരനുമായ ഒരാൾ തേനീച്ച കൂടുകളുമായി , വസന്തപുഷ്പങ്ങൾ തേടി , ഗ്രീക്ക് നാട്ടിൻപുറങ്ങളിലൂടെ നടത്തുന്ന യാത്ര . രാഷ്ട്രീയ പ്രതിഷേധത്തിന്റെ മൗനവും അതൃപ്തിയുമുള്ള കഥാപാത്രം . കഴിഞ്ഞ നൂറ്റാണ്ടിലെ ഗ്രീസിലെ യുദ്ധചരിത്രത്തിന്റെ ഓർമ്മകളും ആധിപത്യവും അതിനു കീഴിൽ ജീവിതത്തിൻറെ അർത്ഥവും ബന്ധവും തേടിയുള്ള ദുരന്തയാത്ര.

ലാൻഡ്സ്കേപ്സ് ഇൻ ദി മിസ്റ്റ് (1988) വെനീസ് ഫിലിം ഫെസ്റ്റിവലിലെ സിൽവർ ലയൺ അവാർഡിന് അർഹമായ ഈ ചിത്രം, പിരിഞ്ഞുപോയെന്ന് കരുതുന്ന പിതാവിനെ കുറിച്ചുള്ള കഥകേട്ട് ഗ്രീസിൽ നിന്ന് ജർമ്മനിയിലേക്ക് ഒളിച്ചോടുന്ന രണ്ട് കൊച്ചു സഹോദരങ്ങളുടെ യാത്ര അവതരിപ്പിക്കുന്നു.




ദി സസ്പെൻഡഡ് സ്റ്റെപ്പ് ഓഫ് ദ സ്റ്റോർക്ക് (1991) മാർസെല്ലോ മാസ്ട്രോയോണിയും ജീൻ മോറോയും അഭിനയിച്ച ഈ സിനിമ, ഗ്രീക്ക് -ടർക്കിഷ് അതിർത്തിക്ക് സമീപം അലഞ്ഞു തിരിയുന്ന ഒരു നിഗൂഢ അഭയാർത്ഥിയുടെ വ്യക്തിത്വത്തെക്കുറിച്ച് അന്വേഷിക്കുന്ന ഒരു പത്രപ്രവർത്തകന്റെ കഥ പറയുന്നു .

ഫിലിം വിഷൻ
Theo Angelo Poulose Film Festival
PUBLISHED BY FILCA FILM SOCIETY
KSFDC
കേരള ഭാഗ്യക്കുറി





യുളീസസ് ഗെയ്സ് (1995) ഹാർവി കീറ്റൽ അഭിനയിച്ച ഈ സിനിമ, വ്യക്തിപരവും രാഷ്ട്രീയവുമായ വിവരണങ്ങളിലൂടെ സ്വത്വം, പ്രവാസം, സിനിമയുടെ കരുത്ത് എന്നിവയെക്കുറിച്ചുള്ള പ്രമേയങ്ങൾ അവതരിപ്പിക്കുന്നു . ബാൾക്കൺ പ്രദേശത്ത് ഒരു ഫിലിം റോൾ കണ്ടെടുക്കാനുള്ള അന്വേഷണത്തിൽ ഒരു ഗ്രീക്ക്-അമേരിക്കൻ ചലച്ചിത്രകാരൻ അഭിമുഖീകരിക്കുന്ന രാഷ്ട്രീയ ഹിംസയുടെ വേദനിപ്പിക്കുന്ന സംഭവങ്ങൾ.

എറ്റേണിറ്റി ആൻഡ് എ ഡേ (1998) കാൻ ഫിലിം ഫെസ്റ്റിവലിലെ പാം ഡി ഓർ അവാർഡ് നേടിയ സിനിമ . ഒരു യുവ അൽബേനിയൻ അഭയാർത്ഥിയുമായി വാത്സല്യ ബന്ധം പുലർത്തുന്നതിനിടയിൽ മാരകരോഗിയായ ഒരു എഴുത്തുകാരന്റെ ജീവിതത്തെയും മരണത്തെയും ഓർമ്മകളെയും സ്വപ്നങ്ങളെയും പ്രതിഫലിപ്പിക്കുന്നു .

ദ വീപ്പിംഗ് മെഡോ (2004) രണ്ടാം ലോകമഹായുദ്ധവും ഗ്രീക്ക് ആഭ്യന്തരയുദ്ധവും ഉൾപ്പെടെ ഇരുപതാം നൂറ്റാണ്ടിലെ പ്രക്ഷുബ്ധമായ സംഭവങ്ങളിലൂടെയുള്ള ഒരു ഗ്രീക്ക് കുടുംബത്തിന്റെ യാത്രയാണ് ഈ സിനിമ.
ദ ഡസ്റ്റ് ഓഫ് ടൈം (2008) പ്രണയം, നഷ്ടം, ഓർമ്മ എന്നിവയിലൂടെ ദശാബ്ദങ്ങളിലും ഭൂഖണ്ഡങ്ങളിലും വ്യാപിച്ചുകിടക്കുന്ന ഒന്നിലധികം ആഖ്യാനങ്ങളെ ചേർത്തു വയ്ക്കുന്നു .


കാവ്യാത്മകത, ദൃശ്യഭംഗി, ഗ്രീക്ക് ചരിത്രത്തിൻറെയും സംസ്കാരത്തിന്റെയും ആഴത്തിലുള്ള ആവിഷ്കാരം എന്നിവയിലൂടെ ലോകസിനിമയിൽ അതുല്യ പദവിയിൽ , ഫിലിം മാസ്റ്റർ എന്ന നിലയിൽ , ആദരിക്കപ്പെടുന്ന അവിസ്മരണീയ ചലച്ചിത്ര സംവിധായകനാണ് തിയോ ആഞ്ചലോ പൗലോ .



# ഇന്നും സ്വാധീനിക്കുന്ന ഗ്രീക്ക് പൈതൃകം




അഡ്വ.ബിന്ദു. ആർ



ഹേ ഫാസ്റ്റസ് ക്ഷേത്രം

ലോക ചരിത്രത്തിൽ ഗ്രീസ്, പാശ്ചാത്യ നാഗരികതയുടെ വിവിധ വശങ്ങളെ സ്വാധീനിച്ചതിൽ , പ്രാധാന്യമുള്ള സ്ഥാനം തന്നെ അടയാളപ്പെടുത്തുന്നു. ബി. സി.അഞ്ചാം നൂറ്റാണ്ടിന്റെയും നാലാം നൂറ്റാണ്ടിന്റെയും ക്ലാസിക്കൽ കാല ഘട്ടത്തിൽ ശാസ്ത്രീയ കല കളുടെ മേഖലയിൽ നൽകിയ സംഭാവനകളുടെ പേരിൽ പുരാതന ഗ്രീസ് സംസ്കാരിക ചരിത്ര ത്തിൽ പ്രശസ്തിയാർജിച്ചത് . മനുഷ്യന്റെയും മറ്റും ജീവൻ തുടിക്കുന്ന മാതൃകകളുടെ കൽപ്പന കൊണ്ടും വൈദഗ്ധ്യം കൊണ്ടും ഗ്രീക്ക് ശില്പ കല അതിന്റെ ഔന്നത്യത്തിലെത്തിയ സമയ മാണത്. ക്ലാസിക്കൽ ഗ്രീക്ക് കലാവൈഭവം കൊണ്ടും പുതുമ കൊണ്ടും സ്വാധീന ശക്തി കൊണ്ടും ആഘോഷിക്കപ്പെട്ട ഒന്നാണ് ഗ്രീക്ക് വാസ്തുവിദ്യയും.

പുരാതന ഗ്രീക്കുകാർ വികസിപ്പിച്ചെടുത്ത ടോറിക് അയോണിക് കോറിന്ത്യൻ ക്രമങ്ങൾ അവരുടെ പ്രധാനപ്പെട്ട വാസ്തുവിദ്യ ശൈലി ആയിരുന്നു.. ഏദൻസിലെ പാർത്തിനോൻ ക്ഷേത്രം, അതുപോലെ ഹേഫാസ്റ്റസ് ക്ഷേത്രം തുടങ്ങിയവ ഗ്രീക്ക് വാസ്തുവിദ്യയുടെ ഉത്തമ ഉദാഹരണങ്ങളാണ്. പുരാതന ഗ്രീക്ക് സാഹിത്യം ലോക സംസ്കാരത്തിൽ ശാശ്വത മായി അടയാളപ്പെടുത്തിയിരിക്കുന്നു. ഹോമറിന്റെ ഇലിയഡ്, ഒഡീസി എന്നീ ഇതി ഹാസകാവ്യങ്ങൾ പാശ്ചാത്യ സാഹിത്യത്തിന്റെ തന്നെ അടിസ്ഥാനശിലകളാണ്. എസ്കിലസ്, സോഫോക്ലീസ്, യൂറിപ്പിഡിസ് എന്നിവർ ഗ്രീക്ക് ദുരന്ത നാടകകൃത്തുക്കൾ എന്നറിയപ്പെട്ടപ്പോൾ അരിസ്റ്റോഫെനിസ്സ് ശുഭാന്ത്യ നാടകകൃത്ത് ആയിരുന്നു.



സോക്രട്ടീസ്

നൂറ്റാണ്ടുകളുടെ തത്വചിന്തയ്ക്ക് രൂപംകൊടുത്ത സോക്രട്ടീസ് ,പ്ലേറ്റോ അരിസ്റ്റോട്ടിൽ തുടങ്ങിയ തത്വ ചിന്തകരുടെ ജന്മനാടായ പുരാതന ഗ്രീസ് യൂറോപ്യൻ തത്വചിന്തയുടെ ജന്മസ്ഥലം ആയി കണക്കാക്കപ്പെടുന്നു. തത്വശാസ്ത്രം , ജ്ഞാന ശാസ്ത്രം, നീതിശാസ്ത്രം തുടങ്ങിയവയിൽ

ഇവർ നൽകിയ സംഭാവനകൾ പാശ്ചാത്യ ഭൗതികവാദ പാരമ്പര്യത്തിന് തന്നെ അടിത്തറയേകി.പുരാതന ഗ്രീസിൽ ഡയോണിഷ്യസിനെ ആദരിച്ചു കൊണ്ടുള്ള മതപരമായ ആഘോഷങ്ങളിൽ നിന്നാണ് ഗ്രീക്ക് നാടകം അഥവാ ഗ്രീക്ക് തിയേറ്റർ രൂപം കൊണ്ടത്. തുറന്ന ആംഫി തിയേറ്ററുകളിൽ അരങ്ങേറിയ ദുരന്ത നാടകങ്ങളും ഹാസ്യ നാടകങ്ങളും പ്രേക്ഷകർക്ക് വിനോദത്തോടൊപ്പം ചിന്തകളും പകർന്നു കൊടുത്തു.

മതപരമായ ചടങ്ങുകൾക്കും കലാപ്രകടനങ്ങൾക്കും പശ്ചാത്തലമേകിയ ലയർ, തുടങ്ങിയ വാദ്യോപകരണങ്ങൾ ഗ്രീക്ക് സംസ്കാരത്തിൽ ഒരു പ്രധാന പങ്കുതന്നെ വഹിച്ചിരുന്നു. ദൈവങ്ങളും വീര പരിവേഷമുള്ള നായകന്മാരും ഒപ്പം ഭീകരരൂപികളും ഒക്കെ ചേർന്ന് ഒരു വലിയ നിര ഗ്രീക്ക് ഐതിഹ്യങ്ങളെ ശ്രദ്ധേയമാക്കി. സീയൂസിന്റെ നേതൃത്വത്തിലുള്ള ഒളിമ്പ്യൻ ദൈവങ്ങൾ മനുഷ്യന്റെയും പ്രകൃതിയുടെയും വിവിധ ഭാവതലങ്ങളെ പ്രതിനിധീകരിച്ചു. ഗ്രീക്ക് മതപരമായ ചടങ്ങുകളും ഉത്സവങ്ങളും എല്ലാം അന്നത്തെ ഗ്രീക്ക് സമൂഹത്തിന്റെ സ്വഭാവവും ജീവിതരീതിയും ഒക്കെയായി ഇഴചേർന്ന് കിടക്കുന്നതായിരുന്നു.സമകാലിക ഗ്രീക്ക് സംസ്കാരം പുരാതന ഗ്രീക്ക് സംസ്കാരത്തിന്റെയും ആധുനിക സംസ്കാര ത്തിന്റെയും സമ്മിശ്രമാണ്.

ഈസ്റ്റർ ആഘോഷങ്ങളും ഏദൻസ് എപ്പിഡോറൻസ് ഫെസ്റ്റിവലും ഉൾപ്പെടെ നൃത്തം, സംഗീതം തുടങ്ങിയ എല്ലാ കലാരൂപങ്ങളും ആധുനിക ഗ്രീക്ക് സംസ്കാരത്തിന്റെ ഗരിമ വിളിച്ചോതുന്നതാണ്. ഗ്രീക്ക് സംസ്കാരം ഇന്നും ലോകമെമ്പാടുമുള്ള കലയെയും സംസ്കാരത്തെയും എല്ലാം സ്വാധീനിക്കുന്നു എന്നത് ലോകത്തിലെ തന്നെ ഏറ്റവും പുരാതനമായ നാഗരികതയുടെ ശക്തമായ പാരമ്പര്യത്തിന്റെ സാക്ഷ്യപ്പെടുത്തൽ ആണ്.

കല, തത്വചിന്ത, സാഹിത്യം, രാഷ്ട്രീയം , വൈദ്യശാസ്ത്രം, വാസ്തുവിദ്യ, യുദ്ധതന്ത്രം , നാഗരികത, ഇതര പരീക്ഷണങ്ങൾ , കണ്ടുപിടുത്തങ്ങൾ , പര്യവേക്ഷണങ്ങൾ , നാവികസേന, വിദേശ വാണിജ്യം അങ്ങനെ ഒട്ടേറെ രംഗങ്ങളിൽ വളരെ മുന്നിലായിരുന്നു ഗ്രീക്ക് പൈതൃകം. ഇന്നും ഗ്രീസിൽ മാത്രമല്ല, മറ്റ് രാജ്യങ്ങളിലും ചലച്ചിത്രം പോലുള്ള ഉന്നത കലാസൃഷ്ടികൾക്ക് പ്രിയങ്കരവും പ്രചോദനവുമാണ് ഗ്രീക്ക് സാംസ്കാരിക പൈതൃകം. ●



ആംഫി തിയേറ്റർ

# ഗ്രീസിന്റെ രാഷ്ട്രീയ ചരിത്രം ഒറ്റനോട്ടത്തിൽ



ജയചന്ദ്രൻ കല്ലികൽ
(ജനറൽ സെക്രട്ടറി , ജോയിന്റ് കൗൺസിൽ)

കലയുടെ ചരിത്രകഥയിലേക്ക് എത്തിനോക്കുമ്പോൾ നരവംശ ചരിത്രത്തോടൊപ്പം സാംസ്കാരിക മാനവ ചരിത്രം കൂടി സമാന്തരപ്പെടുത്തേണ്ടതാണ് . ഏതൊരു ദേശത്തിന്റെയും കലാ - സാഹിത്യ സമ്പത്ത് മനുഷ്യ ചരിത്രത്തിലെ അമൂല്യ നിധിപോലെയാ ണ് . ചലച്ചിത്ര പഠനത്തിന് ഇതൊക്കെ ആവശ്യ മാണോ എന്ന് ചോദിച്ചാൽ , തീർച്ചയായും സാമൂഹിക ഗതിനിർണ്ണയിക്കുന്ന മുൻനിര ശക്തിയാണ് കലാരൂപം എന്നുതന്നെ പറയാം . അപ്പോൾ ആധുനിക ലോകത്തിന്റെ സവിശേഷ കലാരൂപമായ ചലച്ചിത്രകലയ്ക്ക് അത്രമേൽ ആഴങ്ങളും വ്യാപ്തിയുമുണ്ട് .

തിയോ ആഞ്ചലോ പൗലോസ് എന്ന ഗ്രീക്ക് ചലച്ചിത്രകാരന്റെ പ്രധാന സൃഷ്ടികൾ നാ മിവിടെ പ്രദർശിപ്പിക്കാൻ പോകുകയാണ് . ആഴത്തിലേക്കുള്ള അതുല്യവും അപൂർവ്വവുമായ ചിന്താധാരയുടെ ഒഴുക്കിൽ നാം ആസ്വാദന ശേഷിയുമായി നീരാടാൻ പോകുമ്പോൾ ഗ്രീസിന്റെ രാഷ്ട്രീയ പശ്ചാത്തലം കൂടി അല്പമെങ്കിലും അറിഞ്ഞിരിക്കേണ്ട തുണ്ട്. അങ്ങനെയെങ്കിൽ ആസ്വാദനം കൂടുതൽ രസപ്രദായകമാവും . കാരണം ഓരോ സൃഷ്ടിയും അതിന്റെ സാംസ്കാരിക ബൗദ്ധിക കലവറയിൽ നിന്നാണ് രൂപാന്തരപ്പെടുന്നത് .

ഗ്രീസിന്റെ രാഷ്ട്രീയ ചരിത്രം , അതിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃകത്തെയും നൂറ്റാണ്ടുകളായി നേരിട്ട നിരവധി വെല്ലുവിളികളെയും മാറ്റങ്ങളെയും ഉൾക്കൊള്ളുന്നു . ഒപ്പം അതിന്റെ പ്രതിരോധത്തെയും പ്രതിഫലിപ്പിക്കുന്നു.



ജനാധിപത്യം, രാജവാഴ്ച, സ്വേച്ഛാധിപത്യം, വിദേശ ഭരണം, പട്ടാളഭരണം എന്നിവയുടെ കാലഘട്ടങ്ങളാൽ അടയാളപ്പെടുത്തപ്പെട്ട, സഹസ്രാബ്ദങ്ങളിലൂടെ നെയ്തെടുത്ത , സങ്കീർണ്ണമായ പരവതാനിയാണ് ഗ്രീസ്.

പുരാതന ഗ്രീസ് ജനാധിപത്യത്തിന്റെ ജന്മസ്ഥലമായി കണക്കാക്കപ്പെടുന്നു. ഏഥൻസ്, സ്പാർട്ട തുടങ്ങിയ നഗര-സംസ്ഥാനങ്ങൾ തനതായ രാഷ്ട്രീയ സംവിധാനങ്ങൾ വികസിപ്പിച്ചെടുത്തു. പെരിക്ളീനെപ്പോലുള്ള നേതാക്കളുടെ കീഴിൽ ബി.സി. ഇ അഞ്ചാം നൂറ്റാണ്ടിൽ ഏഥൻസ് ജനാധിപത്യം നടപ്പിലാക്കി. എന്നിരുന്നാലും, ഈ ജനാധിപത്യങ്ങൾ സ്ത്രീകളും അടിമകളും വിദേശികളും ഒഴികെയുള്ള സ്വതന്ത്ര പുരുഷ പൗരന്മാർക്ക് മാത്രമായി പരിമിതപ്പെടുത്തിയിരുന്നു .




ബി. സി നാലാം നൂറ്റാണ്ടിൽ അലക്സാണ്ടർ ചക്രവർത്തി കീഴടക്കിയതിനെത്തുടർന്ന് , ഗ്രീസ് വിവിധ ഹെല്ലനിസ്റ്റിക് രാജ്യങ്ങളുടെ ഭരണത്തിന്റെ കീഴിലായി. മാസിഡോണിയൻ സാമ്രാജ്യം, സെല്യൂസിഡ് സാമ്രാജ്യം തുടങ്ങിയ രാജ്യങ്ങൾ ഗ്രീക്ക് സംസ്കാരത്തിൽ അവരുടെ പ്രാദേശിക ആചാരങ്ങളും രാഷ്ട്രീയ ഘടനകളും സമന്വയിപ്പിച്ചു.

ബി . സി . രണ്ടാം നൂറ്റാണ്ടിൽ , ഗ്രീസ് റോമൻ റിപ്പബ്ലിക്കിലും പിന്നീട് റോമൻ സാമ്രാജ്യത്തിലുമായി . ഈ കാലയളവിൽ, ഗ്രീക്ക് സംസ്കാരം തഴച്ചുവളരുമ്പോൾ, രാഷ്ട്രീയ അധികാരം റോമിലേക്ക് മാറുകയും ഗ്രീസ് രാഷ്ട്രീയമായി റോമാ സാമ്രാജ്യത്തിന്റെ ഒരു പ്രവിശ്യയായി മാറുകയും ചെയ്തു.

നാലാം നൂറ്റാണ്ടിൽ , റോമൻ സാമ്രാജ്യത്തിന്റെ വിഭജനത്തോടെ ഗ്രീസ് ബൈസൻറൈൻ സാമ്രാജ്യത്തിന്റെ ഭാഗമായി. കോൺസ്റ്റാൻറിനോപ്പിൾ (ഇന്നത്തെ ഇസ്താംബുൾ) ബൈസൻറൈൻ സാമ്രാജ്യത്തിൻറെ തലസ്ഥാനമായി. ഗ്രീക്ക് സംസ്കാരം ആ സാമ്രാജ്യത്തിനുള്ളിൽ, പ്രത്യേകിച്ച് കിഴക്കൻ പ്രദേശങ്ങളിൽ സ്വാധീനം ചെലുത്തി. കോൺസ്റ്റാൻറിനോപ്പിളിന്റെ പതനത്തെത്തുടർന്ന് ഗ്രീസ് , പതിനഞ്ചാം നൂറ്റാണ്ടിൽ ഗ്രീസ് ഓട്ടോ മൻ ഭരണത്തിന്റെ കീഴിലായി. 1821-ൽ ആരംഭിച്ച ഗ്രീക്ക് സ്വാതന്ത്ര്യ യുദ്ധം, 1830-ൽ ഓട്ടോമൻ നിയന്ത്രണത്തിൽ നിന്ന് ഗ്രീസിനെ സ്വതന്ത്രമാ ക്കുന്നതിലേക്ക് നയിച്ചു. ഗ്രീസ് എന്ന സ്വതന്ത്ര രാജ്യം സ്ഥാപിക്കപ്പെട്ടു.

1830-ൽ സ്ഥാപിതമായ ഗ്രീസ് രാജ്യം തുടക്കത്തിൽ ഭരണഘടനാപരമായ രാജവാഴ്ച സ്വീകരിച്ചു. എന്നിരുന്നാലും, രാഷ്ട്രീയ അസ്ഥിരതയും അയൽ ശക്തികളുമായുള്ള സംഘർഷങ്ങളും പത്തൊമ്പതാം നൂറ്റാണ്ടിന്റെയും ഇരുപതാം നൂറ്റാണ്ടിന്റെയും സവിശേഷതയായിരുന്നു. 1930-കളിലെ ഇയോന്നിസ് മെറ്റാക്സസിന്റെ സ്വേച്ഛാധിപത്യം ഉൾപ്പെടെയുള്ള സ്വേച്ഛാധിപത്യ ഭരണത്തിൻറെ കാലഘട്ടങ്ങൾ ഗ്രീസ് അഭിമുഖീകരിച്ചു .

ഒന്നാം ലോകമഹായുദ്ധത്തിലും രണ്ടാം ലോകമഹായുദ്ധത്തിലും ഗ്രീസ് ഒരു പ്രധാന പങ്ക് വഹിച്ചു. രണ്ടാം ലോകമഹായുദ്ധസമയത്ത്, ഗ്രീസ് അച്ചുതണ്ട് ശക്തികൾ കൈവശപ്പെടുത്തി. ഇത് ക്രൂരമായ അധിനിവേശത്തിലേക്കും ചെറുത്തുനിൽപ്പിലേക്കും നയിച്ചു. യുദ്ധത്തെത്തുടർന്ന്, കമ്മ്യൂണിസ്റ്റ്, കമ്മ്യൂണിസ്റ്റ് ഇതര വിഭാഗങ്ങൾ തമ്മിലുള്ള ആഭ്യന്തരയുദ്ധം ഉൾപ്പെടെയുള്ള രാഷ്ട്രീയ പ്രക്ഷുബ്ധതയുടെ ഒരു കാലഘട്ടം ഗ്രീസ് അനുഭവിച്ചു.

രണ്ടാം ലോകമഹായുദ്ധത്തിൽ നിന്ന് ഒരു രാജവാഴ്ചയോടെ ഗ്രീസ് ഉയർന്നുവന്നു, പക്ഷേ രാഷ്ട്രീയ അസ്ഥിരത നിലനിന്നു. 1967-ൽ, ഒരു കൂട്ടം സൈനിക ഉദ്യോഗസ്ഥർ അട്ടിമറിയിലൂടെ അധികാരം പിടിച്ചെടുത്തു, 1974 വരെ നീണ്ടുനിന്ന ഒരു സൈനിക സ്വേച്ഛാധിപത്യം സ്ഥാപിച്ചു. ഒടുവിൽ സ്വേച്ഛാധിപത്യം അട്ടിമറിക്കപ്പെടുകയും ഗ്രീസിൽ ജനാധിപത്യം പുനഃസ്ഥാപിക്കപ്പെടുകയും ചെയ്തു.1974-ൽ ജനാധിപത്യം പുനഃസ്ഥാപിക്കപ്പെട്ടതു മുതൽ, ഗ്രീസ് ഒരു പാർലമെന്ററി റിപ്പബ്ലിക്കായി പ്രവർത്തിക്കുന്നു. ഈ ന്യൂ

ഡെമോക്രസി, പാൻ - ഹെലെനിക് സോഷ്യലിസ്റ്റ് മൂവ്മെൻറ് പോലുള്ള രാഷ്ട്രീയ പാർട്ടികൾ മാറിമാറി അധികാരത്തിൽ വന്നു .


അതേസമയം ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ അഴിമതി ,സ്വജനപക്ഷപാതം , രാഷ്ട്രീയത്തിലെ മാഫിയവൽക്കരണം , പാർട്ടി ഗുണ്ടായിസം , ഉൽപ്പാദന രംഗങ്ങളോടുള്ള അവഗണന , വിലക്കയറ്റം , കടമെടുപ്പ് , സാമ്പത്തിക പ്രതിസന്ധി തുടങ്ങി ഒട്ടേറെ പ്രശ്നങ്ങളെയും സാമ്പത്തിക വെല്ലുവിളികളെയും ഗ്രീസ് അഭിമുഖീകരിച്ചു.
പുരാതനവും ആധുനി കവുമായ ഗ്രീക്ക് രാഷ്ട്രീയ അന്തരീക്ഷത്തിന്റെ കലാപരമായ ആഖ്യാനങ്ങൾ ഗ്രീക്ക് സാഹിത്യത്തിലും സിനിമയിലും സൗന്ദര്യാത്മകമായി പ്രതിഫലിക്കുന്നു. നിക്കോസ് കസാന്ത്സാക്കിസിന്റെ നോവലുകളും തിയോ ആഞ്ചലോ പൗലോസിന്റെ സിനിമകളും ഒരു ദേശത്തിൻറെ രാഷ്ട്രീയ - സാംസ്കാരിക - സാമൂഹിക യാഥാർഥ്യത്തിന്റെ കലാപരമായ , പ്രബുദ്ധമായ , വിശ്വപ്രസിദ്ധമായ ആവിഷ്കാരങ്ങളാണ് . ജോയിൻറ് കൗൺസിൽ ഹാളിൽ മെയ് 26 ന് സംഘടിപ്പിക്കുന്ന തിയോ ആഞ്ചലോ പൗലോ ഫിലിം ഫെസ്റ്റിവലിൽ പ്രദർശിപ്പിക്കുന്ന സിനിമകൾ പുതിയൊരു അവബോധം പ്രേക്ഷകർക്ക് സമ്മാനിക്കും എന്നു ഞാൻ പ്രതീക്ഷിക്കുന്നു .ഏവർക്കും സ്വാഗതം .



# ഗ്രീക്ക് സിനിമയുടെ വൈവിധ്യം



ഡോ.പി.അജികുമാർ




ഏഥൻസിലെ ഗ്രീക്കുകാർ ആദ്യമായി ഒരു സിനിമ സംരംഭത്തെ കുറിച്ച് അറിയുന്നത് 1897 - ലെ ഷോർട്ട് മൂവീസ് ഓൺ ജേർണലിലൂടെയാണ് . മാസി ഡോണയിലെ മനാക്കീസ് സഹോദരന്മാർ റെക്കോർഡ് ചെയ്ത, ഫ്രഞ്ച് നിർമ്മാതാവ് ലെയൊൻസിന്റെ, 1906 - ലെ അനൗദ്യോഗിക ഏഥൻസ് ഒളിമ്പിക്സ് ന്യൂസ് കാസ്റ്റിലൂടെ ആദ്യ ഗ്രീക്ക് സിനിമ ജനിച്ചുവെന്ന് പറയാം. വീണ്ടും ഒരു വർഷം കഴിഞ്ഞാണ് ഗ്രീസിൽ ഒരു പ്രോജക്ഷൻ റൂം ( ചെറിയ തീയേറ്റർ) തുടങ്ങുന്നത്.

1910 -11 കാലത്ത് സ്പിരോസ് ഡിമിത്രകോപൗലോസ് ചെറിയ കോമഡി ചിത്രങ്ങൾ നിർമ്മിച്ചു . അതിൽ അദ്ദേഹം അഭിനയിക്കുകയും ചെയ്തു. 1914- ൽ കോസ്താസ് ബച്തോറിസ് ആദ്യത്തെ ഫീച്ചർ ഫിലിം ഗോൾഫോ പുറത്തിറക്കി.

ഒന്നാം ലോകയുദ്ധ കാലത്ത് ഗ്രീസ് ഡോക്കുമെന്ററി, വാർത്താ തലത്തിൽ മാത്രം ശ്രദ്ധ പതിപ്പിച്ചു . ഗ്രീക്ക് സിനിമ ചരിത്രത്തിൽ വ്യത്യസ്ത പ്രമേയം ആവിഷ്കരിച്ച ജോർജ് പ്രോകോപിയു , ഡിമിത്രി ഗാസിയാദിസ് എന്നിവരുടെ പേരുകൾ വേറിട്ട് നിൽക്കുന്നു.

ഗ്രീക്കോ - തുർകിഷ് യുദ്ധത്തിൽ ഹെലനിക് സൈന്യത്തിന്റെ വീരോചിത മുന്നേറ്റം 1922 - ലെ ഗ്രേറ്റ് ഫയർ ഓഫ് സ്മിർണഎന്ന ഹ്രസ്വ ചിത്രത്തിൽ കാണാം. 1924 - ൽ നിക്കോളാസ് സ്ഫാകിയാനാകിസ് , നിത്സ ഫിലോസോഫോ എന്നിവരുടെ വുമൺസ് ബാത് ഓഫ് ഫലീറോ എന്ന ആദ്യ കോമേഴ്ഷ്യൽ ഫിലിം റിലീസ് ചെയ്തു. മിഖായേൽ മിഖായേൽ എന്ന സംവിധായകനും ഡോക്യുമെന്ററി ചിത്രങ്ങൾ നിർമ്മിച്ചു.

1927 - ൽ ഗാസിയാദിസ് നിർമ്മിച്ച ലവ് ആൻഡ് വേവ്സ് ആദ്യത്തെ ഗ്രീക്ക് ശബ്ദ സിനിമയാണ്. അദ്ദേഹത്തിന്റെ ഡാഗ് ഫിലിം കമ്പനി,



ഗോൾഫോ

ചരിത്ര സിനിമകളായിരുന്നു 1920 - 30 കളിൽ പ്രേക്ഷകരിലെത്തിച്ചത്.

1931 - ൽ ഒറേസ്റ്റിസ് ലാസ്കൊസ് സംവിധാനം ചെയ്ത ഡാഫ്നിസ് ആൻഡ് ക്ലൂ , നഗ്ന രംഗങ്ങൾ കാണിച്ച ആദ്യ യൂറോപ്യൻ സിനിമയാണ്. പല രാജ്യങ്ങളിലും ഇത് പ്രദർശിപ്പിച്ചു.





വീണ്ടും പല സംരംഭങ്ങളും തുടർന്നെങ്കിലും 1930 - കളുടെ അവസാനത്തോടെ ഈജിപ്റ്റും തുർക്കിയുമായി ഗ്രീക്ക് സിനിമ കൈകോർത്തു.

രണ്ടാം ലോക യുദ്ധകാലത്തു ഗ്രീസ് നാസികളുടെ കീഴിലായപ്പോൾ, ഫിലോപ്മെൻ ഫീനോസ് എന്ന ഗ്രീക്ക് സമര നായകൻ 1942 - ൽ ഫിനോസ് ഫിലിംസ് എന്ന നിർമ്മാണ സ്ഥാപനം ആരംഭിച്ചു. അദ്ദേഹത്തിന്റെ വോയിസ് ഓഫ് ദി ഹാർട്ട് ( 1943) , അപ്പ്ലാസ്സ് ( 1944) എന്നീ ചിത്രങ്ങൾ പ്രശംസനീയങ്ങളാണ്.

1944 - ൽ , ഫോർ ഹും ദി ബെൽ ടോൾസ് സിനിമയാക്കിയപ്പോൾ അതിൽ പൈലർ ആയി വേഷമിട്ട നടി കാത്തിന പാക്സിനോയ്ക്കു സഹനടിക്കുള്ള അക്കാഡമി അവാർഡ് ലഭിച്ചു.


നെവർ ഓൺ സൺഡേ



1940 - കളോടെ കോമഡികളും, മെലോഡ്രാമയും ചരിത്ര ആഖ്യാനങ്ങളും കൊണ്ട് ഗ്രീക്ക് സിനിമ പുഷ്കലമായി.

ലോക യുദ്ധവും, ഗ്രീക്കിലെ ആഭ്യന്തര യുദ്ധവും കൊണ്ട് ഗ്രീക്ക് സിനിമ പുനരുജ്ജീവനം നേടി. ഇറ്റാലിയൻ നിയോ റിയലിസവും ഗ്രിഗോറിസ് ഗ്രിഗോറിയോസ്, സ്റ്റീലിയോസ് ടാറ്റ്റ പൗലോസ് തുടങ്ങിയ മികച്ച സംവിധായകരും ഗ്രീക്ക് സിനിമയെ ഒരു സുവർണ്ണ കാലത്തിലെത്തിച്ചു.

കാഴ്ചയുടെ വസന്തകാലമായി 1950 - 60 കൾ മാറി.1960 ലെ നെവർ ഓൺ സൺഡേ 5 അക്കാദമി അവാർഡും , നടി മേലിന മെർകുറി കാനിലെ മികച്ച നടിയുമായി. വിശ്വ പ്രസിദ്ധ നോവൽ - സോർബ ദി ഗ്രീക്ക് - മൈക്കിൾ കോകോയാനിസ് സിനിമയാക്കി യപ്പോൾ അത് 3 അക്കാഡമി അവാർഡുകൾ ഏറ്റുവാങ്ങി. ദി കൗണ്ടർഫീറ്റ് കോയിൻ, ദി ഓർ ഓഫ് ഏഥൻസ് എന്നിവ ഗ്രീക്ക് സിനിമയിലെ മികച്ച സൃഷ്ടികളായി കരുതപ്പെടുന്നു.

സൈനിക മേധാവിത്തം മറ്റെല്ലായിടത്തേയും പോലെ ഗ്രീസിലും പ്രതിഫലിച്ചു. സെൻസർ ഷിപ്പും, നിരോധനങ്ങളും വ്യവസായത്തെ ബാധിച്ചു.രാഷ്ട്രീയ മേൽക്കോയ്മകളെ അന്യാപദേശ രൂപേണ സംവിധായകർ പ്രതിരോധിച്ചു.



ട്രാവലിംഗ് പ്ലയെർസ്

1960–80 - കളെ ഗ്രീക്ക് സിനിമയുടെ നവതരംഗ യുഗമെന്നു വിശേഷിപ്പിക്കാം. യാഥാസ്ഥിതിക കാഴ്ചപ്പാടിൽ നിന്ന് മാറി കൂടുതൽ വൈയക്തിക വും, സ്ഫോടനാത്മകവും, പരീക്ഷണ പരവ ുമായ സിനിമകൾ നിർമ്മിച്ച ഒരു പിടി പ്രതിഭകൾ രംഗത്ത് വന്നു. ഇവരുടെ കാലം ഗ്രീക്ക് സിനിമ യുടെ  നവോഥാന കാലമായി വിലയിരുത്തുന്നു.

യോർഗോസ് ലാന്ത്മോസ്  പോലുള്ള സംവിധാ യകരുടെ സിനിമകളിലെ കറുത്ത ഹാസ്യം നമ്മെ ഇരുത്തി ചിന്തിപ്പിക്കും. ഡോഗ്ടൂത്, ദി ലോബ്സ്റ്റർ , ദി ഫേവറിറ്റ് തുടങ്ങിയവ ജന ശ്രദ്ധ നേടിയവയാണ് . സാമൂഹിക പ്രതിബദ്ധത യിലൂന്നി,  മനുഷ്യാസ്തിത്വത്തെ ദൃശ്യ വൽക്കരിച്ച, തിയോ ആഞ്ജലൊ പൗലൊ ഇവരിൽ പ്രഥമ ഗണനീയനാണ്. അദ്ദേഹത്തിന്റെ ടാവലിംഗ് പ്ലയെർസ് , എറ്റെർനിറ്റി ആൻഡ്



നെവർ ഓൺ സൺഡേ



ട്രാവലിംഗ് പ്ലയെർസ്


എ ഡേ എന്നിവ എടുത്തു പറയത്തക്കതാണ്. സമകാലിക ഗ്രീക്ക് സിനിമ ചരിത്രം, സാമൂഹി കം, വ്യക്തിപരം തുടങ്ങി എല്ലാ വിഷയങ്ങളും അദ്ദേഹം പ്രമേയമാക്കുന്നു.

ചുരുക്കത്തിൽ വ്യത്യസ്തമായ കഥാ കഥനത്താ ലും, പ്രമേയത്താലും, അവതരണ രീതിയാലും ഗ്രീസിന്റെ സാമൂഹ്യ സാംസ്കാരിക ചരിത്ര പശ്ചാത്തലങ്ങളിലേക്ക് വെളിച്ചം വിതറുന്ന ഗ്രീക്ക് സിനിമകൾ ലോക സിനിമയ്ക്ക് നൽകിയ സംഭാവന ശ്രദ്ധേയമാണ്. ഗ്രീക്ക് സിനിമയുടെ ചരിത്രം വൈവിധ്യങ്ങളുടേതുമാണ്.




വോയിസ് ഓഫ് ദി ഹാർട്ട് ( 1943)

# തിയോ ആഞ്ചെലോപൗലോയുടെ ചലച്ചിത്ര രചനാരീതി ശാസ്ത്രം



സുരേഷ് കുമാർ . സി
(സെക്രട്ടറി, ബീം ഫിലിം സൊസൈറ്റി)



ചലച്ചിത്രരചനയെക്കുറിച്ചുള്ള തന്റെ കാഴ്ചപ്പാടുകൾ സ്വതസിദ്ധവും വ്യത്യരിക്തവുമായ ശൈലിയിലൂടെ അവതരിപ്പിച്ച വിഖ്യാത ഗ്രീക്ക് ചലച്ചിത്രകാരനാണ് തിയോ ആഞ്ചലോ പൗലോ. സുഗമമായി ഒഴുകുന്ന, നീണ്ട ഷോട്ടുകളിലൂടെ പ്രേക്ഷകന്റെ സക്രിയമായ പങ്കാളിത്തവും വിശകലന സാധ്യതയും സിനിമയോടൊപ്പം ചേർത്തു കൊണ്ടുപോകാൻ അദ്ദേഹം ശ്രമിച്ചിരുന്നു. ഗ്രീക്ക് ഗ്രാമങ്ങളുടെ പ്രകൃതി സൗന്ദര്യ പശ്ചാത്തലത്തിലായിരുന്നു അദ്ദേഹം വൈയക്തികവും സാമൂഹ്യവുമായ സംഘർഷ കഥകൾ പറഞ്ഞിരുന്നത്. മനോഹരമായ ഛായാഗ്രഹണ പാടവം അദ്ദേഹത്തിന്റെ സിനിമയുടെ പ്രധാന സവിശേഷതയുമായിരുന്നു.

പൗരാണികമായ ഗ്രീക്ക് ഐതിഹ്യങ്ങളിൽ നിന്നും സമ്പന്നമായ ഗ്രീക്ക് ചരിത്ര - സാഹിത്യ കഥകളിൽ നിന്നും കണ്ടെടുത്ത ബിംബങ്ങളും ഉപമാനങ്ങളും കൊണ്ട് പ്രതീകാത്മക തലം സൃഷ്ടിച്ചു കൊണ്ടാണ് തീഷ്ണമായ സാമൂഹ്യ രാഷ്ട്രീയ വിഷയങ്ങൾ പോലും അദ്ദേഹം കൈകാര്യം ചെയ്തിരുന്നത്. അതുകൊണ്ടും തികച്ചും വ്യത്യസ്തവും വിരുദ്ധവുമായ വ്യാഖ്യാനങ്ങൾക്ക് തിയോയുടെ സിനിമകൾ വിധേയമായിട്ടുണ്ട്.

ഗ്രീക്ക് രാഷ്ട്രീയ ചരിത്രത്തിലെ സുപ്രധാന ഏടുകളായ രണ്ടാം ലോകയുദ്ധം, ഗ്രീക്ക് ആഭ്യന്തര കലാപം, പട്ടാള ഭരണം എന്നിവയുടെ സംഘർഷഭരിത പശ്ചാത്തലത്തിലാണ് തിയോ ആഞ്ചലോ പൗലോയുടെ സിനിമകൾ സംഭവിക്കുന്നത്. ചരിത്രസംഭവങ്ങളുടെ , ചരിത്ര സംഘർഷങ്ങളുടെ സ്വാധീനം വ്യക്തികളുടേയും സമുദായങ്ങളുടെയും ജീവിതത്തിലേൽപ്പിക്കുന്ന ആഘാത ചലനങ്ങൾ അദ്ദേഹത്തിന്റെ ഇഷ്ട പ്രമേയങ്ങളായിരുന്നു. സംഭാഷണങ്ങൾ കുറച്ച് ദൃശ്യഭാഷയിലൂടെയാണ് അദ്ദേഹം കൂടുതൽ നേരവും സംവേദനം ചെയ്യാൻ ശ്രമിച്ചിരുന്നത്. ഛായാഗ്രഹണത്തിന്റെ ഉദാത്തഭാവങ്ങളിലൂടെ പ്രേക്ഷകനെ ദൃശ്യവിസ്മയ ലോകത്ത് പിടിച്ചിരുത്താൻ അദ്ദേഹത്തിന് വലിയ കഴിവായിരുന്നു.

നാടുകടത്തലിന്റെയും സ്വത്വാന്വേഷണങ്ങളുടേയും സാംസ്കാരിക പരിസരങ്ങളിലൂടെയാണ് തിയോയുടെ മിക്ക സിനിമകളും സഞ്ചരിക്കുന്നത്. അനിശ്ചിതത്വത്തിന്റെയും ഭൂതകാല സ്മരണകളുടേയും ലോകത്ത് സ്വയം നഷ്ടപ്പെടുന്നവരാണ് അദ്ദേഹത്തിന്റെ കഥാപാത്രങ്ങളിൽ നല്ല പങ്കും. മനുഷ്യാവസ്ഥയുടെ സാമൂഹിക ഭാവത്തിന്റെ കാവ്യാത്മകവും ദൃശ്യസമ്പന്നവുമായ രേഖപ്പെടുത്തലാണ് തിയോ ആഞ്ചെലോ പൗലോയുടെ സിനിമകൾ. പിൽക്കാല തലമുറയെ വല്ലാതെ സ്വാധീനിച്ചവയാണ് അദ്ദേഹത്തിന്റെ ചലച്ചിത്രരചനാ രീതി ശാസ്ത്രങ്ങൾ. ●


# നിശ്ശബ്ദതയുടെ ചലച്ചിത്ര ത്രയം



വിനോദ് കുമാർ.പി
(ഫിൽക്ക)


ആഞ്ചലോപൗലോയുടെ ട്രിലജി ഓഫ് സൈലൻസ് ആയി പരിഗണിക്കുന്ന മൂന്ന് സിനിമകളാണ് Voyage to Cythera (1983), The Bee-keeper, (1986), Landscape in the Mist(1988) എന്നിവ.

The Travelling Players -പോലെയുള്ള കൂടുതൽ വ്യക്തിപരവും വ്യക്തിഗതവുമായ അദ്ദേഹത്തിന്റെ മുൻകാല ചിത്രങ്ങളുടെ ഇതിഹാസചരിത്ര ക്യാൻവാസിൽ നിന്ന് സമകാലിക കാലത്തെ കഥകളിലേക്ക് ഈ മൂന്ന് സിനിമകൾ സുപ്രധാന മാറ്റം അടയാളപ്പെടുത്തുന്നു. ഈ മൂന്ന് സിനിമകളും യാത്രയുടെ ഘടനയിലുള്ളതാണ്.




Voyage to Cythera (1984 )

ആഭ്യന്തരയുദ്ധം അവസാനിച്ചതിനെത്തുടർന്ന്, കമ്മ്യൂണിസ്റ്റായതിന്റെ പേരിൽ നാടുകടത്തപ്പെട്ട പ്രായമായ ഒരു ഗ്രീക്കുകാരൻ, സ്പൈറോസ്, മുൻ സോവിയറ്റ് റിപ്പബ്ലിക് ഓഫ്



ആഞ്ചലോപൗലോ

ഉസ്ബെക്കിസ്ഥാനിലെ താഷ്കെന്റിൽ 32 വർഷത്തെ താമസത്തിന് ശേഷം തിരിച്ചെത്തുകയും തന്റെ ഭൂതകാലവുമായി വീണ്ടും ബന്ധപ്പെടാൻ ശ്രമിക്കുകയും ചെയ്യുന്നു. ഇപ്പോൾ ജന്മനാട്ടിൽ ഒരു അപരിചിതനെപ്പോലെ കഴിയുകയാണ് അയാൾ.

സ്പൈറോസ് നാടുകടത്തപ്പെട്ട കാലത്ത്, വടക്കൻ പ്രവിശ്യയായ മാസിഡോണിയയിലെ ഗ്രീക്ക് ഗ്രാമങ്ങൾ നാടകീയമായി മാറിയിരുന്നു. ഗ്രീക്കുകാർ ജോലിയും മെച്ചപ്പെട്ട ജീവിതവും തേടി വിദേശത്തേക്കോ ഏഥൻസിലേക്കോ കുടിയേറിയതോടെ ഗ്രാമപ്രദേശങ്ങൾ ശൂന്യമായിരുന്നു, ഗ്രീക്ക് ജനസംഖ്യയുടെ പകുതിയോളം വരുന്ന ഏകദേശം പത്ത് ദശലക്ഷം ആളുകളുള്ള ഏഥൻസ് ഒരു നഗരമായി വളർന്നുകഴിഞ്ഞിരുന്നു.

ഒരു ശൈത്യകാല ടൂറിസ്റ്റ് റിസോർട്ട് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ഒരു കമ്പനിക്ക് തങ്ങളുടെ ഭൂമി വിൽക്കാൻ പോകുന്ന ഗ്രാമീണരെ സിനിമയിൽ സ്പൈറോസ് കണ്ടെത്തുന്നു.



അയാൾ ഒപ്പിടാൻ വിസമ്മതിക്കുകയും കരാർ തടയുകയും ചെയ്യുന്നു.

ഒരു ഗ്രാമീണൻ അയാളോടു പറയുന്നു: സ്പൈറോസ്, നീ മരിച്ചു. ഒരു പ്രേതം. നീ ഇപ്പോൾ നിലവിലില്ല. ലാറിസയിൽ നിങ്ങൾ നാല് തവണ വധശിക്ഷയ്ക്ക് വിധിക്കപ്പെട്ടു. നിങ്ങൾക്ക് ഞങ്ങളുമായി വീണ്ടും നാശം കളിക്കാൻ കഴിയില്ല.

ആഞ്ചലോപൗലോയെ സംബന്ധിച്ചിടത്തോളം, സ്പൈറോസ് രാജ്യത്തിന്റെ കമ്മ്യൂണിസ്റ്റ് ഭൂതകാലത്തെ പ്രതിനിധീകരിക്കുന്നു. സ്പൈറോസിന് തന്റെ രാജ്യത്തിന്റെ വർത്തമാനവുമായി പൊരുത്തപ്പെടാൻ കഴിയാത്തതുപോലെ. ഗ്രാമീണരുടെ പ്രതികരണം അതിന്റെ ഭൂതകാലവുമായി പൊരുത്തപ്പെടാൻ തയ്യാറല്ലാത്ത ഒരു രാജ്യത്തെ പ്രതിഫലിപ്പിക്കുന്നു. ഒരു പഴയ സഖാവ് പറയുന്നു:



അവർ ഞങ്ങളെ തമ്മിൽ പോരടിപ്പിച്ചു. മനുഷ്യനെതിരെ മനുഷ്യൻ, ചെന്നായയ്ക്കെതിരെ ചെന്നായ; ഇപ്പോൾ എല്ലാം നശിച്ചിരിക്കുന്നു. ആഞ്ചലോപൗലോയുടെ പല സിനിമകളെയും പോലെ, വോയേജ് ടു സൈതേറ ഹോമറിന്റെ ഒഡീസിയുടെ ഒരു സദൃശകമാണ് . ഒഡീസിയസിന്റെ പ്രതിച്ഛായയുള്ള സ്പൈറോസ് ഒടുവിൽ തന്റെ സ്വദേശമായ ഇത്താക്കയിലേക്കും ഭാര്യ പെനലോപ്പിന്റെ പ്രതിച്ഛായയായ കാറ്ററിന യിലേക്കും മടങ്ങുന്നു.

സിനിമയുടെ അവസാന ഷോട്ടിൽ, കടലിൽ ചങ്ങാടത്തിൽ ഒഴുകി നടക്കുന്ന വൃദ്ധ ദമ്പതികളെ നാം കാണുന്നു. അവർ കരയിൽ നിന്ന് തിരിഞ്ഞ്



പ്രേക്ഷകന് നേരെ തിരിഞ്ഞ് , മുന്നിലുള്ള കടലിലേക്ക് നോക്കുന്നു. ക്യാമറ സാവധാനം പിന്നിലേക്ക് നീങ്ങുന്നു. അവർ ചക്രവാളത്തിൽ ചെറിയ രൂപങ്ങളായി മാറുന്നു.

പെലോപ്പൊന്നീസ് നദിയുടെ തെക്കേ അറ്റത്തുള്ള ദ്വീപായ സിതേറ, സ്നേഹത്തിന്റെ ദേവതയായ അഫ്രോഡൈറ്റിന്റെ പുരാണ ജന്മസ്ഥലമാണ്. ഒരു വ്യക്തിക്ക് സന്തോഷത്തിനായി സ്വയം സമർപ്പിക്കാൻ കഴിയുന്ന സ്വപ്നങ്ങളുടെ ഒരു ദ്വീപാണത് .



വോയേജ് ടു സൈതേറ ഒരിക്കലും നടക്കാത്ത ഒരു യാത്രയാണെന്ന് ചില വിമർശകർ അഭിപ്രായപ്പെട്ടിട്ടുണ്ടെങ്കിലും, ഈ അവസാന സീക്വൻസ് മറ്റൊന്നാണ് സൂചിപ്പിക്കുന്നത്: അവരുടെ ജന്മനാട്ടിൽ ഇനി വീട്ടിലിരിക്കാൻ കഴിയില്ല. സ്പൈറോസും കാറ്ററിനയും സിനിമയുടെ അതിരുകൾക്കപ്പുറത്തേക്ക്, അവരുടെ പൂർത്തീകരിക്കപ്പെടാത്തതിലേക്കുള്ള യാത്രയിലാണ്. ഒരു സ്വപ്നയാത്രയിൽ.

ഈ സീക്വൻസ് സിനിമയിലെ അതിശയിപ്പിക്കുന്ന നിരവധി ദൃശ്യങ്ങളിൽ ഒന്ന് മാത്രമാണ്. ആഞ്ചലോപൗലോയുടെ സിനിമകളിൽ പതിവുപോലെ, ഛായാഗ്രഹണം വളരെ മനോഹരമാണ്. സ്വപ്നതുല്യവും കാവ്യാത്മകവും. ചിത്രരചനാ ബോധത്തോടെ ദൃശ്യങ്ങൾ അദ്ദേഹത്തിന്റെ പതിവ് വിപുലീകരണങ്ങളാൽ അടയാളപ്പെടുത്തിയിരിക്കുന്നു.
സ്പൈറോസ് തന്റെ പഴയ ഗ്രാമത്തിലെ മലഞ്ചെരുവിലെ ശ്മശാനത്തിലൂടെ നടക്കുന്നതും, താൻ കടന്നു
പോകുന്ന ശവകുടീരങ്ങളിൽ നിന്ന് സുഹൃത്തുക്കളുടെ പേരുകൾ വിളിച്ച് പറയുന്നതും, പർവതങ്ങൾക്കപ്പുറത്ത് സൂര്യപ്രകാശത്തിന്റെ ഒരു തണ്ടിൽ പ്രകാശമുള്ള ഒരു മരത്തിനരികിൽ സ്പൈറോസ് തന്റെ ഭൂമിയിൽ നിഴൽ രൂപമായി കാണപ്പെടുന്നതും അവിസ്മരണീയമായ രംഗങ്ങളിൽ ഉൾപ്പെടുന്നു.

ആഞ്ചലോപൗലോയുടെ പല സിനിമകളിലെയും ഒരു പ്രധാന കഥാപാത്രത്തിന്റെ പേരാണ് സ്പൈറോസ്. ആഞ്ചലോപൗലോക്ക് 9 വയസ്സുള്ളപ്പോൾ 1944-ൽ ഗ്രീക്ക് കമ്മ്യൂണിസ്റ്റ് പാർട്ടി വധശിക്ഷയ്ക്ക് വിധിച്ച പിതാവിന്റെ പേരാണ് അത്. തന്റെ പിതാവ് മരണത്തിൽ നിന്ന് രക്ഷപ്പെട്ടുവെന്ന് അവൻ കരുതുന്നു . പക്ഷേ ആഞ്ചലോപൗലോ തന്റെ അമ്മയോടൊപ്പം പിതാവിന്റെ മൃതദേഹം അന്വേഷിക്കാൻ കൊല്ലപ്പെട്ട നിരവധി ഗ്രീക്കുകാർക്കിടയിൽ പോയത് ഓർക്കുന്നുമുണ്ട്.



<u>The Bee-keeper</u> (1986)
അഗാധമായി അകന്നിരിക്കുന്ന, ഏകാന്തത അനുഭവിക്കുന്ന, വികാരങ്ങൾ പ്രകടിപ്പിക്കാൻ കഴിയാത്ത ഒരു മനുഷ്യന്റെ ശോചനീയമായ ഛായാചിത്രമാണ് The bee keeper.
The Bee keeper-Â, അകൽച്ചയും നിരാശയും സിനിമയുടെ കേന്ദ്ര വ്യക്തിത്വത്തിൽ രൂപാന്തരം പ്രാപിച്ചിരിക്കുന്നു.

സ്പൈറോസ് എന്ന മധ്യവയസ്കൻ അധ്യാപക ജോലി രാജിവെച്ച് ട്രക്കിൽ യാത്രയാവുകയാണ്. അതിൽ നിറയെ തേനീച്ച കൂടുകളാണ്. കുടുംബത്തൊഴിൽ തേനീച്ച വളർത്തൽ

ആയിരുന്നു. പരാഗണത്തിനും അതുവഴി തേൻ ഉൽപ്പാദിപ്പിക്കുന്നതിനും അനുയോജ്യമായ ഒരു വസന്തകാല കാലാവസ്ഥ തേടി തന്റെ തേനീച്ചകളുമായി ഗ്രീസിലുടനീളം സഞ്ചരിക്കുകയാണ്.

ഈ യാത്രയിൽ അയാൾ കുടുംബത്തെ യും ഉത്തരവാദിത്വത്തെയും ഉപേക്ഷിക്കുന്നു. കാരണങ്ങൾ നിഗൂഢമായ ആത്മസംഘർ ഷങ്ങൾ. അത് സ്വദേശത്തിന്റെ രാഷ്ട്രീയ പശ്ചാത്തലത്തിലെ വൈരുധ്യങ്ങളാണ്. പ്രതിഷേധ മൂകതയാണ്.യാത്രയിൽ അയാൾ വളരെ പ്രായം കുറഞ്ഞ ഒരു പെൺകുട്ടിയെ കണ്ടുമുട്ടുന്നു. അവൾ അയാളോടൊപ്പം യാത്ര ചെയ്യുന്നു.

യാത്രയിൽ സ്പൈറോസിന്റെ പഴയ സുഹൃത്തുക്കളെ കണ്ടുമുട്ടുന്നു. സൈനീക ഭരണത്തിന് കീഴിൽ നിശ്ശബ്ദരാക്കപ്പെട്ടവർ. അയാളുടെ ഭാര്യയെയും വഴിയിൽ സന്ദർശിക്കുന്നുണ്ട് . നിഗൂഢമായ മൂകത.



അമർത്തപ്പെട്ട സ്വാതന്ത്ര്യം. ഒടുവിൽ ഒരു സുഹൃത്തിന്റെ ഉടമസ്ഥതയിലുള്ള ഒരു ഒഴിഞ്ഞ തിയേറ്ററിൽ എത്തുന്നു. അഭിനിവേശത്തിനും അകൽചയ്ക്കും ശേഷം പെൺകുട്ടി സ്പൈറോ സിനെ ഉപേക്ഷിച്ചുപോകുന്നു.

ഏകാന്തതയുടെ , ഒതുക്കപ്പെട്ട അമർഷത്തിന്റെ നിമിഷങ്ങൾ ആത്മാവിൽ പൊട്ടിത്തെറിക്കുമ്പോൾ അയാൾ തേനീച്ചകളുടെ കൂടുകൾ തട്ടിമറി ക്കുന്നു. തേനീച്ച കൂട്ടത്തിന്റെ ആക്രമണത്തിൽ അപകടാവസ്ഥയിലാവുന്ന സ്പൈറോസ് മരിക്കുന്നു.






The Landscape in the Mist (1988)

അച്ഛൻ ഇല്ല...
ജർമ്മനി ഇല്ല...
എല്ലാം വലിയ നുണയാണ്...

യാത്ര ഒരു മനോവ്യാപാരമാണ്. പ്രതീക ഭാഷയാണ്. ഉള്ളടക്കം അഗാധത്തിലാണ്. മഞ്ഞിലെ പ്രകൃതിദൃശ്യം പോലെ .

ആഞ്ചലോപൗലോയുടെ ഏറ്റവും മികച്ച ചിത്രങ്ങളിലൊന്നായ ലാൻഡ്സ്കേപ്പ് ഇൻ ദി മിസ്റ്റ് ആണ് ചലച്ചിത്ര ത്രയത്തിലെ അവസാന ചിത്രം. അതും മറ്റൊരു യാത്രയുടെ കഥ പറയുന്നു.

അമ്മ പറഞ്ഞ കഥകൾ കേട്ട് കുട്ടികളായ വൂലയും കുഞ്ഞനുജൻ അലക്സാന്ദ്രോസും അച്ഛനെ തേടി വീട്ടിൽ നിന്ന് ഒളിച്ചോടി ഗ്രീസിൽ നിന്ന് ജർമനിയിലേക്ക് പോകുകയാണ്.





ആ യാത്രയിൽ അവർ പല തരത്തിലുള്ള ആളുകളെ കാണുന്നു. പ്രശ്നങ്ങൾക്കും പ്രതിസന്ധികൾക്കുമിടയിലും അവർ യാത്ര തുടരുന്നു. യാത്ര ഗ്രീസിന്റെ പ്രകൃതിഭംഗിയെ മനോഹരമായി പകർത്തിയിരിക്കുന്നു. വെനീസ് ഫെസ്റ്റിവലിൽ മികച്ച ചിത്രത്തിനുള്ള സിൽവർ ലയൺ പുരസ്കാരം ഈ ചിത്രം നേടി.


ഇതിഹാസ കഥാപാത്രങ്ങൾ അലയുന്ന ഗ്രീസിൽ നിന്നും മനോഹര ചലച്ചിത്ര കാവ്യങ്ങളിലൂടെ ആധുനിക സിനിമയുടെ മനംകവർന്ന സിനിമകളാണ് നിശ്ശബ്ദതയുടെ ചലച്ചിത്ര ത്രയത്തിൽ (Triology of Silence) ഉള്ളത്.

സാധാരണ സിനിമകളിൽ നിന്നും വ്യത്യസ്തമായി സുദീർഘമായ ഷോട്ടുകളും രാഷ്ട്രീയാവബോധവും അതോടൊപ്പം തന്നെ ദൃശ്യത്തിനും ശബ്ദപഥത്തിനും തുല്യപ്രാധാന്യം നൽകുകയും ചെയ്യുന്ന ഉത്തരാധുനിക ചലച്ചിത്രകാരനാണ് ആഞ്ചലോപൗലോ.

അദ്ദേഹത്തിന്റെ ഓരോ സിനിമയും ഗ്രീക്ക് ചരിത്രത്തിന്റെ ഓരോ ഏടുകളായിരുന്നുവെന്ന് പറയാം. ഭൂത-ഭാവി-വർത്തമാനങ്ങളെ ഒരേ ഷോട്ടിൽ ദൃശ്യവത്ക്കരിച്ച ഈ അപൂർവ സംവിധായകന്റെ സിനിമകൾ ഭാവിതലമുറയെ പ്രചോദിപ്പിക്കും എന്ന കാര്യത്തിൽ സംശയമില്ല.

ഫിലിം വിഷൻ
Theo Angelo Poulose Film Festival
PUBLISHED BY FILCA FILM SOCIETY

# ബീ കീപ്പർ ആദ്യമായി കാണുമ്പോൾ



ഈ. ജെ. ജോസഫ്
ദർശന ഫിലിം സൊസൈറ്റി, കട്ടപ്പന

16എം.എം - ലും പഴയ തെളിച്ചമില്ലാത്ത പ്രിന്റുകളിലും മാത്രം ക്ലാസിക്കുകൾ കണ്ടിരുന്ന ഞാൻ മികച്ച പ്രൊജക്ഷനിൽ ആദ്യം കാണുന്ന ലോക സിനിമയാണ് തിയോ ആഞ്ചലോപൗലോസിന്റെ ദി ബീകീപ്പർ.



ആ സിനിമ എന്നെ വിഭ്രമിപ്പിച്ചു, കലാനുഭൂത ിയുടെ ആഴങ്ങളിലേക്ക് വലിച്ചുകൊണ്ടു പോയി...

കേരളത്തിൽ നടക്കുന്ന ഗവ. ഉടമസ്ഥതയിലെ ആദ്യ ഫിലിം ഫെസ്റ്റിവലായിരുന്നു ഫിലിമോത്സവ് 88. കേന്ദ്ര ഗവ. നടത്തുന്ന ഐ . എഫ് . എഫ്.ഐ മേള ഒന്നിടവിട്ട വർഷങ്ങളിൽ ദൽഹിക്കു പുറത്ത് നടത്തിയിരുന്നു. അങ്ങിനെയാണ് 1988 ൽ ആദ്യമായി തിരുവനന്തപുരത്ത് നടക്കുന്നത്. അന്ന് നിയന്ത്രിതമായ എണ്ണം ഡെലിഗേറ്റ്സ് ആണ് ഉണ്ടായിരുന്നത്. അതിഗംഭീര സിനിമകൾ. പ്രഗത്ഭ ചലച്ചിത്ര കാരന്മാരുടെ സാന്നിദ്ധ്യം....
കേരളത്തിലെ എല്ലാ ഫിലിം സൊസൈറ്റികൾക്കും ഒരു ഡെലിഗേറ്റ് പാസ് വീതം ലഭിച്ചിരുന്നു..... ഞാൻ പങ്കെടുക്കുന്ന ആദ്യ ഫെസ്റ്റിവലാണ് അത്. അതിലും മികച്ചൊരു ഫെസ്റ്റിവൽ ഓർമ്മയിലില്ല.




ആ മേളയിൽ ഞാൻ ആദ്യം കാണുന്ന സിനിമ ബീകീപ്പറാണ്.

കൈരളിയിലായിരുന്നു. പാസ് കളക്ട് ചെയ്ത് ഞാൻ തിയറ്ററിൽ ചെല്ലുമ്പോൾ സിനിമ ആരംഭിച്ചിരുന്നു. ആദ്യം ഒരങ്കലാപ്പായിരുന്നു. പയ്യെ മാർസല്ലോ മാസ്ത്രിയോണി എന്ന ലോക നടൻ, അറിയാത്ത ഭാഷയിലുള്ള ആ സിനിമയിലൂടെ എന്നെ അനുഭൂതിയുടെ അപാരതകളിലേക്ക് വലിച്ചുകൊണ്ടുപോയി... ആ സിനിമയും ആ ഇതിഹാസനടനും ഇലപ്പാഴും മനസ്സിലുണ്ട്....ഫിൽക്കയുടെ ആഞ്ചലോ പൗലോസ് മേളക്ക് അഭിവാദ്യങ്ങൾ .




ഫിലിം വിഷൻ
Theo Angelo Poulose Film Festival
PUBLISHED BY FILCA FILM SOCIETY
KSFDC കേരള ഭാഗ്യക്കുറി

# ദി ബീ കീപ്പർ



ഷീബ.എസ്.ജെയിംസ്
(ഫിൽക്ക)




**(1986/ഗ്രീക്ക് / 122 മിനിറ്റ്. ശൈലി - റോഡ് മൂവി, സ്ലോ സിനിമ.**
**സംവിധാനം - തിയോ ആഞ്ചേലോ പൗലോസ്.**
**ഛായാഗ്രഹണം - ജോർജസ് അർവാനിറ്റിസ്.**
**സംഗീതം - എലെനി കരൈൻഡ്രോ .**
**അഭിനേതാക്കൾ :**
**സ്പിറോസ് - മാർസെല്ലോ മാസ്ട്രോയാണി.**
**കൗമാരപ്രായമുള്ള പെൺകുട്ടി - നാദിയ മൗറൂസി.**
**സ്പിറോസിന്റെ ഭാര്യ - ജെന്നി റൂസിയ.**
**സുഹൃത്ത് - ദിനോസ് ഇലിയോ പൗലോസ്.**
**രോഗിയായ സുഹൃത്ത് - സെർജ് റെഗ്ഗിയാനി.)**

ഒരു മധ്യ വയസ്കനായ സ്പിറോസ് എന്ന തേനീച്ച പരിപാലകൻ തന്റെ തേനീച്ചകളുമായി ഗ്രീസിന്റെ വടക്ക് നിന്ന് തെക്ക് വരെ വസന്തത്തെ നേരിടാൻ യാത്ര ചെയ്യുന്നു. ലക്ഷ്യമില്ലാത്ത ജീവിതം, ഏകാന്തതയുടെയും ജീർണ്ണതയുടെയും ഇരുണ്ടതും അവ്യക്തവുമായ ഒരു ഛായാചിത്രം എന്ന് സിനിമയെ കുറിച്ച് പറയാം. വാർദ്ധക്യം, നഷ്ടം, തലമുറകളുടെ വിടവ് ഇവ മനോഹരമായി ഈ സിനിമയിൽ വരച്ചു കാട്ടുന്നു.

ഒരു ദുഃഖമൂകത നിറഞ്ഞു നിൽക്കുന്ന, വിവാഹവിരുന്നിൽ ആരും ഡാൻസ് ചെയ്യാത്ത, അധികം സന്തോഷകരമല്ലാത്ത ഒരു വിവാഹ രംഗത്തിൽ ആണ് സിനിമ തുടങ്ങുന്നത്. ഒരു സ്കൂൾ അധ്യാപകനായി വിരമിച്ച 60 വയസ്സുകാരനായ സ്പിറോസിന്റെ മകളുടെ വിവാഹമാണ്. സ്വന്തം കുടുംബത്തോടുള്ള അകൽച്ചയും നിരുത്തരവാദിത്വവും സ്പിറോസിന്റെ മുഖത്ത് നിഴലിക്കുന്നുണ്ട്. വിവാഹ ശേഷം മകൾ കുടുംബവീട്ടിൽ നിന്ന് അവളുടെ പുതിയ ഭർത്താവിനോപ്പം പോകുമ്പോൾ സ്പിറോസിന്റെ ഭാര്യയും മകനും വീട് പൂട്ടി പോകുന്നു.

അയാൾ ഭാര്യയിൽ നിന്നും അകന്നു എന്നതിനാൽ മകളുടെ വിവാഹത്തിന് ശേഷം ഇഷ്ടമുള്ളത് ചെയ്യാൻ അയാൾക്ക് സ്വാതന്ത്ര്യം ഉണ്ട്. പക്ഷേ അയാളുടെ ആത്മസംഘർഷങ്ങൾ വ്യക്തമല്ല. സിനിമയുടെ തുടക്കത്തിൽ പ്രതീകമായ തേനീച്ചക്കൂടിനെ കുറിച്ചും ഒരാളിൽ കേന്ദ്രീകരിക്കുന്ന അധികാരത്തെ കുറിച്ചും മറ്റ് പുതിയ പെണ്ണീച്ചകളെ കൂട്ടിലെ മെഴുക് അറകളിൽ മരണം വരെ ബന്ധിതമാക്കുന്ന അടിമകളും സൈനീകരുമായ തേനീച്ചക്കൂട്ടത്തെ കുറിച്ചും സൂചനകളുണ്ട്. സ്പിറോസിന്റെ അച്ഛനും മുത്തച്ഛനും തേനീച്ച വളർത്തുകാരായിരുന്നു. അതിനാൽ അധ്യാപക ജോലിയിൽ നിന്നും വിരമിച്ച ശേഷം പിതാവ് നടത്തി വന്ന



തൊഴിൽ ചെയ്യുന്നു. അവരുടെ ഒരു വാർ ഷിക ആചാരമാണ് വസന്ത കാലത്ത്, മഞ്ഞ് ഉരുകുമ്പോൾ തെക്കോട്ടുള്ള പൂക്കൾ തേടി തന്റെ തേനീച്ച കൂടുകളുമായി യാത്ര ചെയ്യുന്നത്. അങ്ങനെ ഒരു ട്രക്കിൽ അയാൾ തന്റെ തേനീച്ച കൂടുകളുമായി യാത്ര ആരംഭിച്ചു.

പിരിമുറുക്കത്തിലായ സാമൂഹിക രാഷ്ട്രീയ ചുറ്റുപാടിൽ നിന്നും കുടുംബബന്ധങ്ങളിൽ നിന്നും മുക്തി നേടാൻ കൂടിയായിരിക്കണം സ്പിറോസിന്റെ ഈ പരമ്പരാഗത തൊഴിൽ യാത്ര.

യാത്ര തുടങ്ങുമ്പോൾ സവാരി ആവശ്യമുള്ള ഒരു കൗമാരക്കാരിയായ, വേരുകളില്ലാത്ത, ഉപേക്ഷിക്കപ്പെട്ട പെൺകുട്ടിയെ അയാൾ കണ്ടുമുട്ടുന്നു. അവൾ ഭക്ഷണവും അഭയവും ലഭിക്കുമെന്ന പ്രതീക്ഷയിൽ അയാളോടൊപ്പം യാത്ര ചെയ്യുന്നു. അവൾക്ക് ഭൂതവും അയാൾക്ക് ഭാവിയുമില്ല. സ്പിറോസ് അവളെ ഉപേക്ഷിക്കാനും തയ്യാറാവുന്നു. പിന്നെ അവർ പല തവണ കണ്ടുമുട്ടുകയും പിരിയുകയും ചെയ്യുന്നു. സ്പിറോസ് മാത്രമാണ് തന്നോട് ദയ കാണിച്ചിട്ടുള്ളത് എന്ന് അവൾ പറയുമ്പോൾ വീണ്ടും അവളെ കൂട്ടി യാത്ര ചെയ്യുന്നു.

അവർക്ക് ഹോട്ടലുകളിൽ താമസിക്കാൻ കഴിയുന്നില്ല. ആദ്യം മുതൽ അവൾ അവന്റെ കൂടെ കിടക്കാൻ തയ്യാറായിരുന്നു. എന്നാൽ അയാളുടെ വികാരങ്ങൾ വളരെ നിയന്ത്രിതമായതിനാൽ അയാൾ പലപ്പോഴും അവളോട് ദയയും അകൽച്ചയും കാണിക്കുന്നു. സ്പിറോസ്, എല്ലാ സീനുകളിലും പൂർത്തീകരിക്കാത്ത ഒരു ലൈംഗികമോഹം പ്രകടമാക്കുന്നുണ്ട് . അവളുടെ ശരീരത്തിന്റെ ഓരോ ഭാഗത്തും തുറിച്ചു നോക്കി അവൻ സ്വയം നിയന്ത്രിക്കുന്നു. ഒടുവിൽ അയാളുടെ ഒരു സുഹൃത്തിന്റെ ഉടമസ്ഥതയിലുള്ള ഒരു പഴയ തിയേറ്ററിൽ അവർ



എത്തുന്നു. വിൽക്കാൻ പോകുന്ന ഒരു തിയേറ്റർ ആണെന്നതിനാൽ അത് അടച്ചിട്ടിരിക്കുകയാണ്. അവിടെ വച്ച് സ്പിറോസും പെൺകുട്ടിയും ലൈംഗിക ബന്ധത്തിലേക്ക് നീങ്ങുന്നു. എന്നാൽ അവളെ നിർബന്ധിച്ചു ചുംബിക്കാൻ ശ്രമിക്കുമ്പോൾ അവൾ ഇങ്ങനെയല്ല എന്ന് പറഞ്ഞു പ്രതികരിക്കുന്നു. ആ തീയേറ്ററിൽ അവൾ നഗ്നയായി ചുറ്റി നടക്കുകയാണ്. വീണ്ടും വസ്ത്രം ധരിച്ച് അയാൾ അവളെ പൂർണ്ണമായി അവഗണിക്കുന്നു.


അയാൾ കട്ടിലിൽ ഇരിക്കുമ്പോൾ അവന്റെ മടിയിൽ മുട്ടുകുത്തി അവൾ അവന്റെ മുഖം ഷേവ് ചെയ്യുകയും, അവന്റെ കൈയിൽ

മൃദുവായി സ്പർശിക്കുകയും, അവന്റെ കണ്ണുകളിലേക്ക് ആഴത്തിൽ നോക്കുകയും ചെയ്യുന്ന രംഗത്തിൽ അയാൾ അവളെ കാണുന്നത് ഒരു മകളെ പോലെയാണ്. അവർ തമ്മിൽ നാല്പത് വയസ്സിന്റെ പ്രായവ്യത്യാസം ഉണ്ട്. എന്നാൽ ശാരീരിക ബന്ധത്തിനപ്പുറം ഒരു വൈകാരിക അടുപ്പം അവർ തമ്മിൽ ഉണ്ടാകുന്നില്ല. പെൺകുട്ടി പിന്നീട് അയാളെ ഉപേക്ഷിക്കുന്നു.

സിനിമയിൽ, യാത്രയുടെ മധ്യത്തിൽ, സ്പിറോസ് , നഗരത്തിൽ ഒറ്റയ്ക്ക് താമസിക്കുന്ന തന്റെ രണ്ട് ദീർഘകാല സുഹൃത്തുക്കളെ സന്ദർശിക്കുന്നുണ്ട് . അവരിൽ ഒരാൾ (സെർജ് റെഗ്ഗിയാനി ) രോഗിയായി ആശുപത്രിയിൽ കിടക്കുകയാണ്. ആശുപത്രിയിൽ ഇരുന്ന് അവർ ഒരുമിച്ചു കുടിക്കുന്നു. ഓർമ്മകൾ പങ്കിടുന്നു. തമാശകൾ പറഞ്ഞു ചിരിക്കുന്നു. ഡ്യൂട്ടി നഴ്സുമാർ വന്ന് അവരെ വിലക്കുന്നു. പുലർച്ചെ കടൽത്തീരത്ത് നടക്കാൻ പോകാൻ അവർ പദ്ധതിയിടുന്നു.

സ്പിറോസ് തന്റെ സുഹൃത്തിനോട് വാതിൽപ്പടിയിൽ എന്താണ് ആശയവിനിമയം നടത്തുന്നതെന്നുള്ളത് രോഗിയായ സുഹൃത്ത് ഒരു കവിത പോലെ ഉച്ചത്തിൽ വിവർത്തനം ചെയ്യുന്നതിൽ നിന്ന് അവരുടെ അടുപ്പം






വ്യക്തമാകുന്നു. സൂര്യപ്രകാശമുള്ള ദിവസമായിരുന്നു. അനന്തമായ പ്രകാശത്താൽ ഞങ്ങൾ അന്ധരായി. ഞങ്ങളുടെ ആഗ്രഹങ്ങളൊന്നും മറഞ്ഞിരുന്നില്ല .ഞങ്ങൾ വ്യർത്ഥതയോടെ ഒരു തണൽ തേടി..

കൂട്ടുകാർ പങ്കുവച്ച ഈ കൊച്ചു കവിതയിൽ, കാലത്തിന്റെ മൂടൽ മഞ്ഞിൽ അപ്രത്യക്ഷമായ അവരുടെ മോഹങ്ങളും, ഒരു ലോകത്തെ പുനരുജ്ജീവിപ്പിക്കാനുള്ള അവരുടെ വ്യർത്ഥമായ ശ്രമങ്ങളും, കഴിഞ്ഞു പോയ യൗവനം ഇനി ഒരിക്കലും തിരിച്ചു കിട്ടില്ല എന്ന അവരുടെ ബോധവും പ്രതിഫലിക്കുന്നു.
പിന്നീട് മൂന്നുപേരും വീണ്ടും ഒന്നിച്ച് കടൽത്തീരത്തേക്ക് പോകുന്നു. നേരം പുലർന്നതേ ഉള്ളൂ. സ്ഥലം ശൂന്യമാണ്. അവിടെ അവർ മദ്യപിക്കുന്നു. കുടിക്കാൻ പാടില്ല എന്ന വിലക്ക് ലംഘിക്കുന്നു. സ്പിറോസ് നിർത്താതെ പുക വലിക്കുന്നു. തുടർന്ന് രോഗിയായ കൂട്ടുകാരൻ ആദ്യം കടലിലേക്ക് ഇറങ്ങുന്നു. പൂർണ്ണ നഗ്നനനായാണ് അയാൾ തിരമാലകളെ അഭിമുഖീകരിക്കാൻ പോകുന്നത്. അവൻ കൈനീട്ടി ചെറുതായി നൃത്തം ചെയ്യുന്നു. അവർ


ജീവിച്ച ജീവിതം ഇനി ജീവിക്കാൻ ആഗ്രഹിക്കുന്നില്ല. ജീവിതത്തെ സ്വന്തം ഇഷ്ടത്തിന് വിടാൻ അവർ ആഗ്രഹിക്കുന്നു. അതേ നഗരത്തിൽ തന്നെ, തനിക്കും മറ്റുള്ളവർക്കും ചരിത്രം മാറാൻ അവസരം ലഭിച്ചതെങ്ങനെ എന്ന് അയാൾ വിളിച്ചു പറയുന്നു. രണ്ടാം ലോക മഹാ യുദ്ധത്തിലെ സൈനീക സേവനത്തെ കുറിച്ച് പരാമർശിച്ചിട്ട് അവർ ഉറങ്ങുന്ന നഗരത്തെ അഭിമുഖീകരിച്ച് ഉറക്കെ അലറി ഉറങ്ങുന്ന നഗരത്തെ ഉണർത്താൻ ശ്രമിക്കുന്നു . ആരും ഉത്തരം നൽകുന്നില്ല.

ഹേയ്... ഹേയ് ..ഉറങ്ങുന്നവരേ, ഉണരൂ , ഞങ്ങളും കൂടെ ഉണ്ടായിരുന്ന, നന്നായി ജീവിച്ചിരുന്ന , സ്വപ്നങ്ങളും പ്രതീക്ഷകളും നിറഞ്ഞിരുന്ന, നിരന്തര പ്രവർത്തനത്തിൽ ഏർപ്പെട്ടിരുന്ന ഒരു കാലം നമുക്ക് ഉണ്ടായിരുന്നു സ്പിറോസ് വർത്തമാന കാലത്തിൽ ജീവിക്കാൻ പാടുകയാണെന്ന് നാം മനസ്സിലാക്കുന്നത് സിനിമയിലുടനീളം ഉള്ള അയാളുടെ മുഷിഞ്ഞ വസ്ത്രധാരണവും, പഴകിയ തേനീച്ചക്കൂടുകളും ആണ്. സ്പിറോസിനെ പോലെ വന്ധ്യവും തകർന്നതുമാണ് ഗ്രീസ് നഗരം. വിള്ളൽ വീണ കെട്ടിടങ്ങളും, ഉരുളൻ കല്ലുകളിൽ വളർന്നു നിൽക്കുന്ന ഒറ്റപ്പെട്ട മരങ്ങളും....



ഒരു കാലത്ത് സ്പിറോസിനെ പോലെ മഹത്തായ ഒരു രാജ്യമായിരുന്നു ഗ്രീസ്. എന്നാൽ രണ്ടാം ലോക മഹായുദ്ധത്തിന് ശേഷം തകർന്ന രാജ്യം ഇപ്പോൾ നില നിൽക്കാൻ പാട് പെടുകയാണ്. അതും ഈ സിനിമയിൽ സൂചകമായി വരുന്നു.

സിനിമ അവസാനിക്കും മുൻപ് സ്പിറോസ് അയാളുടെ തേനീച്ചക്കൂടുകൾ മറിച്ചിടുന്നു. കോപാകുലരായ തേനീച്ചകൾ അവനെ ആവർത്തിച്ചു കുത്തുന്നു. അവസാനം അയാൾ മരണത്തിന് കീഴടങ്ങുന്നു. വാർദ്ധക്യത്തിന്റെ വിഷാദം, ഭൂതകാല സ്മരണകൾ, യുവത്വത്തോടുള്ള ആഗ്രഹം, നഷ്ടപ്പെട്ട പറുദീസകൾ... എല്ലാം ഈ സിനിമയിൽ പ്രതീകമായി വരുന്നു.



# കണ്ണിന്റെ കാവ്യശാസ്ത്രം : ഗ്രീക്ക് സിനിമാ ഇതിഹാസങ്ങൾ



സാബു ശങ്കർ
(ജനറൽ സെക്രട്ടറി,ഫിൽക്ക ഫിലിം സൊസൈറ്റി)





ഈ ലേഖനം കടന്നുപോകുന്നത് ഗ്രീക്ക് സംവിധായകൻ തിയോ ആഞ്ചലോപൗലോയു ടെ **ദി ട്രാവലിംഗ് പ്ലെയേഴ്സ് , ദി വീപ്പിങ് മെഡോ , എറ്റേർ നിറ്റി ആൻഡ് എ ഡേ** എന്നീ മൂന്നു സിനിമകളി ലൂടെയാണ് . ചിലപ്പോൾ സമൂഹം , പട്ടാള - പാർട്ടി മാഫിയ ആധിപത്യത്തിന്റെയും അധി നിവേശത്തിൻറെയും നിഴലിൽ ഒരു തേനീച്ചക്കൂട് പോലെയാവാം .

റാണിയെന്ന അധികാര പ്രതീകത്തിനു കീഴിൽ അനുസരണയോടെ , നിശബ്ദമായി , അടിമകളെ പോലെ തേനറകളിൽ ജീവിതം നയിക്കേണ്ടത് ഒരു കൂട്ടത്തിന് ആവശ്യമെന്നു തോന്നിയേക്കാം . പുതുതായി വിരിഞ്ഞുവരുന്ന രാജകുമാരിമാരെ മെഴുകു കാരാഗൃഹത്തിൽ വധശിക്ഷ യ്ക്ക് വിധിച്ചേക്കാം . ഏകാധിപത്യവും സ്വേച് ഛാധിപത്യവും ഒരു സമൂഹ വ്യവസ്ഥയുടെ പ്രകൃതിനിയമമാണെന്നു പ്രജകളും അടിമകളും ധരിച്ചേക്കാം .

ആ നിഴൽജീവിതത്തിൽ നിന്നും രക്ഷപ്പെട്ട് പലായനം ചെയ്യുന്നവർ സ്വതന്ത്രവായു ശ്വസി ക്കുമോ അല്ലെങ്കിൽ എന്നേയ്ക്കുമായി

## THEODOROS ANGELOPOULOS



അജ്ഞാതരാക്കപ്പെടുമോ എന്നത് ആ സമൂഹ വ്യവസ്ഥയിൽ ഒരു ചോദ്യചിഹ്നമേയല്ല .

തിരിച്ചെത്തുന്നവർക്ക് പഴയതെല്ലാം നഷ്ടപ്പെട്ട് , ഗൃഹാതുരത്വത്തിൻറെ ഏകാന്തവേദനയിൽ അലയേണ്ടിവന്നേക്കാം . സ്വന്തം ഭൂമികയിൽ അപരിചിതരാക്കപ്പെടുന്നവർ രാഷ്ട്രീയ പ്രതി ഷേധത്തിന്റെ തീക്കനലുകൾ ഉള്ളിലൊതുക്കി നിശബ്ദതയിൽ എപ്പോഴെങ്കിലും കണ്ടു മുട്ടുമ്പോൾ ഇങ്ങനെ ചോദിച്ചേക്കാം : കഴിഞ്ഞ തവണ കണ്ടുമുട്ടിയ നമ്മളിൽ പലരും ഇന്നില്ല . അവർ എന്നേയ്ക്കുമായി അജ്ഞാതരായി തിരോധാനം ചെയ്യപ്പെട്ടവരുടെ പട്ടികയിലു ണ്ടോ ? .



**നിശബ്ദതയ്ക്കുള്ളിലെ നിഗൂഢസത്യങ്ങൾ**

രാഷ്ട്രീയ ദുരന്തത്തിൻറെ കാരണങ്ങൾ ചരിത്ര ത്തിലെ കറുത്ത ഏടുകളാണ് . അവയോടുള്ള പ്രതിഷേധം ചിലപ്പോൾ മൗനത്തിന്റേ താവാം . ആ രാഷ്ട്രീയ ദുരന്ത നിശബ്ദതയുടെ അപ്പൊകലിപ്റ്റിക് പ്രതീകഭാഷ പലപ്പോഴും നിഗൂഢ സത്യങ്ങളുടെ വെളിപാട് പുസ്തക മാകാം . ഏതാണ്ട് ഇതേവഴിയിൽ അന്വേഷിച്ചാൽ ഒരുപക്ഷെ തിയോ ആഞ്ചലോ പൗലോയുടെ ഗ്രീക്ക് ചലച്ചിത്രകാവ്യങ്ങളിലെത്താം .


ഓരോ ദേശത്തിന്റെയും ചരിത്രത്തിൽ നിന്നും സമകാലിക സാമൂഹിക അവസ്ഥകളി ൽ നിന്നും ഉയിർക്കൊള്ളുന്ന പ്രതീകങ്ങളും ചിന്തകളും ചോദ്യങ്ങളും ഉത്തരങ്ങളും സമസ്യകളുമുണ്ട് . അവയെ പരിശോധിക്കു കയും മനനം നടത്തുകയും ചിഹ്നലോകത്തി ലൂടെ അവതരിപ്പിക്കുകയും ചെയ്യുന്ന ധ്യാന ാത്മക - ബൗദ്ധിക - ആസ്വാദന കലയുടെ പ്രഭവത്തെയും പ്രഭാവത്തെയും നാം സർഗാത്മകത എന്ന് വിളിക്കുന്നു .


ദൃശ്യത്തിനുള്ളിലെ സ്ഥല - കാല നിർമ്മിതിയിൽ മറ്റൊരു അനുഭവകാലം സൃഷ്ടിച്ച് മറ്റൊരു സ്ഥലത്തേക്ക് സാവകാശം നമ്മെ കൂട്ടിക്കൊണ്ടു പോകുന്നു . ഈ പ്രക്രിയയിൽ പ്രേക്ഷകർക്കും നിശബ്ദതയുടെ നിഗൂഢസത്യങ്ങൾ വെളിപ്പെടുന്നു .

**തിയോഡോറോസ് ആഞ്ചലോപൗലോ**

(27 ഏപ്രിൽ 1935-24 ജനുവരി 2012 )

ആധുനിക ഗ്രീക്ക് ചരിത്രത്തിലെ പ്രക്ഷുബ്ധമായ കാലഘട്ടത്തിലാണ് വളർന്നത്. ഗ്രീക്ക് ആഭ്യന്തര യുദ്ധസമയത്ത് പിതാവിന്റെ തിരോധാനം അദ്ദേഹത്തിന്റെ പ്രമേയങ്ങളിൽ ആഴത്തിലുള്ള സ്വാധീനം ചെലുത്തി. ഏഥൻസിലെ നാഷണൽ ആൻഡ് കപോഡിസ്ട്രിയൻ യൂണിവേഴ്സിറ്റിയിൽ നിയമപഠനം നടത്തിയ ആഞ്ചലോപൗലോസ് പിന്നീട് പാരീസിലെ ഇൻസ്റ്റിട്യൂട്ടിൽ നിന്നും ചലച്ചിത്രകല ഗ്രഹിച്ചു. തിരികെ ഗ്രീസിലെത്തി പത്രപ്രവർത്തകനും നിരൂപകനുമായി .








## വിശ്വചലച്ചിത്ര വേദിയിൽ

ആദ്യചിത്രമായ ബ്രോഡ്കാസ്റ്റ് (1968) , റീകൺസ്ട്രക്ഷൻ ( 970), ഡെയ്സ് ഓഫ് (1936) (1972) എന്നീ ചിത്രങ്ങൾക്ക് ശേഷം 1975 -ലെ ദി ട്രാവലിംഗ് പ്ലെയേഴ്സ് എന്ന സിനിമയോടെ ആഗോളതലത്തിൽ ഏറ്റവും സ്വാധീനമുള്ള തും പരക്കെ ആദരിക്കപ്പെടുന്നതുമായ ചലച്ചിത്ര കാരന്മാരിൽ ഒരാളായി മാറി. വിശ്വസിനിമയിൽ 1970-80-90 കളിൽ താർകോവ്സ്കി (റഷ്യ) , ജൊഡോറോവ്സ്കി (ചിലി-ഫ്രാൻസ് ) , വെർണർ ഹെർസോഗ് (ജർമ്മനി ) , വിം വെൻഡേഴ്സ് (ജർമ്മനി),മാർത്ത മെസോറസ് (ഹംഗറി) ,ക്രിസ്റ്റഫ് കീസ്ലോവ്സ്കി (പോളണ്ട്),പെഡ്രോ അൽമോവോദാർ (സ്പെയിൻ) , സെമിത് കാപ്ലനോഗ്ലു (തുർക്കി) , അബ്ബാസ് കീയ്റോസ്തമി (ഇറാൻ) , കിം കി ഡുക് (സൗത്ത് കൊറിയ) തുടങ്ങി ഒട്ടേറെ ശ്രദ്ധേയ സംവിധായകരുടെ ഒന്നാം നിരയിൽ പ്രമുഖ സ്ഥാനമാണ് ആഞ്ചലോ പൗലോയ്ക്കുള്ളത് . അദ്ദേഹത്തിന്റെ മാസ്റ്റർഫുൾ സൃഷ്ടിയായ എറ്റേണിറ്റി ആൻഡ് എ ഡേ 1998 - ലെ കാൻ ഫിലിം ഫെസ്റ്റിവലിൽ പാം ഡി ഓറും എക്യുമെനിക്കൽ ജൂറി പ്രൈസും നേടിയിരുന്നു .

അദ്ദേഹത്തിന്റെ സിനിമകൾ ഗ്രീക്ക് ചരിത്രത്തിന്റെ സാരാംശം ഉൾക്കൊള്ളുന്നവയാണ് . പലായനം , കുടിയേറ്റം, മാതൃഭൂമിയുടെ സ്വാതന്ത്ര്യം , ഇരുപ താം നൂറ്റാണ്ടിലെ പ്രക്ഷുബ്ധമായ സംഭവങ്ങൾ എന്നിവ പ്രതിഫലിക്കുന്ന പ്രമേയങ്ങൾ ആവി ഷ്കരിച്ച തനതായ ദൃശ്യശൈലി ലോകമെമ്പാ ടുമുള്ള നിരൂപകരെയും മികച്ച പ്രേക്ഷകരെയും ആകർഷിച്ചു . ഛായാഗ്രാഹകൻ ഗിയോർ ഗോസ് അർവാനിറ്റിസ്, തിരക്കഥാകൃത്ത് ടോ ണിനോ ഗ്യൂറ, സംഗീതസംവിധായകൻ എലെനി കരെൻഡ്രോ എന്നിവരുമായി സഹകരിച്ച്, സിനിമയ്ക്ക് പുതിയൊരു വ്യാകരണം രചിച്ചു .

## കാലമായി മാറുന്ന രംഗം

അധീശത്വ രാഷ്ട്രീയത്തിനെതിരെയുള്ള പ്രതിഷേധ നിശബ്ദത നിറഞ്ഞുനിൽക്കുന്ന ചലച്ചിത്ര ത്രയത്തിൽ വോയേജ് ടു സൈത്തീര (1983) , ദി ബീ കീപ്പർ (1986), ലാൻഡ്സ്കേപ് ഇൻ ദി മിസ്റ്റ് (1988) എന്നീ സിനിമകളാണു ള്ളത് . അതിസൂക്ഷ്മമായി രൂപകല്പന ചെയ്ത അദ്ദേഹത്തിന്റെ സിനിമകളിൽ വിസ്മയിപ്പിക്കുന്ന ആഖ്യാനങ്ങളുണ്ട് . മാസ്മരിക ദീർഘ ദൃശ്യങ്ങളിൽ അഗാധമായ വൈകാരിക ആഴം അനുഭവിക്കാൻ കഴിയും .





പ്ലെയേഴ്സ് , യുളീസസ് ഗെയ്സ് എറ്റെർനിറ്റി ആൻഡ് എ ഡേ, ദി വീപ്പിങ് മെഡോ എന്നീ സിനിമകളിലെ പ്രതിപാദ്യം ഭീഷണമായ , മനുഷ്യ ദുരന്തത്തിന്റേതായ ഗ്രീക്ക് രാഷ്ട്രീയ പരിസരമാണ് . നിഗൂഢ സത്യങ്ങളുടെ വിങ്ങലുകളും ആത്മരോദനവും കാതിന്റെ കാതുകൾക്ക് കേൾക്കാം. ദീർഘവും എന്നാൽ നമ്മെ ചേർത്തുപിടിക്കുന്നതുമായ സൗമ്യതയും ചാരുതയും തങ്ങിനിൽക്കുന്നുമുണ്ട് .

ദൃശ്യത്തിനുള്ളിലെ കാലവും കാലത്തിനുള്ളിലെ ദൃശ്യവും ഒരു ധ്യാനമാണെന്ന് പറയാം . പെട്ടെന്ന് പിടിതരാത്ത പ്രതീകഭാഷയാണെങ്കിൽ കൂടി ഓരോ ഫ്രെയിമിലും മികച്ച നിയന്ത്രണം പുലർത്തുന്നു . ഇത്തരം ഒരു അതുല്യരീതിക്ക് തുല്യം നിൽക്കുന്നത് താർകോവ്സ്കിയുടെ മിറർ , സ്റ്റോക്കർ പോലുള്ള ചിത്രങ്ങളാണ് . കിം കി ഡുക്കിന്റെ സ്പ്രിംഗ് - സമ്മർ -, ഫാൾ - വിന്റർ - സ്പ്രിങ് പോലുള്ള പിൽക്കാല സിനിമകളും ഈ ധാരയിൽ ഉൾപ്പെടുത്താം .

ഇങ്മർ ബർഗ്മാൻ,അകിര കുറൊസാവ, മൈക്കലാഞ്ചലോ അന്റോണിയോണി,വെർണർ ഹെർസോഗ്, വിം വെൻഡേർസ്, ദുസാൻ മകാവ്ജേവ് , എമീർ കസ്തൂറിക്ക, മാനുവൽ ഡി ഒലീവിര , വില്യം ഫ്രീഡ്കിൻ , മാർട്ടിൻ സ്കോർസെസ് തുടങ്ങി ഒട്ടേറെ ഫിലിം മാസ്റ്റേഴ്സ് ആദരിക്കുന്ന ആഞ്ചലോ പൗലോ തന്റെ ഗുരുനാഥന്മാരായി പരിഗണിക്കുന്നത് ഓർസൺ വെൽസ് , മിസോ ഗുച്ചി എന്നിവരെയാണ് . അതേസമയം ഹംഗേറിയൻ സംവിധായകൻ മിക്ളോസ് യാങ്ക്സോയുടെ ദി റൗണ്ട് അപ്പ് (1960) , ചുവന്ന സങ്കീർത്തനം (1972) , ഇലക്ട്ര മൈ ലവ് (1974) എന്നീ സിനിമകളിൽ കാണുന്ന ദീർഘ -വിശാല ദൃശ്യവും സമയവും അർത്ഥഭംഗിയോടെ ചിട്ടപ്പെടുത്തിയ കോറിയോഗ്രഫിയുള്ള കഥാപാത്രങ്ങളുടെ ചലനനൈരന്തര്യവും ഫ്രഞ്ച് നിരൂപകൻ ആന്ദ്രേ ബാസീനിന്റെ മിസ് - എൻ - സീൻ സിദ്ധാന്തവും ആഞ്ചലോപൗലോയെ പ്രചോദിപ്പിച്ചിട്ടുണ്ടെന്നും കരുതാം .

2012 ജനുവരിയിൽ ,76 -മത്തെ വയസ്സിൽ, ദി അദർ സീ എന്ന ചിത്രം നിർമ്മിക്കവേ, റോഡ് മുറിച്ചുകടക്കുമ്പോൾ , ട്രാഫിക് നിയമം തെറ്റിച്ചെത്തിയ ഒരു പോലീസ് ബൈക്കിടിച്ച് ഈ ലോകത്തിൽ നിന്ന് യാത്രയായ തിയോ ആഞ്ചലോ പൗലോ, ചലച്ചിത്ര ലോകത്തിന് നൽകിയ മികച്ച സംഭാവനകൾക്ക് നിരവധി അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ട്. യൂണിവേഴ്സിറ്റി ലിബ്രെ ഡി ബ്രക്സെല്ലസ്, യൂണിവേഴ്സിറ്റി ഓഫ് എസെക്സ് എന്നിവയുൾപ്പെടെയുള്ള വിവിധ യൂണിവേഴ്സിറ്റികൾ ഓണററി ഡോക്ടറേറ്റുകൾ നൽകി ആഞ്ചലോപൗലോയെ ആദരിച്ചിട്ടുണ്ട് .

അദ്ദേഹത്തിന്റെ പൈതൃകം , തീർച്ചയായും ചലച്ചിത്ര പ്രവർത്തകരെ കഥപറച്ചിലിന്റെ അതിരുകൾക്കപ്പുറത്ത് ആഴത്തിൽ പ്രതിധ്വനിക്കുന്ന ചലച്ചിത്രകല സൃഷ്ടിക്കാൻ പ്രചോദിപ്പിക്കും.



**ദി ട്രാവലിംഗ് പ്ലെയേഴ്സ്**

ഇരുപതാം നൂറ്റാണ്ടിന്റെ മധ്യത്തിൽ 1939 മുതൽ 1952 വരെയുള്ള ഗ്രീസിന്റെ ചരിത്രം രേഖപ്പെടുത്തുന്ന , തിയോഡോറോസ് ആഞ്ചലോപൗലോ എഴുതി സംവിധാനം ചെയ്ത 1975-ലെ ഗ്രീക്ക് ചിത്രമാണ് ദി ട്രാവലിംഗ് പ്ലെയേഴ്സ് . പല വിമർശകരും ദി ട്രാവലിംഗ് പ്ലെയേഴ്സിനെ ആഞ്ചലോപൗലോയുടെ മാസ്റ്റർപീസ് എന്ന് വിശേഷിപ്പിച്ചിട്ടുണ്ട്.

തിയോഡോറോസ് ആഞ്ചലോപൗലോയുടെ ചിത്രങ്ങൾ രാജ്യാന്തര നിരൂപക പ്രശംസ നേടിയിട്ടുള്ളതാണ് . അദ്ദേഹത്തിന്റെ മഹത്തായ സൃഷ്ടി , ദി ട്രാവലിംഗ് പ്ലെയേഴ്സ്, ചലച്ചിത്ര കലയുടെ ഘടനാപരമായ വൈദഗ്ധ്യത്തിന് ഉദാഹരണമാണ് . ഗ്രീക്ക് ചരിത്ര ഘട്ടങ്ങള‌ുടെ അടരുകൾ അതിലുണ്ട് . പ്രതികൂലമായ രാഷ്ട്രീയ കാലാവസ്ഥയിൽ പോലും ധൈഷണികവും ധീരവുമായ ഉള്ളടക്കം .

ആട്ടിടയനായ ഗോൾഫോ എന്ന നാടകം അവതരിപ്പിച്ചുകൊണ്ട് ഒരു കൂട്ടം നടീനടന്മാരായ സഞ്ചാരികൾ ഗ്രീസിലൂടെ പര്യടനം നടത്തുന്നു. പ്രണയത്തിന്റെയും വിശ്വാസവഞ്ചനയുടെയും മരണത്തിൻറെയും പദ്യനാടകത്തിൽ അവർ ധീരതയുടെ ചിഹ്നമായ വേഷം - ഫസ്റ്റനെല്ല അണിയുന്നു . ആ നാടകം റിഹേഴ്സൽ ചെയ്യുന്നതും പ്രോത്സാഹിപ്പിക്കുന്നതും അവതരിപ്പിക്കുന്നതുമാണ് സിനിമയുടെ ആദ്യ ഘട്ടത്തിൽ .





ഫസ്റ്റനെല്ല എന്നത് സ്കേർട്ട് പോലുള്ള വസ്ത്ര മാണ് . ഓട്ടോമൻ ഭരണകാലത്ത് അൽബേനി യൻ പടയാളികൾ ഇത് പലയിടത്തും ധരിച്ചി രുന്നു . ഗ്രീക്ക് സ്വാതന്ത്ര്യ യുദ്ധകാലത്ത്, ഗ്രീക്ക് വിപ്ലവകാരികളും പിന്നീട് ഗ്രീക്ക് സൈനികരും ഈ വേഷം ധരിച്ചു. 1835 - ൽ ഇത് ഗ്രീക്ക് ദേശീയ വസ്ത്രമായി മാറി .

പ്രഥമ ഗ്രീക്ക് നിശബ്ദ - ഫീച്ചർ സിനിമയാണ് 1915-ലെ ഗോൾഫോ. 1935-ലാണ് ഇത് റിലീസ് ചെയ്തത്. റോമിയോ ആൻഡ് ജൂലിയറ്റ് പോലുള്ള പ്രണയ - ദുരന്ത കഥ. ആട്ടിടയ നായക വേഷം ഫസ്റ്റനെല്ലയാണ് . സിനിമ അടുത്ത ഘട്ടത്തിലേക്ക് കടക്കുമ്പോൾ , 1939 - നും 1952 - നും ഇടയിലുള്ള ചരിത്രസംഭവങ്ങളെ കേന്ദ്രീകരിക്കുന്നു .സഞ്ചാരികളായ നാടകക്കാർ നേരിട്ട് അനുഭവിക്കുകയും അവർ സന്ദർശിക്കുന്ന സ്ഥലങ്ങളിലെ ആളുകളെ ബാധിച്ചതുമാണത് .

ഏകാധിപതിയായ മെറ്റാക്സസിന്റെ ഭരണ ത്തിന്റെ അവസാന വർഷം, ഇറ്റലിക്കാരായ ഫാസിസ്റ്റുകൾക്കും ജർമ്മൻകാരായ നാസി കൾക്കുമെതിരായ യുദ്ധം, അധിനിവേശം, വിമോചനം, ഗവൺമെന്റും കമ്മ്യൂണിസ്റ്റ് കലാപ കാരികളും തമ്മിലുള്ള ആഭ്യന്തരയുദ്ധം, ഗ്രീസിൽ ബ്രിട്ടീഷുകാരുടെയും അമേരിക്ക ക്കാരുടെ യും ഇടപെടൽ - അങ്ങനെ രാഷ്ട്രീയ കലുഷിത അന്തരീക്ഷം നാടകക്കാർ കാണുന്നു .

സിനിമ മറ്റൊരു തലത്തിലേക്ക് കൂടി പ്രവേശിക്കുമ്പോൾ നടീനടന്മാർ ഗ്രീക്ക് ദുരന്തനാടക കഥാപാത്രങ്ങളായി മാറുന്നു . എസ്കിലസും സോഫോക്ളീസും യുറിപ്പിഡ സും രചിച്ച നാടകങ്ങളിലെ പ്രധാന സംഭവങ്ങൾ ജീവിതത്തിൽ ഇടകലരുന്നു . അഗമെംനോൺ രാജാവും മകൾ ഇലക്ട്രയും മകൻ ഓറസ്തസും അവരുടെ മാതാവ് ക്ളൈറ്റംനെസ്ത്രയും കാമുകൻ അഗസ്തൂസും ഒക്കെയായി സമാന്തരപ്പെടുന്നു . അധികാരത്തിൻറെയും അസൂയയുടെയും വിശ്വാസവഞ്ചനയുടെയും കൊലപാത കത്തിന്റെയും പ്രതികാരത്തിന്റെയും പുരാതന നാടകം ആധുനിക ജീവിതത്തിലും നമുക്ക് കാണാനാവുന്നു .



ഏഷ്യാമൈനറിൽ നിന്നുള്ള ഗ്രീക്ക് അഭയാ ർത്ഥിയായ അഗമെംനോൺ, 1940-ൽ ഇറ്റലിക്കാർക്കെതിരെ യുദ്ധം ചെയ്യുന്നവനാണ് .ജർമ്മൻകാർക്കെതിരായ ചെറുത്തുനിൽപ്പിൽ ചേരുന്നു. എന്നാൽ അയാളുടെ ഭാര്യ ക്ളൈറ്റംനെസ്ത്രയും കാമുകൻ അഗസ്തൂസും ഒറ്റിക്കൊടുത്തതിനെ തുടർന്ന് വധിക്കപ്പെടുന്നു. അഗസ്തൂസ്,ജർമ്മൻ നാസി അധിനിവേശ ക്കാർക്കൊപ്പം പ്രവർത്തിക്കുന്ന ഒരു വിവര ദായകനും സഹകാരിയുമാണ്. ഇതേസമയം അഗമെംനണിന്റെയും ക്ലൈറ്റംനെസ്ട്രയുടെ യും മകനായ ഓറസ്തസ് ഇടതുപക്ഷക്കാരുടെ പക്ഷത്ത് പോരാടുന്നു.

മാതാവ് ക്ളൈറ്റംനെസ്ത്രയെയും കാമുകൻ അഗസ്തൂസിനേയും വധിച്ച് പിതാവിന്റെ മരണത്തിന് ഓറസ്തസ് പ്രതികാരം ചെയ്യുന്നു. അവന്റെ സഹോദരി ഇലക്ട്ര ഇടതുപക്ഷക്കാരെ സഹായിക്കുകയും അവളുടെ അമ്മയുടെയും അഗസ്തൂസിന്റെയും വഞ്ചനയ്ക്ക് പ്രതികാരം ചെയ്യാൻ സഹോദരനെ സഹായിക്കുകയും ചെയ്യുന്നു. ഗറില്ലാ പ്രവർത്തനങ്ങളുടെ പേരിൽ 1949 -ൽ ഓറസ്തസ് അറസ്റ്റിലാവുകയും 1951-ൽ ജയിലിൽ വധിക്കപ്പെടുകയും ചെയ്തു.

അറസ്റ്റുചെയ്യപ്പെടുകയും നാടുകടത്തപ്പെടുകയും ചെയ്യുന്നു. ഒടുവിൽ വലതുപക്ഷത്തിന്റെ പീഡനത്തിന് ശേഷം ഇടതുപക്ഷത്തെ അപലപിച്ച് എഴുതി ഒപ്പിടാൻ നിർബന്ധിതനാവുകയും 1950-ൽ ജയിലിൽ നിന്ന് മോചിതനാവുകയും ചെയ്യുന്നു .രണ്ടാം ലോകമഹായുദ്ധസമയത്ത് ഗ്രീസിലെ അച്ചുതണ്ട് അധിനിവേശത്തെ ഓറസ്തസ് - മിത്തിന്റെ രൂപത്തിൽ താൻ ആവിഷ്കരിക്കുമെന്ന് അദ്ദേഹം പ്രഖ്യാപിച്ചിരുന്നു . സംവിധായകനാവും മുൻപ്, ഒരു സോഷ്യലിസ്റ്റ്



ഓറസ്തസിന്റെ മരണശേഷം ഇലക്ട്ര നാടക ട്രൂപ്പിന്റെ ചുമതല ഏറ്റെടുക്കുന്നു . ഓറസ്തസിന്റെ കൂട്ടുകാരൻ പിലാഡിയുമായുള്ള പ്രണയബന്ധവും തുടരുന്നു. എന്നാൽ ഇലക്ട്രയുടെ ഇളയ സഹോദരിയായ ക്രിസോതെം, ജർമ്മൻ നാസികളുമായി സഹകരിക്കുന്നുണ്ട് . അധിനിവേശകാലത്ത് അവൾ വേശ്യാവൃത്തി ചെയ്യുന്നു. വിമോചനസമയത്ത് ബ്രിട്ടീഷുകാരുടെ പക്ഷം ചേരുന്നു. പിന്നീട് ഒരു അമേരിക്കക്കാരനെ വിവാഹം കഴിക്കുന്നു .

ഓറസ്തസിന്റെ കൂട്ടുകാരൻ പിലാഡി , ഏകാധിപതിയായ മെറ്റാക്സസ് ഭരണ കൂടത്താൽ നാടുകടത്തപ്പെട്ട ഒരു കമ്മ്യൂണിസ്റ്റുകാരനാണ്. അയാൾ ഗറില്ലകളോടൊപ്പം ചേരുകയും വീണ്ടും

പത്രത്തിന്റെ സിനിമാ നിരൂപകനായിരുന്ന ആഞ്ചലോപൗലോ രണ്ട് കാര്യങ്ങൾ വിശകലനം ചെയ്യാൻ ആഗ്രഹിച്ചിരുന്നു . ആദ്യത്തേത് , ഗ്രീസിന്റെ ചരിത്രം ഇടതുപക്ഷ വീക്ഷണകോണിൽ നിന്ന് അപഗ്രഥിക്കുക .

രണ്ടാമത്തേത്, ഗ്രീസിൽ ജനാധിപത്യം സ്ഥാപിക്കുന്നതിലുള്ള പ്രതിസന്ധികൾ വ്യക്തമാക്കുക .ദി ട്രാവലിംഗ് പ്ലെയേഴ്സ് എന്ന ആശയം തനിക്ക് നൽകിയത് കേണൽമാരുടെ ഭരണകൂടമാണെന്ന് തുറന്നുപറഞ്ഞിട്ടുണ്ട് . 1974 -ൽ പട്ടാള കേണൽമാരുടെ ഭരണം അവസാനിക്കുകയും ഗ്രീസ് ജനാധിപത്യ ഭരണത്തിലേക്ക് തിരികെ വരികയും ചെയ്തതിന് ശേഷമാണ് ദി ട്രാവലിംഗ് പ്ലെയേഴ്സ്



എന്ന സിനിമ പൂർത്തിയായത് . സ്വേച്ഛാധിപ ത്യ അധികാരത്തിന് കീഴിൽ , 1974 -ൽ തിയോ ആഞ്ചലോപൗലോ അധികാരികളിൽ നിന്ന് തന്റെ സിനിമയുടെ ജോലി മറച്ചുവെക്കേണ്ടിയും വന്നിരുന്നു.1975-ലാണ് ഈ ചിത്രം പുറത്തിറങ്ങി യത്.

ദി ട്രാവലിംഗ് പ്ലെയേഴ്സ് ഗ്രീസിൽ മികച്ച വാണിജ്യ വിജയവും അന്താരാഷ്ട്ര അംഗീകാരവും നേടി. പല നിരൂപകരും ന്യൂ ഗ്രീക്ക് സിനിമയുടെ പരമോന്നത നേട്ടമായി ഇതിനെ കണക്കാക്കുന്നു, ചിലർ 20-ാം നൂറ്റാണ്ടിന്റെ അവസാന പകുതി യിലെ ഏറ്റവും പ്രധാനപ്പെട്ട സിനിമകളിലൊന്നാ യി ഇതിനെ കണക്കാക്കുന്നു. 2012 -ലെ സൈറ്റ് & സൗണ്ട് എക്കാലത്തെയും മികച്ച ചലച്ചിത്രങ്ങളി ലൊന്നായി തെരെഞ്ഞെടുത്തു.നിരവധി രാജ്യാ ന്തര അവാർഡുകളും നേടി.

പക്ഷേ , 1975 - ലെ കാൻ ഫെസ്റ്റിവലിലേക്ക് ക്ഷണിക്കപ്പെട്ട ഈ സിനിമ അയക്കുവാൻ ആഞ്ചലോപൗലോ ശ്രമിച്ചെങ്കിലും യാഥാസ്ഥി തിക ഗ്രീക്ക് സർക്കാർ അത് അനുവദിച്ചില്ല . ദി ട്രാവലിംഗ് പ്ലെയേഴ്സ് ദീർഘവും സങ്കീർണ്ണവുമായ ട്രാക്കിംഗ് ഷോട്ടുകളും മനോഹരമായ ലാൻഡ്സ്കേപ്പ് ഫോട്ടോഗ്രഫിയും കൊണ്ട് ഒരു സർറിയലിസ്റ്റിക് അന്തരീക്ഷം സൃഷ്ടിക്കുന്നുണ്ട് . ദൃശ്യങ്ങൾ പലപ്പോഴും മുന്നറിയിപ്പില്ലാതെ കാലക്രമേണ അങ്ങോട്ടും ഇങ്ങോട്ടും നീങ്ങുന്നതും കാണാം ... .ഒരു പ്ര ധാന രംഗത്തിന് ശേഷം അതിൽ എന്താണ് സംഭവിച്ചതെന്ന് ചിന്തിക്കാൻ കുറച്ച് സമയ മെടുത്തെന്നും വരാം ... ഓരോ ദൃശ്യത്തിലും അന്തർഭവിച്ചിരിക്കുന്ന നിശ്ശബ്ദതയ്ക്കുള്ളിലെ ന ിഗൂഢ സത്യങ്ങൾ പ്രേക്ഷകന് ബോധ്യപ്പെടാൻ , ആസ്വാദ്യകരമാവാൻ, പ്രജ്ഞ പ്രവർത്തിക്കുന്ന സമയമാണത് ! കണ്ണിന്റെ കാവ്യശാസ്ത്രം

### ദി വീപ്പിങ് മെഡോ

ദി വീപ്പിംഗ് മെഡോഎന്ന സിനിമ ആഞ്ചലോ പൗലോയുടെ 1975 -ൽ പുറത്തിറങ്ങിയ ദി ട്രാവലിംഗ് പ്ലെയേഴ്സ് എന്ന സിനിമയുടെ ഉള്ളടക്കരീതിയോടും ദൃശ്യശൈലിയോടും സമാനതയുള്ളതാണ് . 1919 മുതൽ രണ്ടാം ലോക മഹായുദ്ധത്തിനു ശേഷമുള്ള ഗ്രീക്ക് രാഷ്ട്രീയ യാഥാർഥ്യങ്ങൾ നിഗൂഹനം ചെയ്തിരിക്കുന്നു .

റഷ്യൻ ബോൾഷെവിക് വിപ്ലവത്തിന് ശേഷം , 1919 -ൽ അവിടെ നിന്നും ഗ്രീസിലേക്ക് തിരികെ പലായനം ചെയ്യേണ്ടി വരുന്ന അവഗണിക്കപ്പെട്ട ഒരു കൂട്ടം അഭയാർത്ഥികളിൽ ഒരു കുടുംബ ത്തിന്റെ കഷ്ടപ്പാടുകളിലൂടെ ഗ്രീക്ക് ചരിത്ര ത്തിലെ അവസ്ഥാന്തരങ്ങൾ പ്രതിപാദിക്കുന്നു .





വൃദ്ധനായ സ്പൈറോസിനും ഭാര്യ ഡാണയ ്ക്കും അലക്സി എന്ന മകനുണ്ട് . ഒഡേസ്സ യിൽ നിന്ന് പോരുമ്പോൾ അനാഥയായ കൊച്ചുപെൺകുട്ടി - എലേനി യെ സ്പൈ റോസ് ദത്തെടുത്തു. ഈ സിനിമയിലെ കേന്ദ്ര കഥാപാത്രം എലേനിയാണ് .

സിനിമയുടെ തുടക്കത്തിലുള്ള, ഏകദേശം അഞ്ച് മിനിറ്റ് നീണ്ടുനിൽക്കുന്ന , അപൂർവ്വ സിനിമാറ്റിക് ദൃശ്യത്തിൽ, അഭയാർത്ഥികളായ ഇരുണ്ട വസ്ത്രധാരികളായ സംഘം വടക്കൻ ഗ്രീസിലെ തെസ്സലോണിക്കി ഉൾക്കടൽത്തീരത്തുള്ള , വലിയ നദിയുടെ അഴിമുഖത്ത് എത്തുന്നതായി കാണിക്കുന്നു. അതിനെ കുറിച്ചുള്ള വിവരണം ആത്മഗതം പോലെ ആഞ്ചലോപൗലോ നൽകു ന്നുണ്ട് .

ആ ഗ്രീക്ക് അഭയാർത്ഥികൾ സ്പൈറോ സിന്റെ നേതൃത്വത്തിൽ കുറച്ച് വർഷങ്ങൾക്ക് ശേഷം ചതുപ്പുകളിൽ മൺതിട്ടകൾ വെട്ടിമുറി ച്ചുപണിതുയർത്തിയ ഗ്രാമം മുഴുവൻ നാം കാണുന്നുണ്ട് . മൺ ചുവരുകളും ഇഷ്ടിക ചുവരുകളും ടൈൽ പാകിയ മേൽക്കൂരകളുമുള്ള വീടുകൾ, കന്നുകാലികൾ, കുതിരകൾ, ദൈവാ ലയം , സ്കൂൾ, സംഗീതജ്ഞർ... തെസ്സലോ ണിക്കയ്ക്ക് സമീപം ഉയർന്നുവന്ന പഴയ ഗ്രീക്കുകാരുടെ അന്തരീക്ഷം...നിറങ്ങളില്ലാത്ത , നിശബ്ദത നിറഞ്ഞ , വിരഹദുഃഖം തങ്ങി നിൽക്കുന്ന,ഏതോ ബാഹ്യശക്തിയുടെ വേട്ടയ്ക്ക് മുന്നിൽ ഇരയാവുമോ എന്ന ഭീതി യൊഴുകുന്ന , നഷ്ടപ്പെടലുകളുടെ അസ്ഥിരത ഇളകുന്ന അന്തരീക്ഷം . കരയുന്ന പുൽമേടുകൾ . കൗമാരപ്രായത്തിലെത്തിയ എലേനി, അവളുടെ ദത്തു സഹോദരൻ അലക്സിസ് വഴി ഗർഭിണിയാകുകയും ഇരട്ട ആൺകുട്ടികളെ പ്രസവിക്കുകയും ചെയ്യുന്നതാണ് മറ്റൊരു വഴിത്തിരിവ് .

ഗ്രീക്ക് - തുർക്കി യുദ്ധത്തിന് ശേഷം ഗ്രീസിൽ തദ്ദേശീയ ഫാസിസം ജനങ്ങളെ അക്രമികളാക്കുന്നു . പ്രതിരോധ ജനകീയ മുന്നണി ഉയർന്നുവരുന്നു . എന്നാൽ യൂണിയൻ ആക്ടിവിസം അടിച്ചമർത്തപ്പെടുന്നു. നാസികൾ രാജ്യം പിടിച്ചെടുക്കുന്നു. യുദ്ധാനന്തരം ഗ്രീസിലെ ജനങ്ങൾ ഇരുചേരികളിലുമായി നീണ്ടതും ക്രൂരവുമായ ആഭ്യന്തര യുദ്ധത്തിൽ പരസ്പരം പോരാടുന്നു .ഈ അവസ്ഥകളി ലൂടെയാണ് ആ കുടുംബം കടന്നുപോകുന്നത്.

ഇതിനിടെ അലക്സിസ് സൈനീക സേവന ത്തിലായി . അയാൾ പിന്നീട് കൊല്ലപ്പെടുന്ന തായും സൂചന ലഭിക്കുന്നു . സ്പൈറോസിന്റെ ഭാര്യയും ഡാണയും മരണപ്പെട്ടു.
വർഷങ്ങൾക്ക് ശേഷം തന്നെ ദത്തെടുത്ത വൃദ്ധ പിതാവിനെ വിവാഹം കഴിക്കാൻ എലേനി നിർബന്ധിതയാവുന്നു . സ്പൈറോസ് എന്ന സമുദായ തലവൻറെ തൃഷ്ണയും നിശ്ചയവുമാ ണത് . അപ്പോൾ കൊല്ലപ്പെട്ടുവെന്ന് കരുതിയ അലക്സിസ് അവളെ തേടി തിരിച്ചെത്തു കയാണ് . അവളുടെ വിവാഹദിനത്തിൽ, എലേനി അലക്സിസിനൊപ്പം തെസ്സലോണിക്കിയിലേക്ക് രക്ഷപ്പെടുന്നു.
വയലിനിസ്റ്റ് നിക്കോസിന്റെ നേതൃത്വത്തിലുള്ള സഞ്ചാര സംഗീതജ്ഞരുടെ സഹായത്തോടെ അവർ തെസ്സലോണിക്കിയിലേക്ക് പലായനം ചെയ്യുന്നു .അവർ പിന്നീട് സംഗീതജ്ഞരുടെ കൂട്ടത്തിലേക്ക് മാറുന്നു.



അലക്സിസ് പ്രതിഭാധനനായ ഒരു അക്രോഡിയനിസ്റ്റാണെന്ന് തെളിയിക്കുന്നു. എന്നാൽ നിക്കോസിനും കൂട്ടർക്കും ജോലി കിട്ടാൻ പ്രയാസമായി . അതേസമയം, എലേനിയും അലക്സിസും മക്കളായ യോർഗിസും യാനിസും വീണ്ടും ഒന്നിക്കുന്നു , രണ്ടാം ലോകമഹായുദ്ധവും തുടർന്നുള്ള ഗ്രീക്ക് ആഭ്യന്തരയുദ്ധവും അവരുടെ ജീവിതത്തെ മറ്റൊരു ദുരിതദിശയിലേക്ക് നയിക്കുകയാണ് .

പ്രേക്ഷകർക്ക് എലേനിയോടും അലക്സിസിനോടും ഒരുപക്ഷേ സഹാനുഭൂതിയാണ് തോന്നുക. കാരണം ആ നിഷ്കളങ്കർ ഒരു വലിയ ദുരന്ത കാലഘട്ടത്തിലൂടെ കടന്നു പോകുന്നവരാണ്. അതുകൊണ്ട് ഈ യുവദമ്പതികളോട് ആഴത്തിലുള്ള വൈകാരിക ബന്ധം തോന്നണമെന്നുമില്ല. അവരുടെ ബാല്യം മുതൽക്കുള്ള പലായനം, അവിവാഹിതരായിരിക്കെയുള്ള ദാമ്പത്യം, വിരഹം , കുഞ്ഞുങ്ങളെ വേർപിരിയൽ , പുനഃസമാഗമം , പിന്നെയും വേർപിരിയൽ, ജയിൽവാസം , സ്പൈറോസിന്റെ മരണം, അവർ വളർന്ന ഗ്രാമത്തിലെ വെള്ളപ്പൊക്കം, അയൽക്കാരുടെ ബഹിഷ്കരിക്കരണം എന്നിവയൊക്കെ പ്രാധാന്യത്തോടെ സിനിമയിൽ ഉയർന്നു നിൽക്കുന്നു. യുദ്ധത്തിന്റെയും നിരന്തരമായ സംഘട്ടനത്തിന്റെയും ഫലമായി അവർ അലഞ്ഞുതിരിയേണ്ടിയും വരുന്നു.

വാസ്തവത്തിൽ, 1919 മുതൽ 1949 വരെയുള്ള ഗ്രീക്ക് കാലഘട്ടത്തിലെ രാഷ്ട്രീയ സങ്കീർണ്ണതകളൊക്കെയും എലേനി എന്ന ഒരു കഥാപാത്രത്തിന്റെ ജീവിതത്തെ കേന്ദ്രീകരിച്ചുള്ള പശ്ചാത്തല സംഭവങ്ങളാണ്. പ്രകൃതി ദുരന്തങ്ങൾ, അഭയാർഥികൾ, രാഷ്ട്രീയ അശാന്തി, ആഭ്യന്തര യുദ്ധങ്ങൾ, ഗർഭധാരണം, ബലാത്സംഗം, ദത്തെടുക്കൽ, നഷ്ടം, മരണം , ജയിൽവാസം ... എല്ലാം ഒരു പ്രളയം പോലെയും കവിതപോലെയും 163 മിനിറ്റിന്റെ ദൈർഘ്യത്തിൽ പൂർണ്ണമാവുമ്പോൾ ആ രംഗങ്ങൾ പ്രേക്ഷകന്റെ ഓർമ്മയിൽ ഒട്ടേറെ നക്ഷത്രവിളക്കുകൾ കൊളുത്തിവെയ്ക്കുന്നു . ചരിത്രം ഗ്രീക്ക് വേഷമിട്ടൊരു ഹെലനെ പോലെ നിൽക്കുന്നു .

സംവിധായകൻ പ്രേക്ഷകന്റെ പലപ്പോഴും പ്രതീക്ഷകളെ അട്ടിമറിക്കുന്നത് കാണാം . കാരണം സീനുകൾ മെലോഡ്രാമാറ്റിക് അല്ല. ക്യാമറ ഒരിക്കലും തിടുക്കപ്പെടുന്നില്ല . സ്ക്രീനിൽ ഏതോ പ്രാക്തനമായ ഭയാനകത നിറയുമ്പോഴും കഥപറച്ചിലിനെ നയിക്കുന്ന കാഴ്ചയുടെ ശാന്തതയുണ്ട്.

ഒഡേസ്സയിൽ നിന്നുള്ള ഗ്രീക്ക് അഭയാർത്ഥികൾ ക്യാമറയെ സമീപിക്കുമ്പോൾ ആഞ്ചലോപൗലോയുടെ വിവരണം കേൾക്കുന്നു . സ്പൈറോസ് ഒരു നേതാവിനെ പോലെ നദിക്ക് അക്കരെയുള്ള ഒരാളോട് സംസാരിക്കുന്നു . ക്യാമറയെ നോക്കി , തന്റെ ജനങ്ങളുടെ ദുരവസ്ഥയെക്കുറിച്ച് പറയുന്നു . ആ സംഘത്തിന്റെ രക്ഷപ്പെടലിനെക്കുറിച്ച് പറയുന്നു. തന്റെ മകൻ അലെക്സിസിന്റെ അരികിലുള്ള കൊച്ചു പെൺകുട്ടി– എലേനി , തന്റേതല്ലെന്നും അവളെ അവളുടെ അമ്മയുടെ മൃതദേഹത്തിന് മുകളിൽ കണ്ടെത്തിയതാണെന്നും വ്യക്തമാക്കുന്നു . ക്യാമറ പിന്നീട് നദിയിലേക്ക് നീങ്ങുന്നു . പുരുഷന്റെയും ഭാര്യയുടെയും രണ്ട് കുട്ടികളുടെയും പ്രതിബിംബങ്ങൾ ജലത്തിൽ കാണുന്നു. അപ്പോൾ ആൺകുട്ടി ആ പെൺകുട്ടിയോട് അവളുടെ പേര് ചോദിക്കുന്നത് കേൾക്കുന്നു. അവൾ അവനോട് പറയുന്നു, എലേനി.

പ്രതികാരബുദ്ധിയുള്ള ഒരു സ്പൈറോസ് അവരെ പിന്തുടരുന്നുണ്ട് . സ്പൈറോസ് ഒടുവിൽ തന്റെ മകനെയും എലേനിയെയും അന്വേഷിച്ച് കണ്ടെത്തുന്നുണ്ട് . ഒരു ബിയർ ഹാളിലെ രാഷ്ട്രീയ സംഗമത്തിൽ അവളോടൊപ്പം നൃത്തം ചെയ്യുന്നുണ്ട് . അവൾ ഒരിക്കലും മടങ്ങി വരില്ലെന്ന് അറിയുന്നുണ്ട് . അവരെ വിട്ടു പോയ ശേഷം സ്പൈറോസ് ഹൃദയ സ്തംഭനം മൂലം മരിച്ചു. പിതാവിനെ സംസ്കരിക്കുന്നതിനായി യുവദമ്പതികൾ അവരുടെ ഗ്രാമത്തിലേക്ക് മടങ്ങുന്നു .


ഒരു ചങ്ങാടത്തിൽ ശവസംസ്കാരത്തിനായി തുഴഞ്ഞുപോകുന്നതും നദി നഗരത്തിന് പുറത്തേക്ക് ഒഴുകുന്നതും ഗ്രാമത്തിലെ അഭയാർത്ഥികളെല്ലാം ബോട്ടുകളിൽ പോകുന്നതുമായ ദൃശ്യത്തിൽ ഗ്രീക്ക് ചരിത്രത്തിലേക്കും ഇതിഹാസത്തിലേക്കുമുള്ള അന്തരീക്ഷമുണ്ട് .

ചങ്ങാട യാത്രയ്ക്കും ശവസംസ്കാരത്തിനും ശേഷം, എലേനിയും അലക്സിസും കുടുംബവീടായ ഗ്രാമത്തിലെ വലിയ വീട്ടിലേക്ക് എത്തുന്നു. അവിടെ ഒരു വലിയ മരത്തിൽ സ്പൈറോസിൻറെ ആടുകളെ എല്ലാം കൊന്ന് കഴുത്തറുത്ത് കൊമ്പുകളിൽ തൂങ്ങിയിട്ടിരിക്കുന്ന ഭയാനകമായ കാഴ്ച കാണുന്നു . അവർ ഒളിച്ചോടിപ്പോയതിന് , അങ്ങനെ സ്പൈറോസിനെ അനാദരിച്ചതിന് അവരോടുള്ള ആ ഗ്രാമത്തിന്റെ ക്രൂരപ്രതികരണം !



ഇതിന് മറ്റെന്തെങ്കിലും അവ്യക്തമായ വസ്തുതകളുണ്ടോ? ആഞ്ചലോപൗലോ പലവസ്തുതകളും ഓഫ് സ്ക്രീനിൽ ഗോപ്യമാക്കുന്നുണ്ട് . എല്ലാം വിശദമായി വിവരിക്കേണ്ടതില്ല എന്നൊരു എഡിറ്റിംഗ് മൈൻഡ് സംവിധാന കലയിലുണ്ട് . അവ ഊഹിക്കാവുന്നതേയുള്ളൂ. ചരിത്രസംഭവങ്ങളെക്കുറിച്ച് നമുക്ക് വളരെയധികം അറിയാമെന്നതിനാൽ, കഥാപാത്ര ജീവിത ചിത്രീകരണത്തിൽ ചില കാര്യങ്ങൾ അണ്ടർപ്ലെ ചെയ്യുന്നു . ആ വിടവുകൾ പൂരിപ്പിക്കേണ്ടത് പ്രേക്ഷകനാണ് . ഷോട്ടുകളുടെ വ്യാപ്തിയിലും ദൈർഘ്യത്തിലും പ്രയോഗിക്കുന്ന വ്യത്യാസം കൊണ്ട് അടുപ്പമുള്ളവരെ അകറ്റുന്നു ; ചില പ്രധാന വസ്തുതകൾ ഗോപ്യമാക്കുന്നു .

എലേനി യഥാർത്ഥത്തിൽ ആ വൃദ്ധൻ സ്പൈറോസിന് കീഴടങ്ങിയാണോ ജീവിച്ചത് ? ഗോത്രാചാരങ്ങളിൽ അത് പൊതുവെ കാണാം .ഒരു ഘട്ടത്തിൽ എലേനി സ്പൈറോസിനെ ഉപേക്ഷിക്കുകയായിരുന്നോ ? സ്പൈറോസ് ചിലപ്പോൾ തന്റെ ആത്മഗതത്തിൽ താനും എലേനിയും വിവാഹിതരാണെന്ന് അവകാശപ്പെടുന്നുണ്ട്. എന്നാൽ അത് ശരിയാണോ എന്നത് വ്യക്തമല്ല .



ഇരട്ടക്കുട്ടികളുടെ പിതാവ് സ്പൈറോസ് ആണോ അതോ അവന്റെ മകൻ അലക്സിസാണോ ? ഡാണയുടെയും അവളുടെ സ്ത്രീസുഹൃത്തുക്കളുടെയും പ്രതികരണങ്ങളും വാക്കുകളും സൂചിപ്പിക്കുന്നത് ഇരട്ടക്കുട്ടികളുടെ പിതാവ് വൃദ്ധനോ ചെറുപ്പക്കാരനോ ആകാം എന്നാണ്. അത് വൃദ്ധനായ സ്പൈറോസ് ആണെങ്കിൽ, അയാൾ കൊച്ചുപെൺകുട്ടിയായ എലേനിയെ ബലാത്സംഗം ചെയ്തിട്ടുണ്ടാവാം . തുടർന്ന് ഒരു ബന്ധം സ്ഥാപിച്ചിട്ടുണ്ടാകാം . തന്റെ കൃത്യത്തിന് പ്രായശ്ചിത്തമായിട്ടാവാം എലേനിയെ വിവാഹം കഴിക്കാൻ അയാൾ ആഗ്രഹിച്ചത് .

സ്പൈറോസ് ഹൃദയം പൊട്ടി മരിക്കുന്നത് ഒരു പക്ഷേ എലേനിയും അലക്സിസും മടങ്ങിയെത്തുമ്പോൾ ഉണ്ടാകുന്ന സാഹചര്യം ഓർത്തിട്ടാവാം ... സമൂഹത്തിന്റെയും സമുദായത്തിന്റെയും കുടുംബത്തിൻറെയും നേതൃത്വ - അധികാര ഘടനയെ കുറിച്ച് ചിന്തിക്കാൻ സംവിധായകൻ പ്രേക്ഷകന് ഇടം നല്കുകയാണോ ?

ആഞ്ചലോപൗലോയുടെ സിനിമകളിലെ ദൃശ്യവ്യാകരണം ഒരു കാഴ്ചക്കാരനെ ആകർഷിക്കുന്നു. കാണിക്ക് വേണ്ടത് ശ്രദ്ധ മാത്രമാണ് . ആഞ്ചലോപൗലോ പ്രയോഗിക്കുന്ന ദൃശ്യശക്തി കാഴ്ചക്കാരന് കൂടുതൽ സംവേദനാത്മകതയ്ക്ക് ഇടമൊരുക്കുന്നു . ക്ലോസപ്പുകൾ കൊണ്ടുള്ള കളിയ്ക്ക് പകരം അദ്ദേഹം ദൂരെ നിന്ന് രംഗം അവതരിപ്പിക്കാൻ ഇഷ്ടപ്പെടുന്നു .

എലേനിയോട് ജനാലയ്ക്കരികിൽ നിന്ന് അലക്സിസ് സംസാരിക്കുമ്പോൾ ക്യാമറ ചുവരിലേക്ക് ഉയരുന്നു . അവളെ സ്നേഹിക്കുന്നുവെന്ന് അവന് ഉറപ്പിച്ച് പറയാൻ കഴിയാത്തത് പോലുള്ള സൂചനകൾ അവിടെയുണ്ട് . എല്ലാത്തിനുമുപരി, അവൻ ഒരിക്കലും ഇരട്ടക്കുഞ്ഞുങ്ങളെ മക്കളെ എന്ന് വിളിക്കുന്നില്ല. തിരിച്ച്, അവർ അവനെ ഒരിക്കലും അച്ഛൻ എന്നും വിളിക്കുന്നില്ല. ഇവിടെ പൂഴ്ത്തിവെച്ച ചോദ്യങ്ങൾ ബാക്കിനിൽക്കുകയാണ് .





ഇരട്ടക്കുട്ടികളെ , യാനിസും യോർഗോസും , ദത്തെടുക്കാൻ വിട്ടയച്ചതിന് ശേഷം, എലേനിയും അലക്സിസും അവരെ അന്വേഷിച്ചെത്തുന്നുണ്ട് .സമ്പന്നരെന്ന് തോന്നിക്കുന്ന ദത്ത് മാതാപിതാക്കളിൽ നിന്ന് ആ കുട്ടികളെ വീണ്ടെടുക്കാനും ആഗ്രഹിക്കുന്നു . ആൺകുട്ടികളെ അവരുടെ സുഖകരമായ ജീവിതത്തിൽ നിന്ന് മാറ്റാൻ ആഗ്രഹിക്കുകയും ചെയ്യുന്നു . യുദ്ധത്തിന്റെ നടുവിൽ ജീവിക്കാനോ ?

1936-ൽ, പോപ്പുലർ ഫ്രണ്ടുമായി ചേർന്ന്, സംഗീതജ്ഞർ പരിപാടികൾ നടത്തുന്നുണ്ട് പോപ്പുലർ ഫ്രണ്ട് തകർന്നു. ഫാസിസ്റ്റുകൾ നിയന്ത്രണം ഏറ്റെടുത്തു. വയലിനിസ്റ്റ് നിക്കോസും കൊല്ലപ്പെട്ടു . അമേരിക്കയിൽ പര്യടനം നടത്താനുള്ള മറ്റൊരു ബാൻഡ് നേതാവിന്റെ ഓഫർ അലക്സിസ് സ്വീകരിക്കുന്നു.

തന്റെ മക്കളോടൊപ്പം തനിച്ചായ എലേനി രാഷ്ട്രീയ കാരണങ്ങളാൽ അറസ്റ്റിലാവുകയും യുദ്ധവർഷങ്ങൾ ജയിലിൽ കഴിയുകയും ചെയ്യുന്നു. 1946-ൽ മോചിപ്പിക്കപ്പെട്ട അലക്സിസ് യുഎസ് പൗരത്വം നേടാനും സൈന്യത്തിൽ ചേരാനും ശ്രമിക്കുന്നു . മാർക്കോസ് എന്ന വ്യക്തി നടത്തുന്ന ഒരു സംഗീത കമ്പനിയോടൊപ്പം യാത്ര ചെയ്യാൻ അനുവദിക്കുന്നതിലൂടെ അലക്സിസ് തന്നെ ഉപേക്ഷിക്കുകയാണെന്ന് എലേനി സംശയിക്കുന്നുണ്ട് .അലക്സിസ് വരുന്നതുവരെ അപരിചിതരായ പുരുഷന്മാരുടെ കൂടെ അവൾ നൃത്തം ചെയ്യുന്നു. അവളെ വീട്ടിലേക്ക് കൊണ്ടുപോകാൻ തുടങ്ങുമ്പോൾ അലക്സിസ് അവളെ ഒറ്റിക്കൊടുത്തിട്ടില്ലെന്ന് പറയുന്നുണ്ട് . ഞാൻ നിന്നെ ഒറ്റിക്കൊടുത്തേന്നോ ? അത് അസാധ്യമാണ്! .

എന്നാൽ , അലക്സിസ് യഥാർത്ഥത്തിൽ അവളെ വിട്ട്, അമേരിക്കയിലേക്ക് കപ്പൽ കയറുമ്പോൾ, അവളോടും ആൺകുട്ടികളോടും കണ്ണീരോടെ വിട ചോദിക്കുന്നു. അലക്സിസ് അവളുടെ സ്കാർഫിന്റെ ഒരു അറ്റത്ത് മുറുകെ പിടിക്കുന്നു. അവസാന നിമിഷം അത് എലേനിയുടെ കൈകളിൽ നിന്നഴിഞ്ഞ് കടലിൽ വീഴുന്നു. ഇനിയൊരിക്കലും അവർ പരസ്പരം കാണില്ലെന്ന് പ്രേക്ഷകർക്ക് ബോധ്യപ്പെടുന്ന പ്രതീകാത്മകതയാണത്.

സംഗീതജ്ഞനായ നിക്കോസ് കൊല്ലപ്പെടുന്ന രംഗത്തിൽ, വെടിയുതിർക്കുന്ന ശബ്ദത്തോടൊപ്പം ധാരാളം വെളുത്ത ബെഡ്ഷീറ്റുകൾക്ക് പിന്നിൽ നിന്ന് രക്തം പുരണ്ട നിക്കോസ് ഉയർന്നു വരുന്നത് കാണാം. അവൻ നടക്കാൻ പാടു





പെടുമ്പോൾ അവന്റെ ചോര പുരണ്ട വിരലുകൾ ചില ഷീറ്റുകളിൽ ചെറുതായി സ്പർശിക്കുന്നു. ഓരോ ചുവടുവെയ്പ്പിലും ബെഡ്ഷീറ്റുകളിൽ കൂടുതൽ രക്തം . അവൻറെ മരണവും എലേനിയ്ക്ക് താങ്ങാനാവുന്നില്ല .

പ്രായമായ ഇരട്ടക്കുട്ടികൾ , യാനിസും യോർഗോസും , ഗ്രീക്ക് ആഭ്യന്തരയുദ്ധത്തിൽ ഇരുപക്ഷങ്ങളിൽ നിന്ന് സൈനീകസേവനം ചെയ്യുന്നു. ഇരുവരും എതിർചേരികളിലാണ് . ഇടത് - വലത്പക്ഷ ആഭ്യന്തര യുദ്ധത്തിൽ ഇരട്ടകളിൽ ഒരാളായ യാനിസ് കൊല്ലപ്പെട്ട ഒരു കുന്നിൻ മുകളിലേക്ക് എലേനി കയറുന്നത് കാണുന്നു. ഒരു മൺകൂനയുടെ പിന്നിൽ മറയുന്നു . മങ്ങിയ വെളിച്ചത്തിൽ അവൾ കരയുകയാണ് .


ആഭ്യന്തരയുദ്ധത്തിൽ, യാനിസും യോർഗോസും തമ്മിലുള്ള ആശയവിനിമയത്തിൽ എലേനി ജയിലിലായത് എന്തുകൊണ്ടാണെന്ന് സ്വപ്നഭാഷയിൽ വിശദീകരിക്കുന്നുണ്ട് . അതിൽ എലേനി മരിച്ചുവെന്നും സൂചനയുണ്ട് .എലേനി അവസാന രംഗത്തിൽ കുട്ടികളിലൊന്നിന്റെ , യോർഗോസിന്റെ അഴുകാത്ത ശവശരീരം വീട്ടിൽ കണ്ടെത്തുന്നു. തുടർന്ന് , എലേനി, ജീവിതം പോലെ തന്നെ ശോചനീയമായ മരണാനന്തര ജീവിതത്തിലേക്കുള്ള , അവളുടെ യാത്രയുടെ ഒരു രൂപകമെന്നോണം നദിക്ക് കുറുകെ യാത്ര ചെയ്യുന്നു.

ഇവിടെയൊക്കെയും ദൃശ്യത്തിനുള്ളിലെ ദൃശ്യം പോലെ , കാലത്തിനുള്ളിൽ ഒരു സൂക്ഷ്മകാലം സൃഷ്ടിച്ചുകൊണ്ട്, അഗാധതലത്തിൽ ,സംവിധായകനും പ്രേക്ഷകനും തമ്മിൽ മൂകഭാഷണത്തിന് വഴിയൊരുങ്ങുന്നു. അസാധ്യമായൊരു അപൂർവ്വ മേഖലയാണ് തിയോ ആഞ്ചലോപൗലോ സിനിമയിൽ ആവിഷ്കരിച്ചിട്ടുള്ളത്. ഗുപ്തതലങ്ങളിലേക്ക് പ്രേക്ഷകനെ കൂട്ടിക്കൊണ്ടുപോകുന്നു. രംഗം പുതിയൊരു കാലമായി മാറുകയാണ് ...



**എറ്റേനിറ്റി ആൻഡ് എ ഡേ**

എറ്റേർണിറ്റി ആൻഡ് എ ഡേ എന്ന സിനിമയിലൂടെ ഗ്രീക്ക് ചലച്ചിത്രകാരന്മാരിൽ ഏറ്റവും പ്രശസ്തനായ, മഹാനായ തിയോ ആഞ്ചെലോപൗലോ , സമുന്നതമായ യൂറോപ്യൻ കലാസിനിമയുടെ മികച്ച പാരമ്പര്യങ്ങൾ തുടരുന്ന ഒരു മാസ്റ്റർ സ്റ്റൈലിസ്റ്റായി ഉയരുന്നു. ക്യാമറയുടെ ചലനങ്ങൾ കൊണ്ട് സിനിമയ്ക്ക് നൂതന വ്യാകരണം കാഴ്ച വെയ്ക്കുന്നു . ലോംഗ് ടേക്കുകളും അല്ലെങ്കിൽ സീക്വൻസ് ഷോട്ടുകളും പ്രത്യേകതയാണ് . ഭൂതകാലവും വർത്തമാനവും, മിഥ്യയും യാഥാർത്ഥ്യവും,



രാഷ്ട്രീയ ചരിത്രവും വ്യക്തിഗത അന്വേഷണങ്ങളും എല്ലാം ആഞ്ചലോപൗലോയുടെ സിനിമയെ ഇതിഹാസമാക്കുന്നു. കാൻ ഫിലിം മേളയിൽ പാം ഡി ഓർ പുരസ്കാരം നേടിയ ഈ ചിത്രം ലോകത്തിലെ മികച്ച പ്രേക്ഷകർക്ക് എക്കാലവും പ്രിയങ്കരമാണ് .

മാരകമായ അസുഖത്താൽ മരണത്തിലേക്ക് നീങ്ങുന്ന, പ്രായമായ ഗ്രീക്ക് എഴുത്തുകാരൻ അലക്സാണ്ടറോ ആശുപത്രിയിലേക്കുള്ള അവസാന യാത്ര ആരംഭിക്കുകയാണ്. അതിനു മുൻപായി ഒരു പഴയ കത്ത് വായിക്കുമ്പോൾ, അലക്സാണ്ടർ തന്റെ സാഹിത്യജീവിതം മൂലം അവഗണന അനുഭവിച്ച , മരിച്ചുപോയ, തന്റെ പ്രിയപ്പെട്ട ഭാര്യയെ ഓർക്കുന്നു .

എത്രയൊക്കെ നേട്ടങ്ങളും സമ്പത്തും സന്തോഷവും ഉണ്ടായാലും ജീവിതമെന്നത് ഹൃദയം തുളയ്ക്കുന്ന ഒരുവേദനയാണ്. പ്രണയം , വളർത്തുനായ ,വീട്ടുസഹായി, മകൾ, സ്നേഹിതർ ,സംഗമങ്ങൾ , കടൽക്കരയിലെ വീട് അങ്ങനെ ജനിമൃതിയ്ക്കിടയിലെ , കടങ്കഥയുടെ അതിർത്തിയിൽ,ഓർമ്മയിലെ ജീവിത സൗഭാഗ്യങ്ങൾ ആർദ്രവും ദുഃഖപൂർണ്ണവുമായ ധ്യാനമായി ഈ സിനിമയിൽ തെളിഞ്ഞു മായുന്നു .

സമാനതകളില്ലാത്ത ശൈലിയിലുള്ള ആധ്യാത്മിക കൽപ്പനയിൽ , മരണാസന്ന നായ അലക്സാണ്ടറോ, യഥാർത്ഥ സന്തോഷത്തിന്റെ നഷ്ടപ്പെട്ട നിമിഷങ്ങൾ തിരിച്ചുപ്പിടിക്കാൻ ഒരു അവസാന അവസരം ആഗ്രഹി



ക്കുന്നു. ഉപേക്ഷിക്കപ്പെട്ട , അതിർത്തി കടക്കാൻ ശ്രമിക്കുന്ന, ഒരു അൽബേനിയൻ ആൺകുട്ടിയുമായുള്ള സൗഹൃദത്തിലൂടെ ഒരു ദിവസത്തെ നിത്യതയിലേക്ക് കടക്കുന്നു. ഇങ്ങനെ നിത്യതയും ഒരു ദിവസവും ഏതൊരു അസ്തമയത്തിലും ഉണ്ടായെന്നു വരാം .

ഈ സിനിമ ആരംഭിക്കുന്നത് പരസ്പ രം കാണാത്ത രണ്ട് കുട്ടികൾക്കിടയിൽ കേൾക്കുന്ന ഒരു സംഭാഷണത്തോടെയാണ്. അതിലൊരാൾ - അലക്സാണ്ടറോയുടെ ശബ്ദം ... മുത്തച്ഛൻ പറയുന്നു, കാലമെന്നത് കടൽക്കരയിൽ പകിട കളിക്കുന്ന ഒരു കുട്ടിയാണെന്ന്. !

ഒരു വിസിൽശബ്ദം കേട്ട് ഒരു കുട്ടി (അലക്സാൻഡ്രോസ്) തന്റെ കിടപ്പുമുറിയിലൂടെ പതുങ്ങി നടക്കുന്നു. മെല്ലെ ചെരിപ്പുകൾ ശേഖരിച്ച് ഇടനാഴിയിലേക്കും പടവുകളിലേക്കും ശേഷം പുറത്തേക്കും പോകുന്നു. കടൽത്തീരത്ത് മറ്റു കുട്ടികൾ. വിശാലവും

ശൂന്യവുമായ കടൽത്തീരം . അവർ ഉത്സാഹത്തോടെ തിരകളിലേക്ക് ചാടുന്നു. പെട്ടെന്ന് വെള്ളവും നീന്തലും അകന്നു പോകുന്നു . ആ ബാല്യസ്മരണയിൽ നിന്ന് സിനിമയിലെ വൃദ്ധനായ അലക്സാണ്ടറോയിലെത്തുന്നു . കഥാപാത്രങ്ങൾ, ഭൂതകാലത്തിൽ നിന്ന് കടന്നുവരുന്നു .സംഭവങ്ങൾ സജീവമാകുന്നു . ഓർമ്മയുടെ ചെപ്പിൽ നിന്ന് അവ വർത്തമാനത്തിലെ യാഥാർത്ഥ്യമായിമാറുന്നു . സ്വപ്നസമാനമായ അനുഭവം അലക്സാണ്ടറോയ്ക്ക് ആനന്ദദായകമാണ്.

സ്വപ്നങ്ങൾ, ചിന്തകൾ, ചരിത്രങ്ങൾ, വർത്തമാനകാലം എന്നിവയെ തമ്മിൽ സംവിധായകൻ ബന്ധിപ്പിക്കുന്നത് ഗ്ലൈഡിംഗ് ക്യാമറയിലൂടെയാണ് . ഇതിനെ കുറിച്ച് ആഞ്ചലോ പൗലോസ് തന്നെ പറഞ്ഞിട്ടുണ്ട് : എന്റെ സിനിമയിലെ കഥാപാത്രങ്ങൾക്ക് കാലവും സ്ഥലവും ഇല്ലാത്തതും എന്നാൽ സിനിമയിലെ കാലത്തിലൂടെയും സ്ഥലത്തിലൂടെയും സഞ്ചരിക്കുന്നതുമാണ് . ചിലപ്പോൾ കാലത്തിന്റെ വ്യത്യസ്ത തലങ്ങൾ ഒരൊറ്റ ഷോട്ടിൽ ഒരുമിച്ച് കൊണ്ടുവരുന്നു . സിനിമാറ്റിക് സ്ഥലത്തിന്റെയും കാലത്തിന്റെയും യാഥാർത്ഥ്യം പ്രേക്ഷക കാഴ്ചപ്പാടിനെ ആശ്രയിച്ചിരിക്കുന്നു. സങ്കൽപ്പത്തെ ഭൗതിക ഇടത്തിലേക്ക് കൊണ്ടുവരുന്ന കണ്ണിന്റെ കാവ്യശാസ്ത്രം .

തെസ്സലോണിക്കിയിലെ ചാരനിറത്തിലുള്ള കടൽത്തീര തെരുവിലുള്ള തന്റെ അപ്പാർട്ട്മെന്റ് ഉപേക്ഷിക്കുന്നതിനുമുമ്പ്, അലക്സാണ്ടറോ മ്യൂസിക് പ്ലെയർ ഓണാക്കുന്നു . എലീനി കാരൈൻഡ്രോവിന്റെ നിത്യതയെ കുറിച്ചുള്ള ഗാനം ഏതാനും വരികൾ തുറന്നിട്ട ജാലകത്തിനടുത്തുചെന്ന് കേൾക്കുന്നു .എന്നാൽ പ്ലെയർ ഓഫാക്കുമ്പോൾ അതേ ഗാനം തെരുവിന് കുറുകെയുള്ള തുറന്ന ജാലകത്തിൽ നിന്ന് അയാളിലേക്ക് ഒഴുകിയെത്തുകയാണ്!.നിത്യതയുടെ ഗാനം അയാളെ പിടികൂടുന്നത് പോലെ .

അലക്സാണ്ടറോയുടെ ആത്മഗതത്തിലൂടെ ആ വിചിത്ര പ്രതിഭാസം പ്രേക്ഷകന് വ്യക്തമാവുന്നുണ്ട് : കഴിഞ്ഞ കുറച്ച് മാസങ്ങളായി, ലോക





വുമായുള്ള എന്റെ ഒരേയൊരു സമ്പർക്കം എന്റെ അജ്ഞാതനായ അയൽക്കാരനാണ്. അദ്ദേഹം എല്ലായ്പ്പോഴും ഒരേ സംഗീതം ഉപയോഗിച്ച് എനിക്ക് ഉത്തരം നൽകുന്നു. അവർ ആരാണ്? അവരെങ്ങനെയാണ്? ഒരു പ്രഭാതത്തിൽ, ഞാൻ പോയി അവരെ കാണാൻ ആഗ്രഹിച്ചു. പക്ഷേ പിന്നീട് ഞാൻ എന്റെ മനസ്സ് മാറ്റി. ഒരുപക്ഷേ അവരെ കണ്ടുമുട്ടാതിരിക്കുന്നതാണ് നല്ലത്. പകരം അവരെ സങ്കൽപ്പിക്കുന്നതാണ് നല്ലത്.

ഒരിക്കലും അയൽക്കാരനെ കാണുന്നില്ല. ഈ സംഭവം പുനരവലോകനം ചെയ്യുകയോ പിന്നീട് പരാമർശിക്കുകയോ ചെയ്യുന്നില്ല. എന്നിരുന്നാലും, അതും ഒരു യാഥാർഥ്യമാണെന്ന് അയാൾ വിശ്വസിക്കുന്നു . സ്വീകരണമുറിയിൽ തന്റെ മകളെ കാണുമ്പോൾ, അലക്സാണ്ടറോ മേശയിലെ ഒരു ടൈംപീസ് ശ്രദ്ധിക്കുന്നു. അത് ഒരു ഭൂതകാലത്തെ ഓർമ്മപ്പെടുത്തുകയാണ് . കാലത്തിൻറെ കടന്നുപോക്ക് പ്രകടമാക്കുന്നു. ഒപ്പം നിശ്ശബ്ദമായ, നിത്യമായ വേർപിരിയലിന്റെ സൂചനയും നൽകുന്നു . അലക്സാണ്ടറോ തന്റെ മകൾക്ക് അവളുടെ അമ്മ, അന്ന പണ്ട് എഴുതിയ കത്തുകൾ കാണിക്കുന്നു . മനുഷ്യന്റെ ഊഷ്മളതയ്ക്കും സാന്നിധ്യത്തിനും വേണ്ടി നിലകൊള്ളുന്ന ഭൂതകാലത്തിന്റെ വിലപ്പെട്ട ശേഷിപ്പുകൾ. മകൾ ഒരു കത്ത് ഉറക്കെ വായിക്കുന്നുണ്ട് . മകളുടെ പ്രായത്തിലാണ് അന്ന ആ കത്തെഴുതിയത് . ഒരാൾ അപ്രത്യക്ഷവും മറ്റൊരാൾ പ്രത്യക്ഷവും .കാലം ചാക്രികമായൊരു പ്രതിഭാസം പോലെ കഥാപാത്രത്തിനും പ്രേക്ഷകനും തോന്നുന്നു.

വൃദ്ധനായ അലക്സാൻഡ്രോ ബാൽക്കണിയിലേക്ക് നടക്കുമ്പോൾ, കർട്ടന്റെ ഭാഗത്ത് ഭാര്യ അന്നയെ പുഞ്ചിരിയോടെ കാണുന്നുണ്ട് .സിനിമയിലുടനീളം നിരവധി തവണ അന്നയെ അലക്സാണ്ടറോ ഇങ്ങനെ കണ്ടുമുട്ടുന്നുണ്ട് . കഥാപാത്രത്തിൻറെ കാലത്തിനൊപ്പം മുൻകാല

സംഭവവികാസങ്ങളെക്കുറിച്ചുള്ള യഥാർത്ഥ ഓർമ്മകളിലൂടെ സിനിമയിലെ കാലം ഒഴുകി നടക്കുകയാണ്. ഈ ഒത്തുചേരലാണ് വേദനാത്മകമാകുന്നത്. അലക്സാണ്ടറോ ഒരു എഴുത്തുകാരനാണെന്നും തന്റെ കൃതിയുടെ ഭൂരിഭാഗവും പൂർത്തിയാകാതെ വിട്ട ഒരാളാണെന്നും സൂചനകളുണ്ട് . ഗ്രീസിലെ ദേശീയ കവിഎന്ന് വിളിക്കപ്പെടുന്ന ഡയോനിസിയോസ് സോളോമോസുമായുള്ള ബന്ധത്തെയും പൂർത്തീകരിക്കാൻ പറ്റാതെപോയ ഒരു കൃതിയെ കുറിച്ചും ജീവിതത്തിന്റെ കുറിച്ചും



അതുണ്ടാക്കുന്ന മൂകനൊമ്പരത്തെ കുറിച്ചും സൂചനകളുണ്ട് .

അലക്സാണ്ട്രോസിന്റെയും അനാഥനായ അൽബേനിയൻ കുട്ടിയുടെയും ഒരു രംഗത്തിൽ കവി പ്രത്യക്ഷപ്പെടുന്നു. അവർ കവിയെ ക്കുറിച്ച് സംസാരിക്കുന്നു. ജലവിതാനത്തിന പ്പുറത്ത് , പത്തൊൻപതാം നൂറ്റാണ്ടിലെ രാജകീയ പ്രൗഢിയിൽ ഒരു മനുഷ്യൻ നിൽക്കുന്നതായും തോന്നുന്നു . ദേശീയകവി സോളോമോസിന്റെ ഏറ്റവും പ്രശസ്തമായ കൃതി ഹിം ടു ലിബർട്ടി (1823) ആണ്. ഇത് 1865 -ൽ ഗ്രീസ് ദേശീയ ഗാനമായി സ്വീകരിച്ചിരുന്നു . സോളോമോസിന്റെ പൂർത്തിയാകാത്ത ഇതി ഹാസമായ ദി ഫ്രീ ബീസീഗ്ഡ്ന്റെ പുരോ ഗതിയെക്കുറിച്ച് അലക്സാണ്ടറോയുടെ മകൾ ചോദിക്കുന്നുമുണ്ട് . അത് പൂർത്തിയാക്കാനുള്ള യത്നത്തിലായിരുന്നു അലക്സാണ്ടറോ എന്ന് വ്യക്തം .

ഗ്രീക്ക് ഭാഷയുടെ ഏകീകരണം കൊണ്ടു വരാൻ സോളോമോസ് ദാന്തെയുടേത് പോലുള്ള ആശയം ഉള്ളവനായിരുന്നു . അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ഭാഷ സ്വാതന്ത്ര്യമാണ്.





ദാന്തെ ഇറ്റാലിയൻ ഭാഷയിൽ ചെയ്തതുപോലെ, തൻറെ എല്ലാ കവിതകളും ഗ്രീക്ക് രൂപത്തിൽ തന്നെ എഴുതാൻ സോളോമോസ് ശ്രമിച്ചു. അക്കാ ലത്ത് സാധാരണക്കാരുടെ ഭാഷയിൽ എഴുതുന്ന ത് പരിഗണിക്കപ്പെട്ടിരുന്നില്ല.

അലക്സാണ്ടറോ ആദ്യമായി അൽബേനി യൻ പയ്യനെ കണ്ടുമുട്ടുമ്പോൾ, അവൻ കാറിന്റെ വിൻഡ് ഷീൽഡ് തുടയ്ക്കുകയും അതിർത്തി യിലേക്ക് ഒരു രക്ഷപെടൽ പ്രതീക്ഷിക്കു കയും ചെയ്യുന്നവനായിരുന്നു . അവൻ മനുഷ്യക്കടത്ത് സംഘത്തിൽപ്പെട്ട് ഗ്രീസിൽ എത്തപ്പെട്ടതാണ് . അനധികൃത തൊഴിലാളി കളെ പിടികൂടാൻ പോലീസ് എത്തുമ്പോൾ , അലക്സാണ്ടറോ അവനോട് കാറിൽ കയറാൻ പറയുന്നു. ഹൈവേയ്ക്കരികിലെ വിജനമായ സ്ഥലത്തെത്തിക്കുന്നു .

ആ കുട്ടിയുടെ ഭാവി സംരക്ഷിക്കാനുള്ള ദൗത്യത്തിലൂടെ അലക്സാണ്ടറോ തന്റെ സ്വാത ന്ത്ര്യം പുനഃസ്ഥാപിക്കുകയാണ് . ഒരു ദിവസ ത്തേക്ക് മാത്രം . ഒരിക്കലും പൂർത്തിയാകാത്ത ജോലിയിലാണ് എല്ലാ ജീവിതവും . അവസാനം വരെ കാലം ചുറ്റിപ്പറ്റി കടന്നുപോകുക യും ചെയ്യുന്നു . മരണത്തെ അതിജീവിക്കാൻ അനുവദിക്കുന്ന ഒരു പാലം കണ്ടെത്താൻ

ഫിലിം വിഷൻ
Theo Angelo Poulose Film Festival
PUBLISHED BY FILCA FILM SOCIETY
KSFDC
കേരള ഭാഗ്യക്കുറി



അലക്സാണ്ടറോ പ്രതീക്ഷിക്കുകയാണ് . ആ പാലം ഒരാളെ ജീവനോടെ നിലനിർത്തുന്ന വാക്കുകളാണെന്ന് അയാൾ വിശ്വസിക്കുന്നു. ആ അൽബേനിയൻ ബാലന് വിശ്വാസം പകരുകയാണ് അയാൾ . ആ ബാലൻ അതിർത്തി കടന്ന് സ്വദേശത്ത് എത്തിയാലും ഇല്ലെങ്കിലും ...

നമ്മെ വലയം ചെയ്യുന്ന രണ്ട് അതിരുകൾക്കിടയിലുള്ളത് ജീവിതവും മരണവുമാണെന്ന് ആഞ്ചലോപൗലോ ചൂണ്ടിക്കാണിക്കുന്നു.

അലക്സാണ്ടറോ ഒടുവിൽ അൽബേനിയൻ പയ്യനോട് യാത്ര പറയുകയും അവനെ ഒരു ബോട്ടിൽ അയയ്ക്കുകയും ചെയ്യുമ്പോൾ, സമാധാനപരമായി ഈ ലോകം വിടാനുള്ള വൈകാരിക ദൃഢനിശ്ചയം അയാൾക്ക് അനുഭവപ്പെടുന്നതായി പ്രേക്ഷകന് തോന്നുന്നു. ആ ബാലൻ കടക്കുന്ന ഭൗതിക അതിർത്തി അലക്സാണ്ടറോയ്ക്ക് രൂപകമായ ഒന്നാണ് .അതിർത്തി കടക്കുമ്പോഴുള്ള സ്വാതന്ത്ര്യം അയാൾ അനുഭവിക്കുന്നു.

ആഞ്ചലോപൗലോ ഒരിക്കൽ പറഞ്ഞു : എന്റെ സിനിമയിൽ കാലമാണ് പ്രധാന പ്രമേയം. എന്താണ് സമയം?കടൽത്തീരത്ത് ഒരു കൊച്ചു കുട്ടി കല്ലുപെറുക്കി കളിക്കുന്ന സമയമാണത് . ജനിമൃതിയ്ക്കിടയിലെ കടങ്കഥയിൽ, മായാത്ത സ്നേഹത്തിന്റെയും സന്തോഷത്തിന്റെയും സന്ദർഭങ്ങളുടെ ഓർമ്മകളിൽ, ഹൃദയം തുളയ്ക്കുന്ന സംഗീതമുണ്ട് . ആ നിമിഷങ്ങൾ മാത്രമാണ് ആ കടങ്കഥയ്ക്ക് അർത്ഥം പകരുന്നത് . ദി ട്രാവലിംഗ് പ്ലെയേഴ്സ് , വീപ്പിങ് മെഡോ , എറ്റെർനിറ്റി ആൻഡ് എ ഡേ എന്നീ സിനിമകൾ കലാപരമായി ഓർമ്മിപ്പിക്കുന്നത് തിയോ ആഞ്ചലോ പൗലോയുടെ നൂതനമായ കണ്ണിന്റെ കാവ്യശാസ്ത്രമാണ് . ഇവയെ ലോക സിനിമയിലെ ഗ്രീക്ക് സിനിമാ ഇതിഹാസങ്ങൾ എന്ന് തന്നെ വിശേഷിപ്പിക്കാം .





ഫിലിം വിഷൻ

Theo Angelo Poulose Film Festival

PUBLISHED BY FILCA FILM SOCIETY


KSFDC കേരള ഭാഗ്യക്കുറി

FILM VISION MONTHLY MARCH 2024 RS. 2/ RNI-KER BIL/2002/8043


| Membership | | |
| --- | --- | --- |
| Annual | : | 500/ |
| Students | : | 150/ |
| Life (10 Years) | : | 3000/ |

Payment to:
Name : FILCA
A/C 5700 118 1947
State Bank of India
Branch : Poojappura
IFSC SBIN 0070032

Reg No. T-1665/1999
www.filca.in
E-mail: filcakerala@gmail.com
Ph. 80890 36090




വിശ്വ ചലച്ചിത്രകാരൻ ആന്ദ്രേ താർകോവ്സ്കിയുടെ
സ്റ്റോക്കർ എന്ന സിനിമയുടെ ദൃശ്യ
സാഹിത്യാവിഷ്കാരം. ഇന്ത്യൻ ഭാഷയിൽ, ആദ്യമായി മലയാളത്തിൽ.
വില: ~~₹ 200~~ ₹150




13th EDITION
സത്യജിത് റായ് യുടെ
പഥേർ പാഞ്ജലി
തിരക്കഥ ആവിഷ്കാരം: സാബു ശങ്കർ

മലയാളത്തിൽ ഏറ്റവും കൂടുതൽ
പതിപ്പുകളുള്ള ചലച്ചിത്ര ഗ്രന്ഥം

മുഖവില ₹ 290. അംഗങ്ങൾക്ക് ₹ 200

Buy Online from www.peerbey.com

PeerBey.com Shop Online

| | | |
| --- | --- | --- |
| Chief Editor | - | Dr. B. Radhakrishnan. |
| Associate Editors | - | Jyothishkumar, Girija Surendran. |
| Design | - | Shaji CAD |
| Circulation | - | Vinodkumar P. |
| Editor and Publisher | - | Sabu Sankar , General Secretary, FILCA, PB 2224. Trivandrum -10. Kerala. |